# യൂണിറ്റ് മൂന്ന്
# ആർപ്പോ ഇർറോ

### തീം: വിനോദങ്ങൾ

## ആമുഖം

വിനോദങ്ങൾ എന്ന തീമിനെ അടിസ്ഥാനമാക്കിയാണ് ആർപ്പോ ഇർറോ എന്ന യൂണിറ്റ് . വിനോദങ്ങൾ ഓരോ പ്രദേശത്തും വ്യത്യസ്തമാണ്. പ്രായഭേദമന്യേ എല്ലാവരും വിനോദങ്ങൾ ഇഷ്ടപ്പെടുന്നു. സാംസ്കാരികവൈവിധ്യത്തെ ഉയർത്തിപ്പിടിക്കുന്ന പാഠമാണിത്. തീമിനെ ആസ്പദമാക്കിയുള്ള ഒരൊറ്റ കഥയിൽ കോർത്തിടുന്ന രീതിയിലല്ല ഇവിടെ ഉദ്ഗ്രഥനം. തീമുമായി ബന്ധപ്പെട്ട അഞ്ച് ചെറുപാഠങ്ങളാണ് ഉള്ളത്. തുടർന്നുള്ള പാഠങ്ങളിലും ഒന്നിലധികം ചെറുപാഠങ്ങൾ വരും. യാന്ത്രികമായി അവ കൂട്ടിക്കെട്ടുന്നില്ല. ഈ അധ്യായത്തിൽ പഠനലക്ഷ്യങ്ങൾ അതത് പ്രവർത്തനങ്ങൾക്കൊപ്പമാണ് നൽകിയിരിക്കുന്നത്. അങ്ങനെ നൽകുമ്പോൾ പരിസരപഠനത്തിന്റെ പഠനലക്ഷ്യങ്ങളും രൂപീകരിക്കേണ്ട ആശയവും പ്രക്രിയാശേഷികളും മനോഭാവവും അവിടെ കൊടുത്തിട്ടുണ്ട്. സംയുക്തഡയറിയെഴുത്ത് ആരംഭിക്കുന്നത് ഈ അധ്യായത്തോടൊപ്പമാണ് അതിനാൽ സംയുക്തഡയറിയെക്കുറിച്ചുള്ള വിശദാംശങ്ങളും തുടക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വതന്ത്രവായനപാഠങ്ങളുടെ മാതൃകകൾ അനുബന്ധമായി നൽകിയിട്ടുണ്ട്.

## അക്ഷരങ്ങളും ചിഹ്നങ്ങളും

ഒന്നാം ക്ലാസിലെത്തുന്ന കുട്ടി ആദ്യപാഠങ്ങളിൽ പരിചയപ്പെടുന്ന എല്ലാ അക്ഷരങ്ങളും അപ്പോൾത്തന്നെ സ്വായത്തമാക്കണമെന്നില്ല. പുതിയ സന്ദർഭങ്ങളിൽ,പുതിയവാക്യങ്ങളിൽ, പുതിയചേരുവകളിൽ, വാക്കിലെ വ്യത്യസ്തസ്ഥാനങ്ങളിൽ തുടർച്ചയായി ബോധപൂർവം അക്ഷരങ്ങൾക്ക് പുനരനുഭവങ്ങൾ ഒരുക്കേണ്ടതുണ്ട്. മുൻ പാഠങ്ങളിൽ വന്നതും ഈ പാഠത്തിൽ പുനരനുഭവമുള്ളതുമായ അക്ഷരങ്ങളും അവ ചേർന്ന വാക്കുകളും അധ്യാപകർ അറിഞ്ഞിരിക്കണം. പിന്തുണആവശ്യമുള്ള കുട്ടികൾക്ക് ഈ അക്ഷര പുനരനുഭവ സന്ദർഭങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകണം. തെളിവെടുക്കുന്നതിന് മുൻപാഠങ്ങളും ഉപയോഗിക്കണം. ഒന്ന്, രണ്ട് യൂണിറ്റുകളിൽ അവതരിപ്പിച്ച അക്ഷരങ്ങളുടെ പുനരനുഭവം മൂന്നാം യൂണിറ്റിൽ ഒരുക്കിയിട്ടുണ്ട്.ചെറുപാഠങ്ങൾ പുനരനുഭദൗത്യവും നിറവേറ്റുന്നുണ്ട്.

ഒന്ന്, രണ്ട് യൂണിറ്റുകളിൽ അവതരിപ്പിച്ച അക്ഷരങ്ങളുടെ പുനരനുഭവം മൂന്നാം യൂണിറ്റിൽ

| യൂണിറ്റ് ഒന്ന് | യൂണിറ്റ് രണ്ട് |
|---|---|
| **1.** പ -പൊതീം, പടീം, പോയി 2, പട്ടം 17, പറന്നു 3, പൂമല, പൂമരം, പുഴ, പറയാമോ 2, പേരുകൾ 2, പറയാമേ 4, പാവ കളിയ്ക്കൽ, പാടിക്കളി, പിന്നെ, പുന്നാരേ, പന്ത് 4, പാവ, പമ്പരം, പറഞ്ഞോളൂ, പീപ്പി, പാടി | **1.** ര -ഓടി വരൂ, പാടിവരൂ, കൂടെ വരൂ, പൂമരം, പേരുകൾ 2, പുന്നാരേ, ഓല കൊണ്ടൊരു 2, വരൂ 3, കുരുങ്ങിക്കുരുങ്ങി 4, പേരുകൾ |
| **2.** ട -ഓടിവരൂ, പാടിവരും, കൂടെ 2, അടേം 2, പടി, വീട് 2, കാട്, ഓടിക്കളി, പാടിക്കളി, ചാടിക്കളി, ഓടി, പാടി, പടീം 2, തുടർന്ന്, ഒരിടത്ത് | **2.** അ- അപ്പോം 2, അടേം 2, അതിലേ, അറിയാമോ 2, അറിയാമേ 2, അടുത്ത |
| **3.** റ -ഇർറോ 8, വേറെ, പറന്നു 3, അറിയാമോ, പറയാമോ 2, പറയാമേ, പറഞ്ഞോളൂ | **3.** ഒ -ഒരാൾ, ഒരു, ഒളിപ്പിക്കണം, ഒളിപ്പിച്ച |
| **4.** വ -വരൂ, കൂടെ വരൂ 2, പാടി വരൂ, വണ്ടി, വീട്, വേണോ 3, വഴി, വാലുള്ള, വിറവിറച്ചു, വീണു 2, വാലിൽ, വായിക്കാം, നേതാവ്, വച്ചാൽ, വച്ചൂലി, നേതാവാകും | **4.** ആ -ആർപ്പോ 9, ആര്, ആന |
| **5.** ക -കൂടെ വരൂ, കൂട്ടരേ, കളിയരങ്ങ് 2, കെട്ടി 2, കിളികിളി 2, കിക്കിളി 2, കളിപ്പാട്ടുകൾ, കണ്ടു 15, കളിയുടെ, തൊട്ടുകളിക്കൽ, കളിയാണേ, കളിപ്പാട്ടങ്ങൾ, കൊച്ചു കളിപ്പാട്ടം, കൊണ്ടൊരു, കാട്, തലകുത്തി 2, കുരുങ്ങി 4, കളിക്കാം, നേതാവാകാം, കുത്തൂലി, കടന്ന് | **5.** ഴ -പുഴ 2, വഴി 2 |
| **6.** ൾ -കളിപ്പാട്ടുകൾ, പേരുകൾ 3, ആൾ | **6.** ച -ചുട്ട് 4, ചാടിക്കളി, ചേലുള്ള 2 |
| **7.** ത -പൊതീം 2, അതിലേ 2, ഇതിലേ 2, തത്ത, തലകുത്തി 2, നേതാവാകണം, നേതാവ് 3 | **7.** ന്ന -പറന്നു 5, പുന്നാരേ, വന്നാലും, വന്നു |
| | **8.** മ -മാനത്ത് 2, പൂമല 2, പൂമരം 2, അറിയാമോ, പറയാമോ, അറിയാമേ, പറയാമേ, മരമേ, മാനത്ത്, മേലാകെ, മോങ്ങി, മൂടിവെച്ചാൽ, മൂടൂലി |
| | **9.** ച്ച -കൊച്ചു കളിപ്പാട്ടം, കുരച്ചു, പേടിച്ചു |
| | **10.** ൻ -തേൻ, മീൻ |
| | **11.** ഞ -ഞെട്ടി, ഞണ്ട് |

| | |
|---|---|
| ജൂൺ | പറവകൾ പാറി |
| ജൂലൈ | പൂവ് ചിരിച്ചു, ആർപ്പോ ഇർറോ |
| ആഗസ്റ്റ് | ആർപ്പോ ഇർറോ , പിറന്നാൾ സമ്മാനം,മണ്ണിലും മരത്തിലും |
| സെപ്റ്റംബർ | മണ്ണിലും മരത്തിലും |
| ഒക്ടോബർ | പിന്നേം പിന്നേം ചെറുതായി പാലപ്പം, തിളങ്ങുന്ന കൂട്ടുകാർ |
| നവംബർ | പെയ്യട്ടങ്ങനെ പെയ്യട്ടെ, ആഹാ എന്ത് സ്വാദ് |
| ഡിസംബർ | വീട് കെട്ടണം ടിയാ ടിയാ, പച്ചക്കറി തോണി |
| ജനുവരി | പോം പോം വണ്ടി, തുമ്പി വിമാനം, ആരുടെ കുപ്പായം |
| ഫിബ്രുവരി | ഒത്തുപിടിച്ചാൽ, അദ്‌ഭുത പൂത്തിരി |
| മാർച്ച് | ബലൂണുകളുടെ ഉത്സവം |

| | |
|---|---|
| **12.** ല -ഇലേം 2, അതിലേ2, ഇതിലേ 2, പൂമല 2, ഓല 2, ഓലപ്പീപ്പി, ഓലപ്പന്ത്, ചേലുള്ള, വാലുള്ള, നൂലുള്ള, നൂല് 2, തലകുത്തി 2, വാലിൽ, കാലിൽ, മേലാകെ, ഇട്ടൂലി, മൂടൂലി, ഇട്ടൂലിക്കളി<br>**13.** ന- മാനത്ത് 3, ആന, നൂലുള്ള, നൂല് 2, നേതാവാക ണം, നേതാവ് 2, നേതാവാകും | **14.** ഇ -ഇർറോ 12, ഇട്ടൂലി 2, ഇല, ഇടത്തേക്ക്, ഇലേം, ഇതിലേ<br>**15.** ക്ക- കാക്ക, നോക്കി, ചാടിക്കളി, പാടിക്കളി ആടിക്കളി, കളിക്കൽ, കിക്കിളി, |

മൂന്നാം യൂണിറ്റ് തയ്യാറാക്കിയിട്ടുള്ളത് ഓ, യ, ള, ണ, ത്ത, ട്ട. ണ്ട, ങ്ങ, ള്ള, പ്പ,ഞ്ഞ, ന്ത, മ്പ, ർ, ൽ എന്നീ അക്ഷരങ്ങൾക്കും ഓ. ഒ എന്നീ സ്വരങ്ങളുടെ ചിഹ്നങ്ങൾക്കും ഊന്നൽ. അഞ്ച് ചെറുപാഠങ്ങളാണ് ഈ യൂണിറ്റിൽ ഉള്ളത് എന്ന് ആമുഖത്തിൽ പരാമർശിച്ചുവല്ലോ. അവതരണക്രമം കണക്കിലെടുത്ത് ഓരോ ചെറുപാഠത്തിലും വരുന്ന അക്ഷരങ്ങൾ ചേർന്ന വാക്കുകളും യൂണിറ്റിനുള്ളിലെ പുനരനുഭവങ്ങളുമാണ് ചുവടെ നൽകുന്നത്.

| **ചെറുപാഠം** | **പരിചയപ്പെടുത്തുന്ന അക്ഷരങ്ങളും അവ ചേർന്ന വാക്കുകളും** | **ഊന്നൽ നൽകിയ അക്ഷരങ്ങൾക്ക് യൂണിറ്റിലെ ചെ റുപാഠങ്ങളിൽ പുനരനുഭവങ്ങളുള്ള വാക്കുകൾ** |
|---|---|---|
| "ആർപ്പോ ഇർറോ വിനിമയദിനങ്ങൾ- 1" | "ർ - ഇർറോ, ആർപ്പോ<br>ഓ- ഓടിവരൂ<br>പ്പ- ആർപ്പോ<br>ട്ട- കൂട്ടരേ" | മുൻ യൂണിറ്റിലെ ഇ, റ, ആ, ട, വ, ര, പ, ക എന്നീ അക്ഷരങ്ങളുടെയും ആ, ഇ, ഊ, എ, ഏ, ഓ എന്നീ സ്വരങ്ങളുടെ ചിഹ്നങ്ങളുടെയും പുനരനുഭവം |
| "അപ്പോം ചുട്ട് (കളിയ രങ്ങ്) വിനിമയദിനങ്ങൾ- 2" | "ള- കിളി കിളി കിക്കിളി<br>യ- പോയ്" | "ട്ട- ചുട്ട്, വാട്ടി, കെട്ടി,<br>പ്പ- അപ്പോം.<br>ചിഹ്നം (ോ)- പോയ്, അപ്പോം," |
| "മാനത്ത് പട്ടം വിനിമയദിനങ്ങൾ- 8" | "ൽ- കാലിൽ, വാലിൽ,<br>ണ- വീണു<br>ള്ള- ചേലുള്ള, നൂലുള്ള, വാലുള്ള<br>ണ്ട- വണ്ടി, കണ്ടു<br>ങ്ങ- കുരുങ്ങി, മോങ്ങി<br>ത്ത- മാനത്ത്, തത്ത, തലകുത്തി," | "ട്ട- പട്ടി, പൊട്ടി, ഞെട്ടി, പട്ടം<br>ഓ- ഓടി<br>ചിഹ്നം (ൊ)- പൊട്ടി<br>ചിഹ്നം (ോ)- മോ, മോങ്ങി, നോക്കി," |
| "അറിയാമോ പറയാമോ (കളിയരങ്ങ്) വിനിമയദിനങ്ങൾ-2" | "അക്ഷരങ്ങളുടെ പുനര നുഭവം,<br>പുതിയ അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നില്ല." | "ഓ- ഓടിക്കളി<br>ള- ഓടിക്കളി, ചാടിക്കളി, തൊട്ടുകളിക്കൽ, കളിയാണേ, പാവകളിക്കൽ, പാടിക്കളി, കളിയുട്, കളിയരങ്ങ്<br>യ- അറിയാമോ, പറയാമോ, കളിയുടെ, കളിയാണേ, പറയാമേ, ഓടിക്കളിയും<br>ണ- കളിയാണേ,<br>ചിഹ്നം (ോ)- പറയാമോ, അറിയാമോ<br>ചിഹ്നം (ൊ)- തൊട്ടുകളിക്കൽ" |
| "ഇട്ടൂലിക്കളി വിനിമയദിനങ്ങൾ-1" | "അക്ഷരങ്ങളുടെ പുനര നുഭവം,<br>പുതിയ അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നില്ല." | "ട്ട- ഇട്ടൂലിക്കളി, ഇട്ടാൽ,<br>ണ- നേതാവാകണം, പറയണം<br>പ്പ- ഒളിപ്പിക്കണം, ഒളിപ്പിച്ച<br>ർ- തുടർന്ന്, ചേർത്ത്<br>ള- വിളിച്ച്, ഒളിപ്പിക്കണം, ഒളിപ്പിച്ച, ആളുടെ, ഇട്ടൂലി ക്കളി<br>യ- പറയണം, പറയും, ഇലയിലോ, തുണിയിലോ<br>ൽ- വച്ചാൽ, ഇട്ടാൽ, മൂടിവെച്ചാൽ, തണൽ<br>ത്ത- കുത്തിവെച്ചാൽ,ഒരിടത്ത്, ഇടത്തേക്ക്, അടുത്ത, ചേർത്ത്<br>ണ്ട- കണ്ടെത്തുന്ന, കണ്ടേ<br>ചിഹ്നം (ോ)- തുണിയിലോ ഇലയിലോ" |

| | | |
|---|---|---|
| "മരമേ മരമേ പുന്നാരേ ( കളിപ്പാട്ടങ്ങൾ വേണോ) വിനിമയദിനങ്ങൾ- 1" | "ന്ത- പന്ത്, ഓലപ്പന്ത്, മ്പ- പമ്പരം, ഓലപ്പാമ്പ് ഞ്ഞ- പറഞ്ഞോളൂ, കുഞ്ഞുപന്ത്, പാഞ്ഞുപോയി, ചതഞ്ഞു, കഞ്ഞിയും കറിയും" | "ട്ട- കളിപ്പാട്ടം, കളിപ്പാട്ടങ്ങൾ<br>പ്പ- കളിപ്പാട്ടം, ഓലപ്പീപ്പി, ഓലപ്പന്ത്, ഓലപ്പാമ്പ്, പീപ്പി<br>ഓ- ഓല, ഓലപ്പീപ്പി, ഓലപ്പന്ത്, ഓലപ്പാമ്പ്<br>ള- കളിപ്പാട്ടം, പറഞ്ഞോളൂ,<br>ണ്ട- ഓലകൊണ്ടൊരു<br>ണ- വേണോ, വേണം<br>ചിഹ്നം (ോ)- തരുമോഷ വേണോ, പറഞ്ഞോളൂ<br>ചിഹ്നം (ൊ)- കൊച്ചുകളിപ്പാട്ടം, കൊണ്ടൊരു" |

**എഴുത്തിൽ ശ്രദ്ധ വേണ്ട അക്ഷരങ്ങൾ**

- ട്ട, ണ്ട, ങ്ങ, യ, ഞ്ഞ എന്നിവ എഴുതുന്ന രീതി പരിചയപ്പെടുത്തണം.
- യ  എഴുതുമ്പോൾ കുട്ടികൾക്ക് ആശയക്കുഴപ്പം ഉണ്ടാകാം. യ യുടെ തുടക്കം, പരസ്പരം ചേരുന്ന ബിന്ദുക്കൾ ഇവ ശ്രദ്ധിക്കണം.
- ള, ള്ള, ഞ, ണ്ട, ഞ്ഞ എന്നിവയുടെ തുടക്കബിന്ദുവും ഘടികാര ദിശയും
- ള യുടെ അടിഭാഗം മറ്റക്ഷരങ്ങളുടെ ചുവട് നിലയിൽ നിന്നും താഴെ എന്ന ധാരണ
- വാക്കകലവും വരിയകലവും പാലിക്കാൻ സഹായിക്കണം.

**സമയാസൂത്രണം –**

- എല്ലാ ദിവസവും രാവിലെ ഭാഷണത്തിന് അവസരം ഒരുക്കണം. (കഥാവേള)
- ഈ യൂണിറ്റ് ആരംഭിക്കുമ്പോഴാണ് സംയുക്തഡയറിയും തുടങ്ങേണ്ടത്. സംയുക്തഡയറിയിലെ വിശേഷങ്ങൾ പങ്കിടാനും തെരഞ്ഞെടുത്ത ഒരു ഡയറി വായിച്ചുകേൾപ്പിക്കാനും അഞ്ച് മിനുട്ട് ഉപയോഗിക്കണം. ഇതിനുള്ള സമയം ഏതു പിരീഡിലും കണ്ടെത്താം.
- കൂടുതൽ വ്യക്തിഗതശ്രദ്ധ ആവശ്യമുള്ളവർക്കായി നീക്കിവെക്കുന്ന സവിശേഷ സഹായസമയത്ത് മറ്റ് കുട്ടികൾക്ക് വര, വായന, നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നൽകണം.
- മലായാളത്തിന് നാല്പത് മിനുട്ടും, പരിസരപഠനത്തിന് 35 മിനുട്ടും പ്രവൃത്തിപരിചയം , കലാവിദ്യാഭ്യാസം, കായിക വിദ്യാഭ്യാസം എന്നിവയ്ക്ക് 30 മിനുട്ട് വീതവുമുള്ള പിരീഡുകളെന്ന രീതിയിലാണ് സമയം വിന്യാസം. ഉദ്ഗ്രഥിത രീതിയായതിനാൽ സമയാതിർവരമ്പ് വഴക്കമുള്ളതായിരിക്കും.
- ക്ലാസ് പി ടി എ നടത്തുന്നതിനുള്ള സമയവും യൂണിറ്റ് വിനിമയത്തിന്റെ ഭാഗമാണ്.

| ദിവസം | ഭാഷ | പരിസരപഠനം | പ്രവൃത്തി പരിചയം | കലാ വിദ്യാഭ്യാസം | കായിക വിദ്യാഭ്യാസം |
|---|---|---|---|---|---|
| 1 | ആർപ്പോ ഇർറോ (എഴുത്ത് 35 മിനുട്ട്, വായന35 മിനുട്ട്,എഡിറ്റിംഗ് 10 മിനുട്ട്) | | "പാവയെ നിർമ്മിക്കാം 30 മിനുട്ട്" | "പാവനാടകം 30 മിനുട്ട്" | പുതുകളികൾ (ആവോ മീനോ പോലെ) 30 മിനുട്ട് |
| 2 | അപ്പോം ചുട്ട് (എഴുത്ത് 35 മിനുട്ട്, | "അപ്പോം ചുട്ട് (EVS) 35 മിനുട്ട്" | | "മൈമിംഗ് 30 മിനുട്ട്" | "എലിയും പൂച്ചയും 30 മിനുട്ട്" |
| 3 | "അപ്പോം ചുട്ട് (വായന 35 മിനുട്ട്) എഡിറ്റിംഗ്   10 മിനുട്ട്)" | ചിത്രത്തിലെ കളികൾ (വാചിക വിവരണം) 35 മിനുട്ട് | | | "അനുകരണ ക്കളി 30 മിനുട്ട്" |
| 4 | മാനത്ത് പട്ടം -(എഴുത്ത് 40 മിനുട്ട്) | "കളിനിയമങ്ങളും കളിയും 35 മിനുട്ട്" | "പട്ടം നിർമാണം 30 മിനുട്ട്" | "പട്ടം അഭിനയം 30 മിനുട്ട്" | "പന്തെടുക്കൽ 30 മിനുട്ട്" |
| 5 | "മാനത്ത് പട്ടം (വായന 40 മിനുട്ട്, എഡിറ്റിംഗ്10 മിനുട്ട്)" | | സവിശേഷ സഹായസമയം | | |

| | | | | | |
|---|---|---|---|---|---|
| 6 | "പൂമരം കണ്ടു (എഴുത്ത് 35 മിനുട്ട്, വായന 35 മിനുട്ട്, എഡിറ്റിംഗ്10 മിനുട്ട്)" | | "കൊളാഷ് നിർമാണം (പൂമരം) 30 മിനുട്ട്" | പാട്ടരങ്ങ് 30 മിനുട്ട് | |
| 7 | "ചേലുള്ള പട്ടം (എഴുത്ത് 35 മിനുട്ട്, വായന 35 മിനുട്ട്, എഡിറ്റിംഗ് 10 മിനുട്ട്)" | | "തത്ത നി ർമ്മാണം 30 മിനുട്ട്" | | |
| 8 | "പട്ടിയും പട്ടവും( എഴുത്ത് 35 മിനുട്ട്, വായന 35 മിനുട്ട്,, എഡിറ്റിംഗ്-10 മിനുട്ട്)" | | | | "അനുകരണപ്ര വർത്തനം 30 മിനുട്ട്" |
| 9 | "പട്ടം വീണു (എഴുത്ത് 35 മിനുട്ട്, വായന 35 മിനുട്ട്, എഡിറ്റിംഗ് 10 മിനുട്ട്)" | | പട്ടത്തിന്റെ മുഖഭാവം (ചിത്രം വര) 30 മിനുട്ട് | | |
| 10 | സവിശേഷ സഹായസ മയം | | | | റൊട്ടേഷൻ എക്സർസൈ സ് 30 മിനുട്ട് |
| 11 | "കുരുങ്ങിയ പട്ടി (എഴുത്ത്35മിനുട്ട്,വാ യന35 മിനുട്ട്, എഡിറ്റിംഗ് 10 മിനുട്ട്)" | | | കഥയും അഭിന യവും 30 മിനുട്ട് | |
| 12 | "കഥ പറയാം 35 മിനുട്ട് അറിയാമോ പറയാമോ ചോദ്യോത്തരപ്പാട്ട് 45 മിനുട്ട്" | | | ചോദ്യോത്തര പ്പാട്ട് | "കങ്കാരു ഓട്ടം 30 മിനുട്ട്" |
| 13 | "അറിയാമോ പറയാമോ (എഴുത്ത് 35 മിനുട്ട്, വായന 35 മിനുട്ട്, എഡിറ്റിംഗ് 10 മിനുട്ട്)" | | | പാട്ടരങ്ങ് 30 മിനുട്ട് | |
| 14 | "ഇട്ടൂലിക്കളി (വായന40 മിനുട്ട്)" | ഇട്ടൂലിക്കളി 35 മിനുട്ട് | | | ഇട്ടൂലിക്കളി |
| 15 | കളിപ്പാട്ട നിർമ്മാണ ശി ല്പശാല (പരിസരപഠനം, പ്രവൃത്തിപരിചയം) രണ്ട് മണിക്കൂർ | | | | ക്ലാസ് പി ടി എ |
| 16 | "കളിപ്പാട്ടങ്ങൾ വേണോ? പാടാം പൂരിപ്പിക്കാം, (എഴുത്ത് 40 മിനുട്ട്, വായന 40 മിനുട്ട്)" | സവിശേഷ സഹായസമയം | | "ചിത്രംവര ( കളികൾ) 30 മിനുട്ട്" | |

**പ്രവർത്തനങ്ങൾ**

| |
|---|
| **പ്രവർത്തനത്തിന്റെ പേര് -** സംയുക്ത ഡയറി |
| **പഠനലക്ഷ്യങ്ങൾ.**<br>ഓരോ ദിവസത്തെയും മനസ്സിൽ തങ്ങിയ അനുഭവങ്ങളുമായി ബന്ധപ്പെട്ട പ്രധാനകാര്യങ്ങൾ ചെറുവാക്യങ്ങളിൽ ചിത്രീകരണസഹിതം സഹായത്തോടെ ഡയറിരൂപത്തിൽ രേഖപ്പെടുത്തുന്നു,( സംയുക്ത ഡയറി). |
| **പ്രതീക്ഷിത സമയം -** എല്ലാ ദിവസവും വീട്ടിൽ വെച്ച് എഴുതേണ്ടത്, ക്ലാസിൽ പങ്കിടാനായി അഞ്ച് മിനുട്ട് |
| **കരുതേണ്ട സാമഗ്രികൾ-** ഡയറി, പെൻസിൽ, ക്രയോൺസ്, മഷിപ്പേന |

### പ്രക്രിയാവിശദാംശങ്ങൾ

സ്വതന്ത്രരചനാശേഷി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനമാണിത്. കുട്ടിയുടെ അനുഭവങ്ങളെ ചെറുവാക്യങ്ങളാക്കി രേഖപ്പെടുത്തുന്നത് സ്വന്തമായി രചന നടത്തുന്നതിനുള്ള ആത്മവിശ്വാസം വർധിപ്പിക്കും, കുട്ടിയും രക്ഷിതാവും ചേർന്നാണ് ഡയറി എഴുതുന്നത്. ആശയാവതരണരീതിയുടെ ഉയർന്ന രൂപങ്ങളിൽ ഒന്നാണ്. ഒന്നാം ക്ലാസിലെ കുട്ടികൾക്ക് രണ്ടാം യൂണിറ്റ് കഴിയുന്നതു മുതൽ തന്നെ രക്ഷിതാവിന്റെ പിന്തുണയോടെ ഡയറി എഴുതാനാവും. 2023-24വർഷം വൻ വിജയവും സ്വീകാര്യതയും ലഭിച്ച പരിപാടിയാണിത്.

### ഡയറിയെഴുത്തിന്റെ പ്രക്രിയ

സംയുക്ത ഡയറി പുതിയ കാര്യമാണല്ലോ, രക്ഷിതാക്കൾക്ക് കൃത്യമായ ധാരണവേണ്ടേ?

- ക്ലാസ്സിലെ മുഴുവൻ രക്ഷിതാക്കളുടെയും യോഗം വിളിച്ച് പ്രക്രിയ ബോധ്യപ്പെടുത്തണം.
- സംയുക്ത ഡയറി എഴുതുന്നതിനായി ഓരോ കുട്ടിക്കും ചെറിയ ഒരു നോട്ട് ബുക്ക് വേണ്ടി വരും
- മറ്റൊരു രക്ഷിതാവിനെ കുട്ടിയായി സങ്കല്പിച്ച് രണ്ടുപേരുടെ ടീമിൽ സിമുലേഷൻ രീതിയിൽ ഡയറിയെഴുത്ത് പ്രക്രിയ പരിചയപ്പെടുത്താം
- മുൻ വർഷം ഡയറി എഴുതിയ ഒരു കുട്ടി, രക്ഷിതാവ് എന്നിവരുടെ അനുഭവം പങ്കിടാം
- മുൻവർഷത്തെ ചില ഡയറികൾ പരിചയപ്പെടുത്താം.

### ഡയറി എഴുത്തിന്റെ പ്രക്രിയ എന്താണ്?

- ഓരോ ദിവസവും കുറച്ചു സമയം കുട്ടികളോടൊപ്പം ഇരുന്ന് ആ ദിവസം അവർ കണ്ട, അനുഭവിച്ച കാര്യങ്ങൾ രക്ഷിതാവ് പറയിപ്പിക്കണം.
- അതിൽ ഏറ്റവും പ്രധാനപെട്ട ഒന്നോ രണ്ടോ കാര്യങ്ങൾ തിരഞ്ഞെടുക്കണം.(രാവിലെ എണീറ്റു, കുളിച്ചു, പതിവ് കാര്യങ്ങൾ ഒഴിവാക്കണം. ടീച്ചർ വന്നു കണക്ക് പഠിപ്പിച്ചു എന്നിങ്ങനെയുള്ളവയും )
- തെരഞ്ഞെടുത്ത കാര്യത്തിന്റെ സംബന്ധിച്ച് വിശദാംശങ്ങൾ പറയിക്കണം. എഴുതാൻ കഴിയുന്ന ആശയങ്ങൾ ചർച്ചയിലൂടെ രൂപപ്പെടുത്തണം. അത് വാക്യങ്ങളാക്കി എഴുതുന്നതിനു വേണ്ടി ഭേദഗതികൾ പറഞ്ഞു കൊടുക്കാം. കുട്ടിയുടെ സമ്മതം പ്രധാനമാണ്.
- കുറിയ വാക്യങ്ങളാണ് നല്ലത്.
- ആദ്യം പേജിന്റെ പകുതിഭാഗത്ത് എഴുതുന്ന കാര്യവുമായി ബന്ധപെട്ടു ചിത്രം കുട്ടി കഴിയുന്ന രീതിയിൽ വരയ്ക്കണം. നിറം നൽകണം (രക്ഷിതാവിന്റെ കലാശേഷി വികസിപ്പിക്കാനല്ല ഈ വര)
- ഓരോ ആശയവും എഴുതുന്നതിനുള്ള പ്രോത്സാഹനമാണ് നൽകേണ്ടത്.
- ഓരോ വാക്കും എഴുതുമ്പോൾ അതിൽ കുട്ടിക്ക് അറിയുന്ന അക്ഷരങ്ങൾ അവർ പെൻസിൽ കൊണ്ടു എഴുതണം.
- ബാക്കി ഭാഗം രക്ഷിതാക്കൾ പേന കൊണ്ടും എഴുതി പൂർത്തിയാക്കണം.
- തുടക്കത്തിൽ പേനകൊണ്ടുള്ള എഴുത്ത് കൂടുതലായിരിക്കും. ക്രമേണ പെൻസിൽ കൊണ്ടുള്ള എഴുത്ത് കൂടി വരും.
- പഠിക്കാത്ത അക്ഷരങ്ങൾ ചേർന്ന വാക്കുകൾ വരാം. അത് ഒഴിവാക്കേണ്ടതില്ല. രക്ഷിതാവ് ആ അക്ഷരങ്ങൾ എഴുതിക്കൊടുത്താൽ മതി. കുട്ടി പരിചിതമായ അക്ഷരങ്ങൾ എഴുതുമ്പോൾ തെറ്റ് സംഭവിക്കാം. പല കാരണങ്ങളായാരിക്കും. ഉച്ചാരണസാമ്യം, രൂപസാമ്യം, അവ്യക്തത ഒക്കെ സ്വാധീനിക്കാം. അപ്പോൾ തെളിവു നൽകി തിരുത്തിക്കണം.

### രക്ഷിതാവ് തെളിവ് നൽകേണ്ടത് എങ്ങനെ?

- അതേ അക്ഷരം വരുന്ന മറ്റു വാക്കുകൾ എഴുതി തെളിവ് നൽകണം. ഉദാഹരണത്തിന് മദുരം എന്ന് എഴുതിയ കുട്ടി. ഇത് ശ്രദ്ധയിൽപ്പെട്ടാൽ ഉച്ചരിപ്പിക്കലാണ് ആദ്യം നടക്കേണ്ടത്. ബുധൻ, ദിവസം എന്നിവ എഴുതിക്കാണിക്കും. ഉച്ചാരണം ഒരുപോലെയാണോ? ദയ, ധാരാളം എന്നീ വാക്കുകൾ നോക്കൂ. എന്നിങ്ങനെ വ്യക്തമാക്കി വേണം തിരുത്തിയെഴുത്തൽ നടത്താൻ. ഇക്കാര്യത്തിൽ ടീച്ചറുടെ പിന്തുണ തേടുകയും ചെയ്യാം. യാതൊരു കാരണവശാലും കുട്ടിയെ കുറ്റപ്പെടുത്തരുത്. പരിചിത അക്ഷരം വരുന്ന മറ്റൊരു വാക്ക് എഴുതിക്കാണിച്ചാൽ മതി. ഞായർ എന്ന് എഴുതിയപ്പോൾ ഞ ശരിയായില്ല എങ്കിൽ അതിന്റെ എഴുത്തുരീതി പരിചയപ്പെടുത്താം.
- ഡയറി വിലയിരുത്തുന്ന ടീച്ചറും തെളിവുകളാണ് നൽകേണ്ടത്. ചുവന്ന മഷികൊണ്ട് തെറ്റ് അടയാളപ്പെടുത്തരുത്.

### ഒന്നോ രണ്ടോ വാക്യങ്ങളിൽ നിന്ന് ആശയ സമ്പുഷ്ടമായ എഴുത്തിലേക്ക് കുട്ടിയെ എങ്ങിനെ എത്തിക്കാം?

- ഓരോ കാര്യത്തെക്കുറിച്ചും ഒത്തിരി പറയാനുണ്ടാകുമെന്ന ധാരണ വളർത്തുകയാണ് വേണ്ടത്. ഉദാഹരണത്തിന് മാവിൽ നിന്നും മാങ്ങ വീണു. ഞാൻ തിന്നു. എന്നു മാത്രം പറയുന്ന കുട്ടി (ഏതു മാവ്? എവിടെ നിന്ന മാവ്? എങ്ങനെയുള്ള മാവ്? എപ്പോഴാണ് സംഭവം? മാങ്ങയുടെ പ്രത്യേകത? രുചി? പച്ചമാങ്ങയാണോ പഴുത്തമാങ്ങയാണോ? അതായത് അനുഭവവിവരണത്തിന്റെ വിശദാംശങ്ങളിലേക്ക് പോകാൻ സഹായകമായ ചോദ്യങ്ങളുടെ അഭാവമാണ് ഒന്നോ രണ്ടോ വാക്യങ്ങളിൽ ഒതുക്കുന്നത്. മറ്റൊരു കാര്യം ഡയറിക്കുറിപ്പുകൾ ക്ലാസിൽ പ്രോത്സാഹിപ്പിക്കപ്പെടാത്ത താണ്.

- തുടക്കത്തിൽ മൂന്നോ നാലോ ചെറുവാക്യങ്ങൾ. മതി സംയുക്ത ഡയറി എഴുത്ത് ശീലമാക്കിയാൽ കുട്ടികൾ തന്നെ കൂടുതൽ ആശയങ്ങൾ ഏഴുതാൻ താല്പര്യപ്പെടും.
- എഴുതിക്കഴിഞ്ഞാൽ സംയുക്തമായി ചൂണ്ടി വായന നടത്തണം

**ക്ലാസിൽ ഡയറിയെഴുത്ത് എങ്ങനെ പ്രോത്സാഹിപ്പിക്കും?**

- ഓരോ ദിവസവും ടീച്ചർ ഡയറി പരിശോധിക്കണം.
- സ്റ്റാറും ശരിയും സമ്മതത്തോടെയുള്ള തിരുത്തലും നടത്തണം. തിരുത്തൽ പ്രക്രിയ തെളിവു നൽകിയാകണം. പരിചയിച്ച അക്ഷരങ്ങൾ എഴുതിയതിലെ പ്രശ്നങ്ങളാണ് പരിഹരിക്കേണ്ടത്. വാക്കകലം ശ്രദ്ധിക്കണം.
- ക്ലാസിൽ തെരഞ്ഞെടുത്ത ഡയറിക്കുറിപ്പുകൾ അധ്യാപിക വായിച്ചുകേൾപ്പിക്കുന്നത് രചനാരീതി സംബന്ധിച്ച ധാരണ മറ്റുള്ളവർക്ക് ലഭിക്കുന്നതിന് സഹായകമാകും. എഴുതിയ കുട്ടിക്ക് അംഗീകാരവും
- ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ ഡയറിയെക്കുറിച്ചുള്ള ഗുണാത്മക കുറിപ്പിടണം

**സംയുക്ത ഡയറി എഴുതാത്തവർ ഉണ്ടാകില്ലേ? എന്തുചെയ്യണം?**

- സംയുക്ത ഡയറി പലകാരണങ്ങളാൽ കുട്ടികൾ എഴുതാതെ വരാം. ചില സാധ്യതകൾ പരിശോധിക്കാം.
    - വീട്ടിൽ സഹായം ലഭിക്കാനിടയില്ലാത്തവരുടെ എണ്ണം എടുക്കണം ( ഇതരസംസ്ഥാനക്കാർ, തൊഴിൽ ചെയ്ത് വീട്ടിൽ വൈകി മടങ്ങിയെത്തുന്ന രക്ഷിതാക്കൾ, വിദ്യാഭ്യാസപിന്നാക്കാവസ്ഥയുള്ളവർ, മാതൃഭാഷ മാലയാളമല്ലാത്ത ഗോത്രവിഭാഗത്തിൽ പെട്ടവർ...)
    - അവർക്ക് ആഴ്ചയിൽ മൂന്ന് ദിവസം ഡയറിയെഴുത്ത് എന്ന് നിശ്ചയിക്കാം.
    - ഗോത്രവിഭാഗത്തിൽപ്പെട്ടവർക്ക് മെന്റർ ടീച്ചർമാരുടെ പിന്തുണയോടെ സ്കൂൾ സമയം ഡയറി എഴുതിക്കാം. ഗോത്രപദാവലി കടന്നു വരാം. അത് അനുവദിക്കണം. ലിപി മലയാളം തന്നെ.
    - മറ്റുള്ളവർക്ക് ടീച്ചർ സഹരക്ഷിതാവിന്റെ റോൾ വഹിച്ച് സ്കൂൾ സമയത്ത് ഡയറി എഴുതിക്കാം
    - സഹാധ്യാപകരുടെ പിന്തുണതേടാം.
    - മുതിർന്ന ക്ലാസിലെ കുട്ടികളും അധ്യാപകരും അത്തരം കുട്ടികളുടെ എഴുത്തുപങ്കാളിയായി മാറണം.
    - ചുമതലാവിഭജനം വിദ്യാലയത്തിൽ നടക്കണം. സാമൂഹികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥ കുട്ടിയുടെ ഭാഷാപരമായ വളർച്ചയ്ക്ക് തടസ്സമാകാത്ത വിധം വിദ്യാലയം മാറണം.
    - പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് അധ്യാപിക സഹായത്തിന്റെ അളവ് കൂട്ടുകയോ ആവശ്യമെങ്കിൽ എഴുതിക്കൊടുക്കേണ്ടി വരികയോ ചെയ്യും.

സംയുക്ത ഡയറിയിലെ പുരോഗതി അധ്യാപിക വിലയിരുത്തേണ്ടതാണ്.



**സംയുക്തയെഴുത്തിൽ നിന്നും തനിച്ചെഴുത്തിലേക്ക്**

സംയുക്തരചനയുടെ ഭാഗമായും കുട്ടികൾ പാഠങ്ങൾ ഓരോന്നും പഠിച്ച് മുന്നേറുന്നതിന്റെ ഫലമായും കൂടുതൽ അക്ഷരബോധ്യം വരും. ക്രമേണ പേന എഴുത്ത് കുറയും. തന്നിച്ചെഴുത്തിലേക്ക് മാറും.

| ഘട്ടം ഒന്ന് (ജൂലൈ മുതൽ) | ഘട്ടം മൂന്ന് (നവംബർ മുതൽ) | ഘട്ടം നാല് ( ഫെബ്രുവരി, മാർച്ച്) |
|---|---|---|
| 1. അനുഭവം പങ്കിടുന്നു<br>2. ഒരിനം തെരഞ്ഞെടുക്കുന്നു<br>3. വിശദാംശങ്ങൾ പറയിക്കുന്നു<br>4. കുട്ടി ചിത്രം വരയ്ക്കുന്നു.<br>5. വാക്കിലെ കുട്ടിക്ക് അറിയാവുന്ന അക്ഷരം മാത്രം കുട്ടി എഴുതുന്നു.<br>6. ബാക്കി രക്ഷിതാവ് പേന കൊണ്ട് എഴുതുന്നു." | "1. അനുഭവം പങ്കിടുന്നു<br>2. ഒരിനം തെരഞ്ഞെടുക്കുന്നു<br>3. വിശദാംശങ്ങൾ പറയിക്കുന്നു<br>4. കുട്ടി ചിത്രം വരയ്ക്കുന്നു.<br>5. കുട്ടി എഴുതുന്നു<br>6. തെറ്റി പോകുന്ന അക്ഷരത്തിന് രക്ഷിതാവ് തെളിവ് നൽകുന്നു." | "1. അനുഭവം പങ്കിടുന്നു<br>2. ഒരിനം തെരഞ്ഞെടുക്കുന്നു<br>3. വിശദാംശങ്ങൾ പറയിക്കുന്നു<br>4. കുട്ടി ചിത്രം വരയ്ക്കുന്നു.<br>5. ആശയങ്ങൾ കുട്ടി എഴുതുന്നു.<br>6. സ്വയം വായിച്ച് തിരുത്തലുകൾ വരുത്തുന്നു" |

**പ്രവർത്തനത്തിന്റെ പേര് -** കഥാവേള

**പഠനലക്ഷ്യങ്ങൾ.**

- കഥാവേളകളിൽ ചെറു സദസ്സിനു മുമ്പാകെ കഥ ഭാവാത്മകമായി പറയുന്നു.
- കേട്ടതോ വായിച്ചതോ ആയ കഥകൾ ആശയച്ചോർച്ചയില്ലാതെയും ഭാവം ഉൾക്കൊണ്ടും സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു.

**പ്രതീക്ഷിത സമയം -** എല്ലാ ദിവസവും അഞ്ച് മിനുട്ട്

**കരുതേണ്ട സാമഗ്രികൾ-** കഥാപുസ്തകങ്ങൾ

**പ്രക്രിയാവിശദാംശങ്ങൾ**

- മുൻ യൂണിറ്റിൽ വിശദീകരിച്ചിട്ടുണ്ട്

**പ്രവർത്തനത്തിന്റെ പേര്** - ആർപ്പോ ഇർറോ ( പാട്ട് വായന, എഴുത്ത്)

**പഠനലക്ഷ്യങ്ങൾ.**

- മലയാളം ലിപികൾ അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലിപ്പം, ആലേഖന ക്രമം) സഹായത്തോടെ എഴുതി തീമുകളുമായി ബന്ധപ്പെട്ട സന്ദർഭങ്ങളിലെ വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുന്നു.
- അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവസന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നു
- പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുന്നു

**പ്രതീക്ഷിത സമയം** - 35+35+10 മിനുട്ട്

**കരുതേണ്ട സാമഗ്രികൾ-** സചിത്രപ്രവർത്തന പുസ്തകം, പാഠപുസ്തകം

**പ്രക്രിയാവിശദാംശങ്ങൾ-**

- പാട്ട് ഒത്തു പാടുന്നു
- ആർപ്പോ ഇർറോ എന്ന തലക്കെട്ട് ബോർഡിൽ എഴുതുന്നു ( ർ അവതരിപ്പിക്കുകയാണ്, ഓ സ്വരചിഹ്നവും പ്പ യും )

**കുട്ടികളുടെ എഴുത്ത്**

- സചിത്രപുസ്തകത്തിൽ നോക്കൂ ആദ്യത്തെ നാലുവരികൾ പൂരിപ്പിക്കാനുണ്ട്. ഒന്നാം വരിയിലെ ആർപ്പോ എന്ന ആദ്യ വാക്ക് ടീച്ചറെഴുതി, ബാക്കി മൂന്നു വരി നിങ്ങൾ തനിയ എഴുതണം
  - തെളിവെടുത്ത് എഴുതൽ
  - പിന്തുണാനടത്തവും വ്യക്തിഗത പിന്തുണയും
  - വാക്കകലം പാലിക്കുന്നുണ്ടോ?
  - ഘടന പാലിക്കുന്നുണ്ടോ? (ആ, ഇ, ർ, പ്പ എന്നിവയും ഓയുടെ ചിഹ്നവും)
  - വ്യക്തതയുണ്ടോ?
  - അക്ഷരം വിട്ടുപോയിട്ടുണ്ടോ? തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് പിന്തുണ
    - ഹൈലൈറ്റർ പേന ഉപയോഗിച്ച്
    - കട്ടിക്കെഴുത്ത് (ആവശ്യമായ സന്ദർഭങ്ങളിൽ)

ആവശ്യമെങ്കിൽ ടീച്ചർ ബോർഡിൽ ഒന്നു കൂടി എഴുതിക്കാണിക്കണം

- പൊരുത്തപ്പെടുത്തി മെച്ചപ്പെടുത്തിയെഴുത്ത്
- പാട്ട് വീണ്ടും പാടുന്നു, അടുത്ത വരികൾ ഏതാണ്? ഓടിവരൂ, പാടി വരൂ കൂടെ വരൂ കൂട്ടരേ. വരികൾ ടീച്ചറെഴുതുന്നു. കഴിഞ്ഞ യൂണിറ്റിൽ അതാ ഒരാൾ എന്നതിലെ ഒ പരിചിതമാണ്. ഓ എന്ന് എഴുതുന്നത് കാണിക്കുന്നു. രണ്ടു വരിയും എഴുതുന്നു, കുട്ടികൾ കൂട്ടരേ എന്നത് പൂരിപ്പിച്ചെഴുതുന്നു.

**തനിച്ചെഴുത്ത്**

- സചിത്രപ്രവർത്തന പുസ്തകത്തിലെ ബാക്കി വരികൾ തനിയെ എഴുതാനവസരം
- പാഠപുസ്തകത്തിലെ പാട്ട് പൂർണമാക്കൽ
- പരസ്പരം പരിശോധിച്ച് ശരി നൽകൽ

**വായന**

**കണ്ടെത്തൽ വായന (വാക്യങ്ങൾ)**

- കൂടെ വരാൻ പറയുന്ന വരി എത്രാമതാണ്?
- ആർപ്പോ ഇർറോ എന്ന വരി എത്രതവണയുണ്ട്?

**കണ്ടെത്തൽ വായന (വാക്കുകൾ)**

- വരൂ എന്ന വാക്ക് ഏതെല്ലാം വരികളിലാണ് ഉള്ളത്?
- ഇർറോ ആണോ ആർപ്പോ ആണോ കൂടുതൽ?
- ആർപ്പോ എന്നെഴുതിയതിനു ചുറ്റും വട്ടം വരയ്ക്കാമോ? ( സചിത്രപുസ്തകത്തിൽ)

**കണ്ടെത്തൽ വായന (ഊന്നൽ നൽകുന്ന അക്ഷരമുള്ള വരികൾ, വാക്കുകൾ, അക്ഷരങ്ങൾ)**

- പ്പോ, റോ എന്നിവ എവിടെല്ലാം ഉണ്ട്?
- ർ എത്രതവണയുണ്ട്?

### ക്രമത്തിൽ വായിക്കൽ

- രണ്ടു വരി വീതം ടീമുകളായി വായിക്കൽ

### പറയുന്ന ക്രമത്തിൽ വാക്യങ്ങൾ വായിക്കൽ

- അവസാനത്തെ മൂന്നു വരി
- ഓടിവരൂ എന്നു തുടങ്ങി താഴേക്ക്

### പ്രതിദിന വായനാപാഠം അനുബന്ധം നോക്കുക

- പുതിയ വരി ചേർത്ത് പ്രതിദിന വായനാപാഠം ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ നൽകുന്നു.

### എഡിറ്റിംഗ്

- പാഠപുസ്തകവും സചിത്രപുസ്തകവും അടച്ചുവെക്കുന്നു. ടീമായി വന്ന് പാട്ടിന്റെ വരികൾ തുടർച്ചയായി എഴുതണം. എഴുതാൻ പറ്റുന്നില്ലെങ്കിൽ അറിയാവുന്ന വരി എഴുതണം.
- എല്ലാവരികളും പൂർത്തിയായ ശേഷം എഡിറ്റിംഗ് നടത്തണം.

### പ്രതീക്ഷിത ഉല്പന്നം-

### വിലയിരുത്തൽ

- പ്രതിദിനവായനപാഠം ചൊല്ലി ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ ഇട്ടവരെത്രപേർ?
- വായനപ്രക്രിയയിൽ കൂടുതൽ സഹായം വേണ്ടിവന്ന ഘട്ടം ഏത്?
- കുട്ടികൾ ആശയത്തിൽ നിന്നും അക്ഷരം കണ്ടെത്തലിലേക്ക് വരുന്നുണ്ടോ?
- ആവർത്തിച്ചു വരുന്ന വാക്കുകളും അക്ഷരങ്ങളും കണ്ടെത്താൻ അവർ ശ്രമിക്കുന്നുണ്ടോ?
- വായനയിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കാൻ എന്തു തന്ത്രമാണ് സ്വീകരിച്ചത്?
- കൂടുതൽ പിന്തുണ വേണ്ട കുട്ടികളുണ്ടോ?

### പ്രവർത്തനത്തിന്റെ പേര് - പുതുകളികൾ ( ആവോ മീനോ പോലെ) പരിസരപഠനം

| രൂപീകരിക്കേണ്ട ആശയംങ്ങൾ | പഠനലക്ഷ്യങ്ങൾ | പ്രക്രിയാശേഷികൾ | മനോഭാവം, മൂല്യങ്ങൾ |
|---|---|---|---|
| "പലതരം കളികൾ നാട്ടിലുണ്ട്.<br>കുട്ടികൾക്കും മുതിർന്നവർക്കും പറ്റിയ കളികളുണ്ട്. എല്ലാവരും കളികൾ ഇഷ്ടപ്പെടുന്നു." | "നാട്ടിലുള്ള കളികളെക്കുറിച്ച് അന്വേഷിച്ചറിയുന്നു. പരിചിതമായ കളികളുടെ പ്രത്യേകതകൾ പറയുന്നു.<br>പല പ്രായക്കാർ ഏർപ്പെടുന്ന കളികൾക്ക് ഉദാഹരണങ്ങൾ കണ്ടെത്തുന്നു." | കളികളെ പലരീതിയിൽ തരംതിരിക്കുന്നു. | സഹകരണമനോഭാവം. |
| "കളികളുടെ ഭാഗമാണ് തോൽവിയും ജയവും" | കളികളിൽ പങ്കെടുത്ത എല്ലാവരുമായി സൗഹൃദം തുടർന്നും നിലനിറുത്താൻ കഴിയുന്നു. | സാമൂഹിക നൈപുണികൾ | കൂട്ടായ്മയ്ക്കു വേണ്ടി നിലകൊള്ളാനുള്ള സന്നദ്ധത |
| • കളികൾ, പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിന് ആവശ്യമായ നിയമങ്ങളും മാനദണ്ഡങ്ങളും കൂട്ടായി വികസിപ്പിക്കുന്നതിനും പാലിക്കുന്നതിനും കഴിയുന്നു. | | | |
| **പ്രതീക്ഷിത സമയം** - 35 മിനുട്ട് | | | |
| **കരുതേണ്ട സാമഗ്രികൾ-** കുട്ടികൾ കരുതുന്ന വസ്തുക്കൾ | | | |

## പ്രക്രിയാവിശദാംശങ്ങൾ-

കുട്ടികൾക്കറിയാവുന്ന കളികളുടെ പേര് പറയിക്കുന്നു. ടീച്ചർ ബോർഡിൽ അതെല്ലാം രേഖപ്പെടുത്തണം. കളി എപ്രകാരമാണ് നടത്തുക? ഓരോ കളിയും നടത്തുന്ന വിധം കുട്ടികളെക്കൊണ്ട് വിശദീകരിപ്പിക്കുന്നു. (ആശയക്രമീകരണം പാലിച്ച് ഭാഷണം). കുട്ടികൾ പറഞ്ഞ കളികളുമായി ബന്ധപ്പെട്ട പാട്ടുകളുണ്ടോ? അവതരിപ്പിക്കാൻ അവസരം

- ഏതെങ്കിലും മൂന്നോ നാലോ കളികൾ ക്ലാസിൽ നടത്തണം. കളികൾ തെരഞ്ഞെടുക്കാൻ കുട്ടികൾക്ക് അവസരം. സംഘമായി ആലോചിച്ച് കളികൾ നടത്താനുള്ള നിർദേശങ്ങൾ നൽകാൻ കുട്ടികളെ ചുമതലപ്പെടുത്തുന്നു
- എന്തെല്ലാം നിർദേശങ്ങൾ എന്ന് സംഘത്തിൽ തീരുമാനിക്കട്ടെ

- തുടർന്ന് ക്ലാസിൽ കളി നടത്തൽ.
- ചർച്ചയിലൂടെ എത്തിച്ചേരേണ്ട നിഗമനം-ഓരോ കളിക്കും അതിന്റേതായ രീതികളുണ്ട്. അതിനാൽ കളികൾ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

**പ്രതീക്ഷിത ഉല്പന്നം-**

- കളികൾ ലിസ്റ്റ്
- കളിനടത്തിയതിന്റെ വീഡിയോ

**വിലയിരുത്തൽ**

- കളികളെക്കുറിച്ച് പറയാൻ എത്രപേർക്ക് അവസരം കിട്ടി?
- കുട്ടികളുടെ അഭിപ്രായത്തെ മാനിക്കുന്നതിന് കളിനടത്തിപ്പിന്റെ ചുമതല നൽകിയത് എത്രമാത്രം കഴിഞ്ഞു?

**പ്രവർത്തനത്തിന്റെ പേര് -** പാവയെ നിർമിക്കാം

**പഠനലക്ഷ്യങ്ങൾ.**

- സൂക്ഷ്മപേശിവികസനത്തിന് സഹായകമായ രീതിയിൽ വിവിധ ആവശ്യങ്ങൾക്കായി കടലാസുകൾ മടക്കുക, കീറുക, മുറിക്കുക, ഒട്ടിക്കുക, ചുരുട്ടുക തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പാള, കാർഡ് ബോർഡ്, വിവിധ ഇലകൾ, കട്ടിക്കടലാസ് തുടങ്ങിയവ ഉപയോഗിച്ച് രംഗാവിഷ്കാരത്തിനായി കഥാപാത്രങ്ങളുടെ വേഷവിധാനം, മുഖംമൂടി എന്നിവ തയ്യാറാക്കുന്നു.

**പ്രതീക്ഷിത സമയം -** 30 മിനുട്ട്

**കരുതേണ്ട സാമഗ്രികൾ-**

- പേപ്പർ കുഴലുകൾ, തെരഞ്ഞെടുത്ത കഥയിലെ കഥാപാത്രങ്ങളുടെ മുഖം മാത്രമുള്ള ചെറിയ കട്ടൗട്ട്, ടീച്ചർ നിർമ്മിച്ച വിരൽപ്പാവക്കിളി

## പ്രക്രിയാവിശദാംശങ്ങൾ-

- കുട്ടികളുടെ വിരൽ കടക്കാവുന്ന വലുപ്പമുള്ളതും അവരുടെ ചൂണ്ടുവിരലിന്റെയത്ര നീളമില്ലാത്തതുമായ പേപ്പർകുഴലുകൾ ഓരോരുത്തർക്കും നൽകുന്നു.
- കട്ടിയുള്ള ചതുരക്കടലാസ് പിവിസി പൈപ്പുപോലെയുള്ളവയുടെ മുകളിൽ ചുറ്റി അറ്റം ഒട്ടിച്ച് പേപ്പർകുഴൽ നിർമ്മിക്കുന്നതിന് പരിശീലിപ്പിക്കാം.
- ആ പേപ്പർ കുഴലിന്റെ അഗ്രഭാഗത്ത് കഥാപാത്രങ്ങളുടെ മുഖത്തിന്റെ കട്ടൗട്ട് ഒട്ടിക്കണം.
- ഉണങ്ങിക്കഴിഞ്ഞാൽ അത് വിരൽപ്പാവയായി ഉപയോഗിക്കാം. (വിരൽപ്പാവകൾ നിർമ്മിക്കുന്നതിന് പലവിധ രീതികൾ ഉണ്ട്. ഇന്റർനെറ്റിൽ നിന്നും അനുയോജ്യമായവ തെരഞ്ഞെടുത്ത് ഉപയോഗിക്കാം). കുട്ടികളുടെ നിർമ്മാണശേഷിക്ക് പ്രാധാന്യം ലഭിക്കണം എന്നു മാത്രം.
- എല്ലാവരും വിരൽപ്പാവകൾ വിരലുകളിലിട്ട് ആ കഥാപാത്രമായി സ്വയം സങ്കല്പിച്ച് ഭാഷണത്തിൽ ഏർപ്പെടുന്നു.
- ടീച്ചർ നിർമ്മിച്ച വിരൽപ്പാവക്കിളിയെ എല്ലാവർക്കും നൽകുന്നു.

**പ്രതീക്ഷിത ഉല്പന്നം-**

- വിരൽപ്പാവകൾ

**വിലയിരുത്തൽ**

- കുട്ടികളുടെ നിർമാണശേഷി വികസിപ്പിക്കുന്നതിന് വിരൽപ്പാവ നിർമ്മാണം സഹായകമായോ?
- പേപ്പർകുഴൽ നിർമിക്കുന്നതിൽ കൂടുതൽ സഹായം വേണ്ടി വന്നരാരെല്ലാം?
- കഥാപാത്രമായി സ്വയം സങ്കല്പിച്ച് ഭാഷണം നടത്തിയപ്പോൾ സഹായം വേണ്ടി വന്നോ?

**പ്രവർത്തനത്തിന്റെ പേര്-** പാവനാടകം

**പഠനലക്ഷ്യങ്ങൾ**

- കഥാ വേളകളിൽ ചെറു സദസിനു മുമ്പാകെ കഥ ഭാവാത്മകമായി പറയുന്നു.
- കേട്ടതോ വായിച്ചതോ ആയ കഥകൾ ആശയ ചോർച്ചയില്ലാതെയും ഭാവം ഉൾക്കൊണ്ടും സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു.
- തീമിനെ അടിസ്ഥാനമാക്കി വിവിധ സന്ദർഭങ്ങളും സംഭവങ്ങളും സംഘം ചേർന്ന് ആസൂത്രണം നടത്തി ചമഞ്ഞുകളികളി, പാവനാടകം തുടങ്ങിയവയിലൂടെ ആവിഷ്കരിക്കുന്നു.

**പ്രതീക്ഷിത സമയം:** 30 മിനുട്ട്

**കരുതേണ്ട സാമഗ്രികൾ:** കഥാപുസ്തകങ്ങൾ

- പൊതുവായ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദീകരണഭാഗത്ത് കഥവേള നടത്തേണ്ടതിന്റെ നിർദേശങ്ങളുണ്ട്. അത് നോക്കുക. ഇവിടെ കലാവിദ്യാഭ്യാസത്തിന്റെ ഭാഗമായി പാവനാടകസങ്കേതം പരിചയപ്പെടുത്തുകയാണ്. പാവ ഉപയോഗിച്ചുള്ള സംഭാഷണരംഗങ്ങൾ അവതരിപ്പിച്ച ശേഷം നമ്മൾക്ക് ഒരു കഥ പാവനാടകമാക്കിയാലോ എന്നു ചോദിക്കണം.
- പാവനാടകമാക്കാൻ  എന്തെല്ലാം ചെയ്യണം?
- പാവകളെ സംഘടിപ്പിക്കൽ (വിരൽപ്പാവകൾ, വടിപ്പാവകൾ, കൈയുറപ്പാവകൾ, ബലൂൺ പാവകൾ, പെട്ടിപ്പാവകൾ തുടങ്ങിയവയിൽ ഏതും ഉപയോഗിക്കാം). പാവയെ നിർമ്മിക്കാം എന്ന പ്രവർത്തനത്തിലൂടെ രൂപപ്പെടുത്തിയതും ഉപയോഗിക്കാം.
- എത്ര കഥാപാത്രങ്ങളുണ്ട് കഥയിൽ അത്രയും പാവകൾ വേണം.
- ഓരോ കഥാപാത്രത്തിന്റെയും സംഭാഷണം എഴുതിത്തയ്യാറാക്കണം. പങ്കാളിത്ത രീതിയിൽ സ്ക്രിപ്റ്റ് തയ്യാറാക്കാം. അല്ലെങ്കിൽ ആദ്യാനുഭവമെന്ന നിലയിൽ ടീച്ചർ നിർമ്മിച്ച സ്ക്രിപ്റ്റ് ഉപയോഗിക്കാം. ഇതിനായി കഥയിൽ വിവരിച്ചിട്ടുള്ള കാര്യങ്ങളെ സംഭാഷണരീതിയിലേക്ക് മാറ്റണം. സംഭാഷണവാക്യങ്ങൾ ചെറുതാകണം.
- കഥയുടെ തുടക്കവും മറ്റും വിശദീകരിക്കുന്നതിൽ തെറ്റില്ല.
- പല രീതികളിൽ പാവനാടകം ചെയ്യാം
    - ടീച്ചർ കഥ പറയുന്നതിനിടയിൽ കഥാപാത്രം വരുന്നിടത്ത് പാവകളെ ഉപയോഗിച്ച് ശബ്ദവ്യതിയാനം വരുത്തി അവതരിപ്പിക്കാം. കഥ തുടരാം
    - തിരശ്ശീല വലിച്ചുകെട്ടി അതിന് പിന്നിൽ നിന്ന് പാവകളെ ചലിപ്പിച്ച് സംഭാഷണങ്ങളിലൂടെ കഥ അവതരിപ്പിക്കാം
    - ടീച്ചർ കഥ പറയുന്നതിനിടയിൽ മുൻകൂട്ടി തയ്യാറാക്കിയ കുട്ടികൾ കഥാപാത്രങ്ങളുടെ പാവകളുമായി രംഗപ്രവേശനം നടത്തി സംഭാഷണങ്ങൾ അവതരിപ്പിക്കാം.
- കഥാപാത്രത്തിന്റെ സംഭാഷണം ഭാവം ഉൾക്കൊണ്ടാകണം
- സംഭാഷണം നടക്കുമ്പോൾ പാവകളെ ചലിപ്പിക്കണം
- കുട്ടികൾക്ക് പാവകളെ നിർമ്മിക്കുന്ന ലളിതമായ രീതികൾ പരിചയപ്പെടുത്തിയാൽ അവർ പരിചിതമായ കഥകൾ അവരുടേതായ രീതിയിൽ പാവനാടകമായി അവതരിപ്പിക്കും
- രക്ഷിതാക്കളുടെ സഹായത്തോടെ കുറെ വൈവിധ്യമുള്ള പാവകളെ നിർമ്മിക്കുന്നത് ഇത്തരം പ്രവർത്തനം തുടർന്നും ചെയ്യാൻ സഹായകമാകും.



**പ്രതീക്ഷിത ഉല്പന്നം-**

- പാവനാടകം നടത്തുന്നതിന്റെ വീഡിയോ

**വിലയിരുത്തൽ**

- പാവനാടകം എന്ന സങ്കേതം കുട്ടികൾക്ക് ഇഷ്ടമായോ?
- സംഭാഷണം നടത്തി പാവകളെ ചലിപ്പിക്കാൻ എത്രപേർക്ക് അവസരം കിട്ടി
- ഗ്രൂപ്പായി പാവനാടകം നടത്താനുള്ള അവസരം ഫലപ്രദമാക്കിയവരാരെല്ലാം?
- ക്ലാസ് പി ടി എയിൽ പാവനാടകം നടത്തുന്നതിന് എന്തെല്ലാം മെച്ചപ്പെടുത്തലുകൾ ആവശ്യമുണ്ട്?

| പ്രവർത്തനത്തിന്റെ പേര് - അപ്പോം ചുട്ട് (EVS) | | | |
|---|---|---|---|
| **രൂപീകരിക്കേണ്ട ആശയംങ്ങൾ** | **പഠനലക്ഷ്യങ്ങൾ** | **പ്രക്രിയാശേഷികൾ** | **മനോഭാവം, മൂല്യങ്ങൾ** |
| വിനോദങ്ങൾ സന്തോഷം നല്കുന്നു. പലതരം വിനോദപ്രവർത്തനങ്ങളിൽ മനുഷ്യർ ഏർപ്പെടുന്നു | കളികൾ, പാട്ടുകൾ, സിനിമ, മറ്റു കലാപരിപാടികൾ, മത്സരങ്ങൾ എന്നിവയെല്ലാം വിനോദങ്ങളാണെന്ന് കണ്ടെത്തുന്നു. | "പലതരം കളികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നു. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വിനോദങ്ങളെ തരംതിരിക്കുന്നു" | ഏതുവിഭാഗത്തിന്റെ കളികളെയും മാനിക്കുന്നു. |
| **പ്രതീക്ഷിത സമയം - 30 മിനുട്ട്** | | | |

## പ്രക്രിയാവിശദാംശങ്ങൾ-

അപ്പോം ചുട്ട് അടേം ചുട്ട് എന്ന കളി അറിയാമോ? അറിയാവുന്നവർ ആരെല്ലാം? കുട്ടികളിലാർക്കെങ്കിലും അറിയാമെങ്കിൽ അവർ വന്നു കാണിക്കുന്നു. അറിയില്ലെങ്കിൽ ടീച്ചർ ഒരു കുട്ടിയെ വിളിച്ച് കളി എങ്ങനെയെന്നു ചെയ്തുകാണിക്കുന്നു. അതിനു ശേഷം കുട്ടികൾ രണ്ടുപേരുടെ ടീം ആകുന്നു. അതിൽ ഒരാൾ അപ്പോം ചുട്ട് പോകുന്ന ആളാകണം. ടീച്ചർ താളത്തിൽ കളിവാക്യങ്ങൾ പറയുമ്പോൾ അത് ഏറ്റു പറഞ്ഞ് എല്ലാവരും കളിക്കു

ന്നു. തുടർന്ന് അപ്പം ചുട്ടുപോകുന്ന ആളായി അടുത്ത ആൾ മാറുന്നു.

കളി തുടരുന്നു. കളിയെക്കുറിച്ച് കുട്ടികളുടെ പ്രതികരണങ്ങൾ.

കളി ഇഷ്ടമായെങ്കിൽ ബോർഡിൽ പുഞ്ചിരിക്കുന്ന ഇമോജി വരയ്ക്കുക. ഇഷ്ടമാകാത്തവർ സങ്കടത്തിന്റെയും. എല്ലാ കുട്ടികൾക്കും ഇമോജി വരയ്ക്കാൻ അവസരം നൽകുന്നു. പുഞ്ചിരിക്കുന്ന ഇമോജി ടീച്ചർ വലുതായി കുട്ടികളുടെ പങ്കാളിത്തത്തോടെ വരയ്ക്കുന്നു.

ഏതൊക്കെ പ്രവർത്തനങ്ങളാണ് നിങ്ങൾക്ക് സന്തോഷം തരുന്നത്? ആദ്യത്തെ കാര്യം മാത്രം ടീച്ചർ എഴുതാം. ബാക്കിയുള്ളത് പറയൂ. അവർ പറയുമ്പോൾ ഇതുവരെ പരിചിതമല്ലാത്ത അക്ഷരങ്ങൾ വരുന്ന വാക്കുകൾ വന്നേക്കാം. ആ വാക്കുകൾ ഏറ്റവും താഴെ വരത്തക്ക വിധം എഴുതുക. ഉദാഹരണം ചുവടെ

- കളികൾ
- ..................... (പാട്ടുകൾ)
- ..................... (കലാപരിപാടികൾ)
- .........................
- .........................
- .........................
- .....................(മത്സരങ്ങൾ)

ഇവയെല്ലാം പൊതുവായി പറയുന്ന പേരാണ് വിനോദങ്ങൾ. കൂടുതൽ വിനോദങ്ങളുടെ പേര് പറയാമോ? പറയുന്നവ അപ്പോൾ എഴുതണമെന്നില്ല.

**ചിത്രശേഖരണം**

- രണ്ടു ദിവസം കൊണ്ട് പത്രങ്ങളും മാസികകളും പരിശോധിച്ച് മുതിർന്നവരുടെ സഹായത്തോടെ വിനോദങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് വരുന്നതിന് ധാരണയാകുന്നു.

**പ്രതീക്ഷിത ഉല്പന്നം-**

- വിനോദങ്ങളുടെ ചിത്രച്ചാർട്ട്

**വിലയിരുത്തൽ**

- അപ്പോം ചുട്ട് കളിയിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞോ?
- ചിത്രച്ചാർട്ടിലേക്ക് കുട്ടികൾക്കൊപ്പം ടീച്ചറും ശേഖരിച്ച ചിത്രങ്ങൾ ഒട്ടിക്കുന്നതിൽ കുട്ടികളുടെ പങ്കാളിത്തം എങ്ങനെ?
- വിനോദങ്ങൾക്ക് ഉദാഹരണങ്ങൾ പറയാൻ എത്ര കുട്ടികൾക്ക് കഴിയും?

| |
|---|
| **പ്രവർത്തനത്തിന്റെ പേര് -** അപ്പോം ചുട്ട് (എഴുത്ത്) |
| **പഠനലക്ഷ്യങ്ങൾ.** |
| • മലയാളം ലിപികൾ അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലിപ്പം, ആലേഖന ക്രമം) സഹായത്തോടെ എഴുതി തീമുകളുമായി ബന്ധപ്പെട്ട സന്ദർഭങ്ങളിലെ വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുന്നു.<br>• അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവസന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നു |
| **പ്രതീക്ഷിത സമയം -** 35 മിനുട്ട് |
| **കരുതേണ്ട സാമഗ്രികൾ-** പാഠപുസ്തകം |

**ഊന്നൽ നൽകുന്ന അക്ഷരങ്ങൾ- യ, ള, ട്ട**

**ചിഹ്നങ്ങൾ-** ഓ സ്വരത്തിന്റെ ചിഹ്നം (പോയ് എന്ന വാക്കിൽ. അതിലേ എന്ന വാക്കിലെ ഏയുടെ ചിഹ്നവുമായി താരതമ്യം ചെയ്ത് വ്യത്യാസം ബോധ്യപ്പെടണം)

**പ്രക്രിയാവിശദാംശങ്ങൾ-**

- അപ്പോം ചുട്ട് വീണ്ടും കളിക്കൽ. കിളികിളി കിക്കിളി എന്നത് അവസാനം രണ്ടു തവണ പറയണം
- കളിക്ക് ശേഷം പാട്ട് ഓരോരോ വരികളായി പറയിക്കൽ
- കുട്ടികൾ പറയുന്നത് ടീച്ചർ ബോർഡിൽ എഴുതണം. പ്പ ഘടനവ്യക്തമാക്കിയെഴുതണം.
- സചിത്രപ്രവർത്തന പുസ്തകത്തിൽ ഓരോ വരിയും ഈ സമയം കുട്ടികൾ പൂരിപ്പിച്ച് എഴുതണം.
- അടേം ചുട്ട് എന്ന വരിയിൽ ടേം, ട്ട് എന്നിവ ഘടന പാലിച്ച് ടീച്ചർ പറഞ്ഞ് എഴുതണം.
- അതിലേ പോയ് എന്നതിലെ യ ഘടന ശ്രദ്ധിപ്പിക്കണം.
- കിളികിളി കിക്കിളി എന്നത് പ്രവർത്തനപുസ്തകത്തിലും. പാഠപുസ്തകത്തിലും ഒന്നു കൂടി എഴുതണം. ളയുടെ ഘടന പരിചയപ്പെടുത്തണം. ള ആദ്യമായി പരിചയപ്പെടുത്തുകയാണ്. പാഠപുസ്തകത്തിൽ തെളി





വെടുത്തെഴുതുകയാണ് വേണ്ടത്.

**കട്ടിക്കെഴുത്ത്**

- ചില കുട്ടികൾക്ക് പിന്തുണബുക്കിലൂടെ സഹായം നൽകിയിട്ടും പ്രശ്നം പരിഹരിക്കാനാകുന്നില്ല. എങ്കിൽ എന്തു ചെയ്യും? ഈ വർഷം പുതിയതായി നിർദേശിക്കുന്ന രീതിയാണ് കട്ടിക്കെഴുത്ത് .
    - യ ,ട്ട എന്നീ അക്ഷരങ്ങളുടെ എഴുത്തിൽ പ്രയാസം നേരിടുന്ന കുട്ടികൾക്കായി ചോക്ക് ചരിച്ച് പിടിച്ച് ടീച്ചർ ബോർഡിൽ കട്ടിക്കെഴുത്ത് നടത്തുന്നു.
    - കുട്ടികൾ അതിന് മുകളിലൂടെ എഴുതി ഘടന മനസിലാക്കിയ ശേഷം ബോർഡിൽ സ്വതന്ത്രമായി എഴുതുന്നു. പിന്നെ ബുക്കിൽ എഴുതുന്നു.

ചൂട്ട് എന്ന് ശരിയായി എഴുതിയവർക്ക് അംഗീകാരം നൽകണ്ടേ?

എപ്പോഴൊക്കെയാണ് ശരി നൽകേണ്ടത്?

- പിന്തുണാനടത്തവേളയിൽ ശരിയായ രീതിയിൽ എഴുതിയവരെ കണ്ടാൽ
- തെളിവെടുത്തെഴുതിയത് എഴുതിയത് ശരിയായാൽ
- ടീച്ചറുടെ പിന്തുണസ്വീകരിച്ച് ശരിയാക്കി എഴുതിയാൽ
- പൊരുത്തപ്പെടുത്തി എഴുതി ശരിയാക്കിയാൽ

**വാക്കിന് മാത്രമാണോ ശരി നൽകേണ്ടത്?**

- തുടക്ക പാഠങ്ങളിൽ ഓരോ അക്ഷരത്തിനും ശരി നൽകാം
- പിന്നീട് വാക്കുകൾക്ക് ശരി നൽകണം
- അടുത്ത ഘട്ടത്തിൽ വാക്യത്തിലെ ശരിയായ വാക്കുകൾക്കെല്ലാം ശരി നൽകണം ( കൂടുതൽ ശരിവാങ്ങുന്നതിനായി ഓരോ വാക്കും ശരിയാക്കി എഴുതാനുള്ള ആന്തരിക പ്രചോദനം സൃഷ്ടിക്കാൻ ഇത് ഉപകരിക്കും)

**ശരി മാത്രമാണോ അംഗീകാരത്തിനായി നൽകേണ്ടത്?**

- ഒട്ടിപ്പ് നക്ഷത്രങ്ങളും ഒട്ടിപ്പ് പടങ്ങളും
- ചിത്രം വരച്ചു ചേർക്കൽ



**ഊന്നൽ നൽകിയ അക്ഷരത്തിന്റെ പുനരനുഭവം**

- കെട്ടി എന്ന് എഴുതുമ്പോൾ ട്ട എന്ന അക്ഷരത്തിന്റെ പുതിയ സന്ദർഭമാണ്. നേരത്തെ എഴുതിയത് ഓർമിപ്പിക്കണം. വാട്ടി എന്നതിൽ ട്ടി ഉണ്ട്. അത് തെളിവായി സ്വീകരിക്കാം.
- പടീം കടന്ന് എന്നതിലെ അനുസ്വാരം എഴുതുമ്പോൾ വലുപ്പം കൂടാതെ നോക്കണം.

**ചിഹ്നങ്ങളുടെ താരതമ്യം**

- അതിലേ പോയ് എന്നതിലെ ലേ, പോ എന്നിവ എഴുതുമ്പോൾ രണ്ടു ചിഹ്നങ്ങളാണ് . അതിലേ എന്നതിലെ ലേ ചേർത്ത് ഇതിലേ എന്ന് എഴുതാനുണ്ട്. പോയ് എഴുതിയതിനു ശേഷമാണ് ഇതിലേ വരുന്നത്. കുട്ടികൾക്ക് കുടുതൽ അവ്യക്തത വരുന്നതും പരസ്പരം മാറിപ്പോകുന്നതുമായ ചിഹ്നങ്ങളെ അടുത്തടുത്ത സന്ദർഭങ്ങളിൽ നൽകിയത് താരതമ്യം ചെയ്ത് വ്യത്യാസം തിരിച്ചറിയാനാണ്.

**പാഠപുസ്തകവുമായി ഒത്തുനോക്കൽ**

- പാട്ട് പൂർത്തീകരിച്ചു കഴിഞ്ഞാൽ പാഠപുസ്തകവുമായി ഒത്തു നോക്കി ഓരോ വാക്കിനും ശരി നൽകാൻ നിർദ്ദേശിക്കണം ( സ്വയം വിലയിരുത്തൽ)
    - രണ്ടു പുസ്തകവും തുറന്നുവെക്കണം
    - ഒന്ന് മറയാത്ത വിധം മറ്റൊന്ന് വക്കണം
    - ഓരോ വരിയിലെയും ഓരോ വാക്കും ഒത്തുനോക്കണം. (മാതൃക കാട്ടണം)

**പ്രതീക്ഷിത ഉല്പന്നം-**

- സചിത്രപ്രവർത്തനപുസ്തകത്തിലെ രേഖപ്പെടുത്തൽ

**വിലയിരുത്തൽ**

- പിന്തുണനടത്തത്തിൽ എത്രപേർക്ക് സഹായം വേണ്ടിവന്നു?
- കട്ടിക്കെഴുത്ത് പ്രയോജനം ചെയ്തുവോ?
- സമയബന്ധിതമായി പ്രവർത്തനം തീർക്കുന്നതിന് കഴിഞ്ഞുവോ? എത്ര സമയം വേണ്ടി വന്നു?
- പിന്തുണനടത്തവേളയിൽ ശരിയായി എഴുതിയവർക്ക് അംഗീകാരം നൽകിയോ?
- പാഠപുസ്തകവുമായി ഒത്തുനോക്കി ശരിനൽകൽ പ്രവർത്തനം ഫലപ്രദമായിരുന്നോ?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - മൈമിംഗ് |
| **പഠനലക്ഷ്യങ്ങൾ.** |
| • തീമിനെ അടിസ്ഥാനമാക്കി വിവിധ സന്ദർഭങ്ങളും സംഭവങ്ങളും സംഘം ചേർന്ന് ആസൂത്രണം നടത്തി ചമഞ്ഞുകളികളി, പാവനാടകം, മൈമിംഗ് തുടങ്ങിയവയിലൂടെ ആവിഷ്കരിക്കുന്നു. |
| **പ്രതീക്ഷിത സമയം** - 30 മിനുട്ട് |
| **കരുതേണ്ട സാമഗ്രികൾ-** |

## പ്രക്രിയാവിശദാംശങ്ങൾ-

അപ്പോം ചുട്ട്, അടേം ചുട്ട്, ഇലേം വാട്ടി, പൊതീം കെട്ടി എന്ന വരികളിലെ ആശയം മൈം ചെയ്യുന്നു

- ക്ലാസിന് മൊത്തമായി ഒരേ സമയം ചെയ്യാം
- ഗ്രൂപ്പടിസ്ഥാനത്തിൽ ചെയ്യാം
- സന്നദ്ധതയുള്ളവർക്ക് വന്ന് ചെയ്യാം.
- പരസ്പര വിലയിരുത്തൽ

### പ്രതീക്ഷിത ഉല്പന്നം-

- മൈം ചെയ്യുന്നതിന്റെ വീഡിയോ

### വിലയിരുത്തൽ

- മൈമിംഗിന് മാതൃക ആവശ്യമായി വന്നോ?
- കുട്ടികൾ മൈം ചെയ്യുന്ന രീതി മനസ്സിലാക്കിയോ?
- മൈം ചെയ്യുമ്പോൾ ആശയം വ്യക്തമാകാതെ പോയ ഗ്രൂപ്പുകളുണ്ടോ?
- അവർക്ക് എന്ത് സഹായമാണ് നൽകിയത്?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - എലിയും പൂച്ചയും |
| **പഠനലക്ഷ്യങ്ങൾ.**<br>• വിവിധ കളികളിലൂടെ ആവശ്യാനുസരണമുള്ള ശാരീരിക ചലനം, ഏകോപനം, തീരുമാനമെടുക്കാനുള്ള കഴിവ് എന്നിവ നേടുന്നു<br>• വിവിധജീവികളുടെ സഞ്ചാരരീതികൾ അനുകരിക്കുന്നു.<br>• പലവേഗതയിലുള്ള ഓട്ടം, പലതരം ചാട്ടം, എറിയൽ, പിടിക്കൽ, സന്തുലനം പാലിക്കൽ മുതലായവയിലൂടെ അടിസ്ഥാന ചലനനൈപുണികൾ നേടുന്നു. |
| **പ്രതീക്ഷിത സമയം** - 30 മിനുട്ട് |
| **കരുതേണ്ട സാമഗ്രികൾ**- 10 വളയങ്ങൾ, സംഗീത ഉപകരണം |

## പ്രക്രിയാവിശദാംശങ്ങൾ-

### എലിയും പൂച്ചയും (Car & Rat)

- കുട്ടികൾ അതിരുകൾക്കുള്ളിൽ പലയിടത്തായി നിൽക്കുന്നു.
- അതിൽ ഒരു കുട്ടിയെ പൂച്ച ആയി തിരഞ്ഞെടുക്കുന്നു. ബാക്കി എല്ലാ കുട്ടികളും എലികൾ ആണ്.
- പൂച്ചയോട് എലികളെ ഓടിപ്പിടിക്കാൻ നിർദേശിക്കുന്നു.
- പൂച്ച ഓടി അപ്പുറത്തെത്തുമ്പോൾ എലികൾ ഒരു കാലിൽ നിൽക്കുകയാണെങ്കിൽ അവർ സുരക്ഷിതരായിരിക്കും.
- അതേസമയം ഇരുകാലുകളും തറയിൽ വച്ച് നിൽക്കുകയൊ ഓടുകയോ ചെയ്യുമ്പോൾ പൂച്ച എലിയെ പിടിക്കുകയാണെങ്കിൽ ആ കുട്ടി പൂച്ചയായി മാറി മറ്റ് എലികളെ പിടിക്കാൻ പോകണം.
- ഒരു കുട്ടി ഒന്നിൽ കൂടുതൽ പ്രാവശ്യം പൂച്ചയാകുകയാണെങ്കിൽ മറ്റൊരു കുട്ടിയെ പൂച്ചയായി കണ്ടെത്തി കളി തുടരാവു ന്നതാണ്.

### വളയക്കളി (Musical Hoops)

ആവശ്യമുള്ള ഉപകരണങ്ങൾ: 10 വളയങ്ങൾ, സംഗീത ഉപകരണം

- പത്ത് വളയങ്ങൾ വൃത്താകൃതിയിൽ വിന്യസിക്കുക. ( വളയങ്ങൾ ലഭ്യമല്ലെങ്കിൽ വൃത്താകൃതിയിൽ തറയിൽ വരച്ചാലും മതി)
- സംഗീതം തുടങ്ങുമ്പോൾ കുട്ടികളോട് - വളയങ്ങൾക്ക് ചുറ്റും ഓടാൻ നിർദേശിക്കുക.
- സംഗീതം നിൽക്കുമ്പോൾ കുട്ടികൾ വളയത്തിനുള്ളിൽ കയറി നിൽക്കുന്നു.

- ഒരു വളയം മാറ്റിയതിനുശേഷം വീണ്ടും സംഗീതത്തിന് അനുസരിച്ച് - കുട്ടികൾ ഓടുന്നു.
- ഓരോ പ്രാവശ്യം സംഗീതം നിൽക്കുമ്പോഴും ഒരു വളയം വീതം മാറ്റണം.
- ഏറ്റവും കുറഞ്ഞ വളയത്തിൽ മുഴുവൻ കുട്ടികളും നിൽക്കാൻ നിർദേശിക്കുക. അവസാനം ഒരു വളയത്തിൽ പരമാവധി നിൽക്കാവുന്ന കുട്ടികൾ എത്രയെന്ന് കണ്ടെത്തുന്നു

**പ്രതീക്ഷിത ഉല്പന്നം-**

- കളികളിലേർപ്പെടുന്നതിന്റെ ഡിജിറ്റൽ പോർട്ട് ഫോളിയോ.

**വിലയിരുത്തൽ**

- നിർദ്ദേശം അനുസരിച്ച് പ്രവർത്തിക്കുന്നതിന് കുട്ടികൾക്ക് കഴിയുന്നുണ്ടോ?
- വേഗത്തിൽ ഓടുന്നതിന് സ്ഥലസൗകര്യം ഉള്ള സ്ഥലം കണ്ടെത്തുന്നതിൽ കുട്ടികളുടെ നിർദ്ദേശം സ്വീകരിച്ചുവോ?
- ഒറ്റക്കാലിൽ നിൽകുന്നതിനുള്ള പരിശീലനമായി കളി മാറിയോ?
- കളിയിൽ വേണ്ടത്രപങ്കാളിത്തമില്ലാത്തെ കുട്ടികളുണ്ടോ?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - അപ്പോം ചുട്ട് (വായന) |
| **പഠനലക്ഷ്യങ്ങൾ.** |
| പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുന്നു |
| **പ്രതീക്ഷിത സമയം** - 35 മിനുട്ട് |
| **കരുതേണ്ട സാമഗ്രികൾ-** |

## പ്രക്രിയാവിശദാംശങ്ങൾ

**കണ്ടെത്തൽ വായന (വാക്യങ്ങൾ)**

- ആഹാരസാധനങ്ങളുടെ പേരുള്ള വരികൾ എത്രയുണ്ട്?

**കണ്ടെത്തൽ വായന (വാക്കുകൾ)**

- ഒരേ പോലെ അവസാനിക്കുന്ന വാക്കുകൾ കണ്ടെത്താമോ? (ചുട്ട്, വാട്ടി, കെട്ടി, പോയ്)
- അപ്പോം, അടേം, അതിലേ, ഇതിലേ ഇതുപോലെ ഒരേ പോലെ വരുന്ന വാക്കുകൾ വേറെയുണ്ടോ?
- കണ്ടെത്തൽ വായന (ഊന്നൽ നൽകുന്ന അക്ഷരമുള്ള വരികൾ, വാക്കുകൾ, അക്ഷരങ്ങൾ)
- ചുട്ട്, വാട്ടി എന്നിവ ട്ട വരുന്ന വാക്കുകളാണ്. വേറെയുണ്ടോ?
- ഏത് അക്ഷരം കൂടുതൽ തവണ?
- ഒരു വരിയിൽ ഒരക്ഷരം മൂന്നു തവണയുണ്ട് . ഏതാണ് ആ വരി?
- അ, ഇ, തി, ലേ, പോ ഇതിലേത് അക്ഷരമാണ് പാട്ടിൽ കൂടുതൽ തവണയുള്ളത്?

**ക്രമത്തിൽ വായിക്കൽ**

- ഒരു വരി ഒരാൾ
- ഒരാൾ നിറുത്തിയിടത്ത് നിന്ന് അടുത്തയാൾ

**പറയുന്ന ക്രമത്തിൽ വാക്യങ്ങൾ വായിക്കൽ**

- ഇലയിൽ തുടങ്ങുന്ന വരി മുതൽ മൂന്നു വരികൾ
- അവസാനത്തെ മൂന്നു വരി
- അയിൽ തുടങ്ങുന്ന വരികൾ

**താളാത്മക വായന / നോക്കിച്ചൊല്ലൽ**

- സഹവർത്തിത സംഘം

**പ്രതീക്ഷിത ഉല്പന്നം-**

**വിലയിരുത്തൽ**

- കണ്ടെത്തൽ വായനയുടെ ഓരോ ഘട്ടത്തിലും കുട്ടികൾ മാറി മാറി വരുന്നുവെന്ന് ഉറപ്പാക്കിയോ?
- അവസരം കൂടുതൽ കിട്ടുന്നകുട്ടികളും കുറവ് കിട്ടുന്ന കുട്ടികളും ഉണ്ടോ?
- കണ്ടെത്തൽ വായനയിൽ സഹായം നൽകേണ്ടി വന്നോ? ( കുട്ടികളുടെയും ടീച്ചറുടെയും)
- വായനപ്രവർത്തനത്തിലെ തിരിച്ചറിവുകൾ എന്തെല്ലാമാണ്?

വായനപാഠം - അനുബന്ധം നോക്കുക

| **പ്രവർത്തനത്തിന്റെ പേര്-** ക്ലാസ് എഡിറ്റിംഗ് |
|---|
| **പഠനലക്ഷ്യങ്ങൾ**<br>• അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവ സന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും ഒറ്റയ്ക്കും കൂട്ടായും മുതിർന്നവരുടെ സഹായത്തോടെയും രചനകൾ താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തുന്നതിനും കഴിയുന്നു. |
| **പ്രതീക്ഷിത സമയം** : 10 മിനുട്ട് |

## പ്രക്രിയാവിശദാംശങ്ങൾ

ഇന്ന് നാം വായിച്ചതും എഴുതിയതുമായ വാക്യങ്ങൾ പറയാമോ? പറയിക്കുന്നു. ആർക്കെല്ലാം വന്ന് അറിയാവുന്ന വാക്യങ്ങൾ ബോർഡിൽ എഴുതാം? ചെറുകഷണം ചോക്കുകൾ നൽകുന്നു. എല്ലാവരും വന്ന് ബോർഡിൽ എഴുതി എന്നുറപ്പാക്കണം. അതിനു ശേഷമാണ് എഡിറ്റിംഗിനുള്ള ചോദ്യങ്ങൾ ഉന്നയിക്കേണ്ടത്. എന്തെല്ലാമാണ് പരിഗണിക്കുക? (മുൻ യൂണിറ്റുകളിലെ പരിഗണനകൾ നോക്കുക).

| | |
|---|---|
| ബോർഡെഴുത്ത് പ്രായോഗികമാക്കാൻ പ്രയാസം. എന്ത് ചെയ്യണം? | ഇരുപതിൽ കൂടുതൽ കുട്ടികളുള്ള ക്ലാസുകളിലാണ് ഇത് നേരിടുന്നത്. ഒരു ദിവസം അഞ്ച് കുട്ടികൾ ബോർഡെഴുത്തിൽ പങ്കാളികളാകട്ടെ. ഒരാഴ്ചകൊണ്ട് എല്ലാവർക്കും അവസരം കിട്ടുന്ന രീതിയിൽ ക്രമീകരണം ഉണ്ടാകണം. എഡിറ്റിംഗ് എല്ലാവരുടെയും ചിന്ത പ്രയോജനപ്പെടുത്തി നടത്തണം. |
| കുട്ടികൾ ബോർഡിൽ എഴുതുന്നത് വായിക്കാൻ കഴിയുന്നില്ല | ചോക്ക് പിടിക്കുമ്പോൾ കൈ ബോർഡിൽ മുട്ടിച്ച് എഴുതിയാൽ അക്ഷരവലുപ്പം കുറയും.<br>കൈ ബോർഡിൽ സ്പർശിക്കാതെ എഴുതുന്ന രീതി പരിശീലിപ്പിക്കണം.<br>ചിലർക്ക് കൈപിടിച്ച് ഒത്തെഴുത്ത് നടത്തണം. |

### പ്രതീക്ഷിത ഉല്പന്നം

- ബോർഡിൽ കുട്ടികളെഴുതിയത് മെച്ചപ്പെടുത്തി എഴുതിയശേഷമുള്ള ഫോട്ടോ

### വിലയിരുത്തൽ

- പരസ്പരം വിലയിരുത്തി മെച്ചപ്പെടുത്താനുള്ള കഴിവ് കുട്ടികളിൽ വളർന്നു വരുന്നുണ്ടോ?
- ബോർഡ് എഡിറ്റിംഗിന് ശേഷം സ്വന്തം ബുക്കിലെ രേഖപ്പെടുത്തൽ ഒത്തു നോക്കിയപ്പോൾ മെച്ചപ്പെടുത്തൽ വേണമെന്ന് തിരിച്ചറിഞ്ഞവരുണ്ടോ?
- ബോർഡിൽ വലുപ്പത്തിൽ എഴുതാൻ എത്രപേർ ശ്രദ്ധിച്ചു?
- ആർക്കൊക്കെയാണ് കൂടുതൽ സഹായം തുടർപ്രവർത്തനങ്ങളിൽ വേണ്ടത്?



| **പ്രവർത്തനത്തിന്റെ പേര്** - ചിത്രത്തിലെ കളികൾ -വാചിക വിവരണം (EVS) | | | |
|---|---|---|---|
| രൂപീകരിക്കേണ്ട ആശയംങ്ങൾ | പഠനലക്ഷ്യങ്ങൾ | പ്രക്രിയാശേഷികൾ | മനോഭാവം, മൂല്യങ്ങൾ |
| "പലതരം കളികൾ നാട്ടിലുണ്ട്. കുട്ടികൾക്കും മുതിർന്നവർക്കും പറ്റിയ കളികളുണ്ട്. എല്ലാവരും കളികൾ ഇഷ്ടപ്പെടുന്നു." | നാട്ടിലുള്ള കളികളെക്കുറിച്ച് അന്വേഷിച്ചറിയുന്നു. പരിചിതമായ കളികളുടെ പ്രത്യേകതകൾ പറയുന്നു. പല പ്രായക്കാർ ഏർപ്പെടുന്ന കളികൾക്ക് ഉദാഹരണങ്ങൾ കണ്ടെത്തുന്നു. | കളികളെ പലരീതിയിൽ തരംതിരിക്കുന്നു. | സഹകരണമനോഭാവം. |
| **പ്രതീക്ഷിത സമയം** - 35 മിനുട്ട് | | | |

## പ്രക്രിയാവിശദാംശങ്ങൾ-

പാഠപുസ്തകത്തിലെ ചിത്രങ്ങൾ പേജ് 18,19, സചിത്രപ്രവർത്തനപുസ്തകത്തിലെ പേജുകൾ ( ആർപ്പോ ഇർറോ) എന്നിവ നിരീക്ഷിക്കുന്നു. അതിൽ ഏതെല്ലാം കളികൾ പരിചിതമാണ്?

തുടർന്ന് ചിത്രത്തിലുള്ള കളികളിൽ പരിചിതമായതിനെക്കുറിച്ച് വിവരിക്കണം

- ഒരാൾ ഒരു കളിയെക്കുറിച്ച് പറയുന്നു
- കൂട്ടുകാർക്ക് കൂട്ടിച്ചേർക്കാൻ അവസരം
- ടീച്ചർക്കും കൂട്ടിച്ചേർക്കാം

കളിക്ക് വേണ്ട മുന്നൊരുക്കം, കളിയുടെ രീതി, നിയമങ്ങളുണ്ടെങ്കിൽ അത് എന്നിവ വ്യക്തമാക്കണം.

മുതിർന്നവർ കളിക്കുന്നതും കുട്ടികൾ കളിക്കുന്നതും ഏതെല്ലാം?

ചിത്രത്തിലുള്ളവ നിരീക്ഷിച്ച് പറയാം. അതിനു ശേഷം അറിയാവുന്ന കൂട്ടിച്ചേർക്കാം



കളികളുടെ ചിത്രങ്ങൾ ഒട്ടിച്ച് ചിത്രപ്പട്ടിക തയ്യാറാക്കാം

| മുതിർന്നവർ കളിക്കുന്നവ | കുട്ടികൾ കളിക്കുന്നവ |
|---|---|
| വള്ളംകളി | • ഒളിച്ചേ കണ്ടേ കളി<br>• കഞ്ഞിയും കറിയും കളി |

കൂടുതൽ കളികളെക്കുറിച്ച് രക്ഷിതാക്കളോട് അന്വേഷിച്ച് അറിഞ്ഞത് ക്ലാസിൽ പങ്കിടുന്നു

- എന്തൊക്കെ അന്വേഷിക്കണം?
  - വിവിധതരം കളികളും അവയുടെ വിശദാംശങ്ങളും
    - കുട്ടികളുടെ കളികൾ
    - ആഘോഷങ്ങളുമായി ബന്ധപ്പെട്ട കളികൾ
    - മുതിർന്നവരുടെ കളികൾ
    - മത്സരക്കളികൾ ( ക്രിക്കറ്റ് പോലെയുള്ളവ)
    - ......................................

എല്ലാ പ്രായത്തിലുള്ളവരും വിനോദങ്ങൾ ഇഷ്ടപ്പെടുന്നു.

**പ്രതീക്ഷിത ഉല്പന്നം-**

- ക്ലാസിൽ രൂപപ്പെട്ട ചാർട്ട്
- ചിത്രപ്പട്ടിക

**വിലയിരുത്തൽ**

- കുട്ടികൾ, മുതിർന്നവർ തുടങ്ങി എല്ലാപ്രായക്കാരും കളിക്കുന്ന കളികൾക്ക് ഉദാഹരണം പറയാൻ എല്ലാ കുട്ടികൾക്കും കഴിവു നേടിയോ?
- തരംതിരിക്കുന്ന പ്രവർത്തനത്തിൽ ഓരോ കോളത്തിലേക്കും അനുയോജ്യമായ പേരുകളാണോ അവർ നൽകിയത്?
- ചിത്രത്തെ ആസ്പദമാക്കി കളിവിവരണം നടത്തുന്നതിന് എത്രപേർക്ക് അവസരം ലഭിച്ചു? മറ്റുള്ളവർക്ക് അവസരം ലഭിക്കുന്നതിന് എന്താണ് മാർഗം?
- കുട്ടികൾക്ക് പരിചിതമല്ലാത്ത (ഉദാഹരണം വള്ളം കളി) കളികൾ അവരെ പരിചയപ്പെടുത്തിയതെങ്ങനെ? ( വീഡിയോപ്രദർശനം, ചിത്രവിവരണം, സിമുലേഷൻ..)



| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - അനുകരണക്കളി |
| **പഠനലക്ഷ്യങ്ങൾ.** |
| • വിവിധ കളികളിലൂടെ ആവശ്യാനുസരണമുള്ള ശാരീരിക ചലനം, ഏകോപനം, തീരുമാനമെടുക്കാനുള്ള കഴിവ് എന്നിവ നേടുന്നു<br>• വിവിധജീവികളുടെ സഞ്ചരണരീതികൾ അനുകരിക്കുന്നു.<br>• പലവേഗതയിലുള്ള ഓട്ടം, പലതരം ചാട്ടം, ഏറിയൽ, പിടിക്കൽ, സന്തുലനം പാലിക്കൽ മുതലായവയിലൂടെ അടിസ്ഥാന ചലനനൈപുണികൾ നേടുന്നു. |
| **പ്രതീക്ഷിത സമയം** - 30 മിനുട്ട് |

## പ്രക്രിയാവിശദാംശങ്ങൾ-

**കുതിരച്ചാട്ടം (Galloping)**

- ഒരു പാദം മറ്റൊന്നിന്റെ മുന്നിലായി വയ്ക്കുക.
- പിന്നീട് മുമ്പിലുള്ള പാദം ഉപയോഗിച്ച് മുന്നോട്ട് ചലിക്കുക/കുതിക്കുക.
- അതേ സമയം മറ്റേ പാദം ഉയർത്തി ആദ്യ പാദത്തോടൊപ്പം പിൻതുടർന്ന് ചലിപ്പിക്കുക.
- കാലുകൾ ഓരോ ചാട്ടത്തിന് ശേഷവും ആദ്യത്തേതു പോലെ പ്രതലത്തിൽ പതിപ്പിക്കാൻ ശ്രമിക്കുക.
- എതിർദിശയിൽ ഇത്തരം ചലനം ആവർത്തിക്കാവുന്നതാണ്.
- ചലനത്തോടൊപ്പം ശരീരം ഉയർത്താൻ ശ്രമിക്കണം.
- ഗാലപ്പിങ്ങിന്റെ (കുതിരച്ചാട്ടം) വലിപ്പം മാറ്റാവുന്നതാണ്. ഇരുപാദങ്ങൾക്കും പരസ്പരം നയിക്കുവാനുള്ള അവസരം ലഭിക്കണം.

**പ്രതീക്ഷിത ഉല്പന്നം-**

- കുതിരച്ചാട്ടം വീഡിയോ, ഫോട്ടോ

**വിലയിരുത്തൽ**

- നിർദേശങ്ങൾ പ്രകാരം പ്രവർത്തിക്കാൻ എല്ലാവർക്കും കഴിഞ്ഞുവോ?
- മാതൃക നൽകിയപ്പോൾ വ്യക്തത ലഭിച്ചുവോ?
- കുതിരച്ചാട്ടം മത്സരമായി നടത്തിയപ്പോൾ കുട്ടികളുടെ പ്രതികരണം എങ്ങനെ?

**പ്രവർത്തനത്തിന്റെ പേര്** -കളിനിയമങ്ങളും കളിയും ( പരിസരപഠനം, കായിക വിദ്യാഭ്യാസം)

| രൂപീകരിക്കേണ്ട ആശയങ്ങൾ | പഠനലക്ഷ്യങ്ങൾ | പ്രക്രിയാശേഷികൾ | മനോഭാവം, മൂല്യങ്ങൾ |
|---|---|---|---|
| ഓരോ കളിക്കും അതിന്റേതായ നിയമങ്ങളും രീതികളും ഉണ്ട്. | കളികൾക്ക് നേതൃത്വം നൽകുന്നതിനും നിയമങ്ങൾ പാലിക്കുന്നതിനും കഴിവു നേടുന്നു | പങ്കാളികളുമായി ആശയവിനിമയം നടത്തുക. | കളികളിൽ ജനാധിപത്യപരമായി പെറുമാറുന്നു. |
| "കളികളുടെ ഭാഗമാണ് തോൽവിയും ജയവും" | കളികളിൽ പങ്കെടുത്ത എല്ലാവരുമായി സൗഹൃദം തുടർന്നും നിലനിറുത്താൻ കഴിയുന്നു. | സാമൂഹിക നൈപുണികൾ | കൂട്ടായ്മയ്ക്കു വേണ്ടി നിലകൊള്ളാനുള്ള സന്നദ്ധത |

**പഠനലക്ഷ്യങ്ങൾ.**

- വിവിധ കളികളിലൂടെ ആവശ്യാനുസരണമുള്ള ശാരീരിക ചലനം, ഏകോപനം, തീരുമാനമെടുക്കാനുള്ള കഴിവ് എന്നിവ നേടുന്നു
- വിവിധജീവികളുടെ സഞ്ചരണരീതികൾ അനുകരിക്കുന്നു.
- കളികൾ, പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിന് ആവശ്യമായ നിയമങ്ങളും മാനദണ്ഡങ്ങളും കൂട്ടായി വികസിപ്പിക്കുന്നതിനും പാലിക്കുന്നതിനും കഴിയുന്നു.

**പ്രതീക്ഷിത സമയം** - 35 മിനുട്ട്

**കരുതേണ്ട സാമഗ്രികൾ-** 4 ബോൾ

## പ്രക്രിയാവിശദാംശങ്ങൾ-

**കങ്കാരു ഓട്ടം (Kangaroo Run)**

- കുട്ടികളെ നാല് ഗ്രൂപ്പുകളാക്കുക. നാല് ഗ്രൂപ്പും സ്റ്റാർട്ടിംഗ് ലൈനിന് മുന്നിൽ വരിവരിയായി നിൽക്കുക.
- സ്റ്റാർട്ടിംഗ് ലൈനിൽ നിന്നും 5 മീ. അകലെ ഓരോ ഗ്രൂപ്പിനും മുന്നിലായി ഓരോ കോൺ വയ്ക്കുക.
- അധ്യാപിക സിഗ്നൽ നൽകുമ്പോൾ ഓരോ ഗ്രൂപ്പിലും തന്നിരിക്കുന്ന ബോൾ വരിയുടെ മുന്നിൽ നിൽക്കുന്ന കുട്ടിയുടെ കാൽമുട്ടിന് ഇടയിൽ വച്ച്, ഇരുകാലുകളും ഉപയോഗിച്ച് ചാടി, മുന്നിൽ വച്ചിരിക്കുന്ന കോൺ വലം വച്ച്, സ്റ്റാർട്ടിംഗ് ലൈനിൽ എത്തി പൂർത്തീകരിക്കുക.
- അതിനുശേഷം ഗ്രൂപ്പിലെ രണ്ടാമത്തെ കുട്ടി ഈ പ്രവർത്തനം തുടരുക.
- ഗ്രൂപ്പിലെ എല്ലാ കുട്ടികളും ഇതേ പ്രവർത്തനം ആവർത്തിച്ച്, ആദ്യം ഫിനിഷ് ചെയ്യുന്ന ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുക
- കുട്ടികൾ നിർദേശങ്ങൾ നൽകുന്നു
- പുതിയ ഗ്രൂപ്പുണ്ടാക്കണം. അഞ്ച് ഗ്രൂപ്പ്
- ഒരു ഗ്രൂപ്പ് കളി നടത്തിപ്പുകാരാണ്. കളിക്കേണ്ട വിധം അവർ പറഞ്ഞ് മറ്റുള്ളവരെക്കൊണ്ട് കളിപ്പിക്കണം.

**പ്രതീക്ഷിത ഉല്പന്നം-**

**വിലയിരുത്തൽ**

- കുട്ടികൾക്ക് കളി നടത്താനുള്ള ചുമതല നൽകിയപ്പോൾ നേതൃത്വശേഷി പ്രകടിപ്പിച്ചവരാരെല്ലാം?
- ഗ്രൂപ്പുകളാക്കി നടത്തിയത് മത്സരസ്വഭാവവും പങ്കാളിത്തവും ഉറപ്പാക്കുന്നതിന് സഹായകമായോ?

**പ്രവർത്തനത്തിന്റെ പേര്** - പട്ടത്തെ നിർമ്മിക്കാം.

**പഠനലക്ഷ്യങ്ങൾ.**

- സൂക്ഷ്മപേശീവികസനത്തിന് സഹായകമായ രീതിയിൽ വിവിധ ആവശ്യങ്ങൾക്കായി കടലാസുകൾ മടക്കുക, കീറുക, മുറിക്കുക, ഒട്ടിക്കുക, ചുരുട്ടുക തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

**പ്രതീക്ഷിത സമയം** - 30 മിനുട്ട്

| |
|---|
| **കരുതേണ്ട സാമഗ്രികൾ-** കളർപേപ്പർ, പശ |

## പ്രക്രിയാവിശദാംശങ്ങൾ-

### പശ്ചാത്തലം ഒരുക്കൽ

- ദേ നോക്കിക്കേ. ടീച്ചർ മുകളിലേക്ക് നോക്കുന്നു. എന്തോ കാണുന്നതായി അഭിനയിക്കുന്നു. തനിയെ ഉച്ചത്തിൽ സംസാരിക്കുന്നു. തത്തയാണോ? കാക്കയാണോ? വിമാനമാണോ?
- അല്ലല്ലോ? നിങ്ങൾ കാണുന്നില്ലേ? അതാ അവിടെ എന്തോ പറക്കുന്നത്?
- ഒന്നുകൂടി ശ്രദ്ധിച്ചു നോക്കിക്കേ
- നീണ്ട നൂല് താഴേക്ക് കാണുന്നില്ലേ... ആരായിരിക്കും മാനത്ത് ?

### കുട്ടികളുടെ പ്രതികരണങ്ങൾ

നമ്മൾക്ക് പട്ടത്തെ ഉണ്ടാക്കിയാലോ?

പേപ്പർ മടക്കി പട്ടത്തെ നിർമ്മിച്ച് നിറം നൽകുന്നു

### പ്രതീക്ഷിത ഉല്പന്നം-

- പട്ടം

### വിലയിരുത്തൽ

- എല്ലാവരും പട്ടത്തെ നിർദിഷ്ടസ്ഥാനത്ത് സചിത്രപുസ്തകത്തിൽ ഒട്ടിച്ചോ?
- നിർദ്ദേശങ്ങൾ കേട്ട് മനസ്സിലാക്കി പ്രവർത്തിക്കുന്നതിന് കഴിഞ്ഞോ?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - മാനത്ത് പട്ടം (എഴുത്ത്) |
| **പഠനലക്ഷ്യങ്ങൾ.** |
| • മലയാളം ലിപികൾ അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലിപ്പം, ആലേഖന ക്രമം) സഹായത്തോടെ എഴുതി തീമുകളുമായി ബന്ധപ്പെട്ട സന്ദർഭങ്ങളിലെ വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുന്നു.<br>• അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവസന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നു |
| **പ്രതീക്ഷിത സമയം** - 35 മിനുട്ട് |
| **കരുതേണ്ട സാമഗ്രികൾ-**<br>ഓരോ ഗ്രൂപ്പിനും പഠനോപകരണ കിറ്റ് ( ചതുരക്കടലാസ്, ക്രയോൺസ്, പശ, സ്കെച്ച് പേന, നീലകളർ പേപ്പറിൽ മേഘത്തിന്റെ ആകൃതിയിൽ വെട്ടിയത് ) |

### ക്ലാസ് ക്രമീകരണം

- ചതുരാകൃതിയിലുള്ള ക്ലാസ് ക്രമീകരണം എല്ലാവർക്കും ബോർഡിലും ചാർട്ടിലും എഴുതുന്നത് കൃത്യമായി കാണും വിധത്തിലായിരിക്കണം .
- ടീച്ചർക്ക് ഓരോ പങ്കാളിക്കുമൊപ്പം പിന്തുണയെഴുത്ത് കഴിയും വിധത്തിൽ ഇരിപ്പിട ക്രമീകരണം

### പരിചയപ്പെടുത്തുന്ന പുതിയ അക്ഷരം

ണ്ട, ത്ത

## പ്രക്രിയാവിശദാംശങ്ങൾ-

"നമുക്ക് പട്ടത്തെ ബുക്കിലാക്കിയാലോ '?

- വർക്ക് ബുക്കിൽ പട്ടത്തിനെ പാഠത്തിൽ ഒന്നാം പേജിൽ വലതുഭാഗത്ത് മുകളിലായി മുൻ പ്രവർത്തനത്തിൽ നിർമ്മിച്ച പട്ടത്തെ ഒട്ടിക്കുന്നു. എവിടെയാണോ ഒട്ടിക്കേണ്ടത് അവിടെ ഒരു കുത്തിടുക. എന്നിട്ട് ആ കുത്തിൽ ഒരു തുള്ളി പശ തേക്കുക. അതിനു മേലെ ചതുരക്കടലാസ് ഇങ്ങനെ വെച്ച് അമർത്തുക.
- ടീച്ചർ വലുപ്പത്തിൽ എടുത്ത ചിത്രം ചാർട്ടിൽ ഒട്ടിച്ച് പട്ടത്തെയും ഒട്ടിച്ച് കാണിക്കണം .
- പട്ടത്തിന്റെ വാലിന്റെ ഭാഗം കുട്ടികൾ വരച്ചു ചേർക്കുന്നു. വാൽ അടുത്ത പേജിലേക്ക് പോകാം.

ആകാശത്തുകൂടി വിമാനം പറന്നു പോകുന്ന കണ്ടാൽ നിങ്ങൾ ആരെയെങ്കിലും വിളിച്ചു കാണിക്കുമോ?

എന്തായിരിക്കും പറയുക? വിമാനം വിമാനം

ആകാശത്തുകൂടി മനോഹരമായ പട്ടം പറന്നു പോകുന്നത് കണ്ടാൽ കൂട്ടുകാരെ വിളിച്ചു കാണിക്കുമോ?

എന്താകും പറയുക?

പട്ടം പട്ടം

### ചാർട്ടെഴുത്ത്

- സാവധാനം അക്ഷരം വേർതിരിച്ച് മനസ്സിലാകും വിധം പറഞ്ഞ് ചാർട്ടെഴുത്ത്. (ഘടന, വാക്കകലം എന്നിവ പാലിക്കണം. ഈ സന്ദർഭത്തിൽ ഘടന പറയേണ്ടതില്ല)

ഇനി നമ്മൾക്ക് എഴുതിയാലോ? ടീച്ചർ ഒന്നുകൂടി എഴുതാം

**ബോർഡെഴുത്ത്**

- ഘടന പറഞ്ഞ് സാവധാനം ബോർഡിൽ പട്ടം എന്ന് എഴുതുന്നു. ഒന്നോ രണ്ടോ തവണ. ( പയുടെ ഘടന, ട്ടയുടെ തുടക്കവും വളവുകളും, അനുസാരത്തിന്റെ വലുപ്പം എന്നിവ ശ്രദ്ധിപ്പിക്കണം )

പട്ടം എന്ന് ബുക്കിലെഴുതാം. എവിടെ ഇടതു വശത്ത് മുകളിൽ.

**സചിത്രബുക്കിലെഴുത്ത്**

- പെൻസിൽ എടുത്ത് എല്ലാവരും എഴുതൂ.

**പിന്തുണാനടത്തവും പിന്തുണബുക്കിലെഴുത്തും**

**തെളിവെടുത്തെഴുത്ത്.**

- ദേ ടീച്ചർ ചാർട്ടിൽ രണ്ടു തവണ പട്ടം എന്ന് എഴുതിയിട്ടുണ്ട്. ആദ്യം പട്ടം എന്ന് എഴുതിയതു പോലെ അല്പം അകലമിട്ട് പട്ടം എന്ന്  എഴുതൂ.

**കട്ടിക്കെഴുത്ത്**

- ട്ട എന്ന അക്ഷരത്തിന്റെ എഴുത്തിൽ പ്രയാസം നേരിടുന്ന കുട്ടികൾ ഉണ്ടെങ്കിൽ ചോക്ക് ചരിച്ച് പിടിച്ച് ടീച്ചർ ബോർഡിൽ കട്ടിക്കെഴുത്ത് നടത്തുന്നു.
- കുട്ടികൾ അതിന് മുകളിലൂടെ എഴുതി ഘടന മനസിലാക്കിയ ശേഷം ബോർഡിൽ സ്വതന്ത്രമായി എഴുതുന്നു. പിന്നെ ബുക്കിൽ എഴുതുന്നു.
- എല്ലാവരും പട്ടം പട്ടം എന്ന് എഴുതിക്കഴിഞ്ഞാൽ ഓരോ അക്ഷരത്തിനും ശരി നൽകുന്നു.
- പ യുടെ ഘടന, ട്ട, അനുസാരം എന്നിവ ശരിയാക്കി വേണം അംഗീകാരം നൽകാൻ.

എവിടെയാണ് പട്ടം?

മാനത്ത് പട്ടം

ബുക്കിൽ മാനം വേണ്ടേ?

ചാർട്ടിലും ബുക്കിലും മേഘത്തിന്റെ ചെറു കട്ടൗട്ട് ഒട്ടിക്കുന്നു.

**ചാർട്ടെഴുത്ത്**

- ഘടന, വാക്കകലം എന്നിവ പാലിച്ച് സാവധാനം ഉറക്കെ പറഞ്ഞ് ടീച്ചർ ചാർട്ടിൽ എഴുതുന്നു. ( മാനത്ത് ........)
- ത്ത ആദ്യമായി പരിചയപ്പെടുത്തുകയാണ്. എല്ലാവരും എഴുത്തു രീതി ശ്രദ്ധിക്കുന്നുവെന്ന് ഉറപ്പാക്കണം

**ബോർഡെഴുത്ത്**

- നിങ്ങൾ സചിത്രപ്രവർത്തനപുസ്തകത്തിൽ ചിത്രത്തിന് ഇടതുവശത്ത് വരയിട്ട ഭാഗത്ത് എഴുതണം. അതിനു മുമ്പ് ടീച്ചർ ഒന്നുകൂടി എഴുതാം എന്ന് പറഞ്ഞു കൊണ്ട് ബോർഡിൽ ത്ത യുടെ ഘടന പറഞ്ഞ് മാനത്ത് ..... എന്ന്   എഴുതുന്നു. മാ, ന, ത്ത് എന്നിവ വേറിട്ടും എഴുതിക്കാണിക്കുന്നു.  മാനത്ത് എന്ന് കൂട്ടിയെഴുതിയും കാണിക്കുന്നു. ഇനി നിങ്ങൾ ബുക്കിലെഴുതൂ

**സചിത്രപ്രവർത്തനപുസ്തകത്തിൽ എഴുത്ത്**

- മാനത്ത് പട്ടം എന്നാണ് എഴുതേണ്ടത്. പട്ടം എന്ന് നേരത്തെ എഴുതിയതാണ്. അത് തെളിവായി എടുക്കാം. അതു നോക്കി എഴുതാം. മാനത്ത് പട്ടം എന്ന് രണ്ടാമത്തെ വരിയിൽ എഴുതുന്നു

**പിന്തുണനടത്തം**

പിന്തുണബുക്കും ഹൈലൈറ്ററും ഉപയോഗിച്ച് പിന്തുണ നൽകുന്നു. വ്യക്തിഗത പിന്തുണ ആവശ്യമുള്ള കുട്ടിക്കൊപ്പം ഇരിക്കുമ്പോൾ ആദ്യ ഘട്ടത്തിൽ എഴുതിയ കൂട്ടുകാർക്ക് വർക്ക് ബുക്കിലെ മേഘത്തിന് നിറം നൽകാനുള്ള പ്രവർത്തനം നൽകണം.

**കട്ടിക്കെഴുത്ത്**

- 'ത്ത'യുടെ അക്ഷര ഘടനയിൽ കൂടുതൽ കുട്ടികൾക്ക് പ്രശ്നം അനുഭവപ്പെട്ടാൽ ക്ലാസിന്റെ പൊതു പ്രശ്നമായി കണ്ട് ബോർഡിൽ കട്ടിയെഴുത്ത് നടത്തുന്നു. കട്ടിയിൽ എഴുതിയ അക്ഷരത്തിന് മേലെ എഴുതിച്ച് പരിഹരിക്കുന്നു.

ടീച്ചർ വാക്യം പൂർത്തിയാക്കുന്നു. മാനത്ത് പട്ടം.

| | |
|---|---|
| ചുവന്ന മഷി കൊണ്ട് തെറ്റ് അടയാളപ്പെടുത്തൽ | കുട്ടികളുടെ സചിത്രപ്രവർത്തനപുസ്തകത്തിൽ ചുവന്നമഷിവെച്ച് തെറ്റിപ്പോയതിന് വട്ടം വരയ്ക്കൽ, അടിവരയിടൽ, വെട്ടിക്കളയൽ, തെറ്റ് അടയാളം നൽകൽ എന്നിവ നെഗറ്റീവ് ഫീഡ്ബാക്കാണ്. പോസിറ്റീവ് ഫീഡ് ബാക്കാണ് നൽകേണ്ടത്. അതിനായി തെളിവുവാക്കുകൾ നൽകി തിരുത്തിക്കാം. മാതൃകകാട്ടാം. പെൻസിൽ വെച്ച് ഒരു ചോദ്യചിഹ്നം ഇടാം. കുട്ടി ശരിയാക്കി കഴിഞ്ഞാൽ അത് തുടച്ചുകളയാം |

**പൊരുത്തപ്പെടുത്തിയെഴുത്ത്**

- കുട്ടികൾ അവരവർ എഴുതിയതുമായി പൊരുത്തപ്പെടുത്തി ആവശ്യമെങ്കിൽ മെച്ചപ്പെടുത്തിയെഴുതുന്നു.

ആവശ്യമെങ്കിൽ വീണ്ടുംബോർഡെഴുത്ത്

**അംഗീകാര മുദ്ര**

- ശരിയാക്കി എഴുതിയ ഓരോ വാക്യത്തിലെയും ഓരോ അക്ഷരത്തിനും ശരി നൽകണം
- നന്നായി നിറം നൽകിയാലും എഴുതിയാലും വായിച്ചാലും സ്റ്റാർ നൽകണം.

നമുക്കുമൊന്ന് പട്ടം പറത്തിയാലോ?

എല്ലാവരും എഴുന്നേറ്റ് പട്ടം പറത്തുന്നതായി അഭിനയിക്കുന്നു.

നമുക്കിനി പട്ടമാകാം.

പട്ടം ഇങ്ങനെ പറന്ന് പറന്ന് പോകുമ്പോൾ പട്ടം താഴേക്ക് നോക്കി. പട്ടം ഒത്തിരി കാഴ്ചകൾ കണ്ടു. പട്ടം നോക്കി.

നാല് ചുവരുകളുള്ള, മേൽക്കൂരയുള്ള എന്തോ ഒന്ന് കാണുന്നല്ലോ? എന്താണത്?

വീട്

വീടിന് നിറം കൊടുക്കാമോ? എന്തെല്ലാം നിറങ്ങളിലുള്ള മേൽക്കൂര കണ്ടിട്ടുണ്ട്? ചുമരുകളുടെ നിറമോ?

(എല്ലാവരും മേൽക്കൂരയ്ക്കും ചുമരിനും ഇഷ്ടമുള്ള നിറം ക്രയോൺസ് കൊടുക്കുന്നു.നിശ്ചിത സമയം കഴിഞ്ഞാൽ ക്രയോൺസ് കൂടിനുള്ളിൽ വെക്കണം.)

പട്ടം എന്താ കണ്ടത്?

വീട് കണ്ടു.

വീട് കണ്ടു എന്ന് മൂന്നാമത്തെ വരിയിൽ എഴുതണം. വ പഠിച്ചതാണ് ട പഠിച്ചതാണ്. ണ്ട പുതിയതായി പരിചയപ്പെടുത്തുകയാണ്. അതിനാൽ ആ അക്ഷരം ടീച്ചർ ബോർഡിൽ പ്രത്യേകം എഴുതണം. ഘടന പറഞ്ഞ് എഴുതണം.

വീട് കണ്ടു എന്ന് എല്ലാവരും എഴുതണം.

**പിന്തുണനടത്തവും ആവശ്യമെങ്കിൽ കട്ടിക്കെഴുത്തും (ണ്ട)**

- ഏതെല്ലാം അക്ഷരങ്ങളുടെ ഘടനയിലാണ് ശ്രദ്ധിക്കേണ്ടത്? (വീ എന്നെഴുതുമ്പോൾ പ യും വ യും തമ്മിലുള്ള വ്യത്യാസം ഓർമ്മപ്പെടുത്തൽ, വണ്ടി, വീട് എന്നിവ എഴുതുമ്പോൾ ഈ, ഇ സ്വരങ്ങളുടെ ചിഹ്നങ്ങളെഴുതുന്ന രീതി, ണ്ട യുടെ ട വരുന്ന ഭാഗം, ട്ട)
- വീടിന് അപ്പുറത്തായി എന്തോ ശബ്ദം. കിളികളുടെ ശബ്ദം പോലെ. പട്ടം നോക്കി. ഒത്തിരി മരങ്ങൾ തിങ്ങിനിൽക്കുന്നു. ഓ കാട്ടിൽ നിന്നാണ് കിളിയുടെ ശബ്ദം. പട്ടം കാട്ടിലേക്ക് സൂക്ഷിച്ചു നോക്കി. പട്ടം എന്താ കണ്ടത്?
- കാട് കണ്ടു എന്നു പറയാം, കൂട് കണ്ടു എന്നു പറയാം. രണ്ടും പരിഗണിക്കണം.
- കാടിന് നിറം നൽകുന്നു. തടിക്കും ഇലകൾക്കുമെല്ലാം അനുയോജ്യമായ നിറം നൽകണം.
- കുട്ടികൾ നിറം നൽകിയതിനും അംഗീകാരം നൽകണം.

കാട് കണ്ടു എന്ന് തെളിവെടുത്ത് തനിയെ എഴുതാമോ? ( ക കലപില എന്നെഴുതിയപ്പോഴും കണ്ടു എന്നെഴുതിയപ്പോഴും പരിചയപ്പെട്ടതാണ്. ണ്ട കണ്ടുവിൽ ഉണ്ട്)

പട്ടം പട്ടം
മാനത്ത് പട്ടം
വീട് കണ്ടു
കാട് കണ്ടു
(കൂട് കണ്ടു)
മാനത്ത് പട്ടം

എന്ന് പാടി ഒന്നാം ഘട്ടം അവസാനിപ്പിക്കാം. അടുത്ത ദിവസം തുടരാം. വായനയുടെ ഘട്ടത്തിലേക്ക് പോകുന്നതിനു മുമ്പായി തുടർന്നുള്ള വരികളുടെയും രൂപീകരണപാഠം പൂർത്തീകരിക്കണം.

- അപ്പോൾ ഒരു ഇരമ്പം. പട്ടം റോഡിലേക്ക് നോക്കി. എന്താ കണ്ടത്? ലോറി, കാറ്, വണ്ടി എന്നെല്ലാം ഉത്തരം വരാം. അതെല്ലാം എഴുതിക്കാം.
- പാഠപുസ്തകത്തിലാണ് ലോറി കണ്ടു കാറ് കണ്ടു എന്നെഴുതാനുള്ള ഇടമുള്ളത്. വണ്ടി കണ്ടു എന്ന് സചിത്രപുസ്തകത്തിൽ എഴുതിയതിന് ശേഷം പാഠപുസ്തകത്തിലെ നിശ്ചിത ഭാഗം പൂരിപ്പിച്ചാൽ മതി.
- കാറിനും ലോറിക്കും നിറം നൽകിയ ശേഷമാണ് വണ്ടി കണ്ടു എന്ന് എഴുതേണ്ടത്. ബസിനെ വരച്ചു ചേർക്കാൻ ആഗ്രഹമുള്ള കുട്ടികൾക്ക് അതും അനുവദിക്കണം.

പട്ടം പട്ടം
മാനത്ത് പട്ടം
വീട് കണ്ടു

കാട് കണ്ടു

വണ്ടി കണ്ടു

(ലോറി കണ്ടു

കാറ് കണ്ടു)

മാനത്ത് പട്ടം

- പ്രക്രിയ പാലിച്ച് വരികൾ എഴുതി നിറം നൽകിയ ശേഷം കൂട്ടമായി ചിത്രം ഉയർത്തി കാണിക്കുന്നു. വിലയിരുത്തി പ്രതികരിക്കുന്നു.

**പ്രതീക്ഷിത ഉല്പന്നം**

- സചിത്രപുസ്തകത്തിലെയും പാഠപുസ്തകത്തിലെയും രേഖപ്പെടുത്തലുകൾ

**വിലയിരുത്തൽ**

- തെളിവെടുക്കാതെ മനസ്സിൽ നിന്നും ( സ്വായത്തമാക്കി) അക്ഷരങ്ങൾ എഴുതുന്നവർ എത്രപേരുണ്ട്?
- തെളിവെടുത്ത് എഴുതുന്നവർ എത്രപേർ?
- കൂടുതൽ സഹായം വേണ്ടവർ?
- പിന്തുണനടത്തത്തിൽ കണ്ടെത്തിയ പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമായിരുന്നു?
- ഓരോ വാക്കിനും ശരി നൽകിയപ്പോൾ ശരികിട്ടാത്തവ മെച്ചപ്പെടുത്താനായി ശ്രമിച്ച എത്ര കുട്ടികളുണ്ട്?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - പട്ടം അഭിനയം |
| **പഠനലക്ഷ്യങ്ങൾ.**<br>• തീമിനെ അടിസ്ഥാനമാക്കി വിവിധ സന്ദർഭങ്ങളും സംഭവങ്ങളും സംഘം ചേർന്ന് ആസൂത്രണം നടത്തി ചമഞ്ഞുകളികളി, പാവനാടകം, മൈമിംഗ് തുടങ്ങിയവയിലൂടെ ആവിഷ്കരിക്കുന്നു. |
| **പ്രതീക്ഷിത സമയം** - 30 മിനുട്ട് |
| **കരുതേണ്ട സാമഗ്രികൾ-** |

## പ്രക്രിയാവിശദാംശങ്ങൾ-

- ഓരോരുത്തരായി വരുന്നു. പട്ടമായി സ്വയം സങ്കല്പിക്കുന്നു. ആകാശത്തുകൂടി പറക്കുകയാണ്. താഴേക്ക് നോക്കുന്നു. എന്തെല്ലാം കാഴ്ചകൾ ആണ് കാണുന്നത്? കാഴ്ചകൾ കാണുന്നതായി സങ്കല്പിച്ച് ഓരോ കാഴ്ചകളെക്കുറിച്ച് പറയണം. മുഖത്ത് അതിന്റെ ഭാവം പ്രതിഫലിക്കുകയും വേണം.
- മറ്റൊരു സാധ്യത ടീച്ചർ പറയുന്നത് കേട്ട് എല്ലാവരും അഭിനയിക്കുകയാണ്. ഉദാഹരണം
  - പട്ടം അകാശത്തുകൂടി പറക്കുകയാണ്. അപ്പോൾ കാറ്റ് വന്നു. പട്ടം ചാഞ്ചാടി, പട്ടം താഴേക്ക് നോക്കി അതാ മനോഹരമായ പൂന്തോട്ടം. നല്ല ഗന്ധം.... എന്നിങ്ങനെ പറയുമ്പോൾ കുട്ടികൾ അതനുസരിച്ച് ചലിക്കണം. അഭിനയിക്കണം.

**വിലയിരുത്തൽ**

- ആശയം ഉൾക്കൊണ്ട് ഭാവാത്മകമായി അവതരിപ്പിക്കാൻ കഴിഞ്ഞവർ
- ഉയരത്തിൽ നിന്നും താഴേക്ക് നോക്കുന്ന രീതിയിൽ അഭിനയിച്ചവർ
- ദൃശ്യത്തിന്റെ അനുഭവം ഉൾക്കൊള്ളുന്ന അവതരണം

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - പന്തെടുക്കൽ |
| **പഠനലക്ഷ്യങ്ങൾ.**<br>• വിവിധ കളികളിലൂടെ ആവശ്യാനുസരണമുള്ള ശാരീരിക ചലനം, ഏകോപനം, തീരുമാനമെടുക്കാനുള്ള കഴിവ് എന്നിവ നേടുന്നു<br>• പലവേഗതയിലുള്ള ഓട്ടം, പലതരം ചാട്ടം, ഏറിയൽ, പിടിക്കൽ, സന്തുലനം പാലിക്കൽ മുതലായവയിലൂടെ അടിസ്ഥാന ചലനനൈപുണികൾ നേടുന്നു. |
| **പ്രതീക്ഷിത സമയം** - |
| **കരുതേണ്ട സാമഗ്രികൾ-** 6 വളയങ്ങൾ, 30 ബീൻ ബാഗ്/ സോഫ്റ്റ് ബോൾ |

## പ്രക്രിയാവിശദാംശങ്ങൾ-

**പന്ത് എടുക്കൽ (Ball Pick)**

- മധ്യത്ത് നിന്നും തുല്യ അകലത്തിൽ നാലു മൂലകളിലും മധ്യത്തൊന്നുമായി അഞ്ച് വളയങ്ങൾ വിന്യസിക്കുക.
- മധ്യത്തിലുള്ള വളയത്തിൽ 30 ബീൻ ബാഗ്/ സോഫ്റ്റ് ബോൾ വയ്ക്കുക.
- കുട്ടികളെ 4 ഗ്രൂപ്പുകളാക്കി തിരിച്ച് ഓരോ ഗ്രൂപ്പും അവരവരുടെ വളയങ്ങളുടെ പിറകിലായി നിൽക്കാൻ

നിർദേശിക്കുക.

- ഓരോ ഗ്രൂപ്പിലെയും ആദ്യ കുട്ടി ഓടി വന്ന്, മുന്നിൽ ക്രമീകരിച്ച വളയത്തിനുള്ളിലെ ഒരു ബീൻ ബാൾ സോഫ്റ്റ് ബോൾ എടുത്ത് അവരുടെ ഗ്രൂപ്പിന് മുന്നിലെ വള യത്തിനുള്ളിൽ വയ്ക്കുക. ഇങ്ങനെ (ഓരുത്തരായി) ഗ്രൂപ്പിലെ മുഴുവൻ കുട്ടികളും ഇതേ രീതിയിൽ അവർത്തിച്ച് നിശ്ചിത സമയത്തിനുള്ളിൽ ഏറ്റവും കൂടുതൽ ബീൻ ബാഗ്/ സോഫ്റ്റ് ബോൾ വളയത്തിൽ എത്തിക്കുന്ന ടീമിനെ വിജയിയായി പ്രഖ്യാപിക്കുന്നു.

**വിലയിരുത്തൽ**

-

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - മാനത്ത് പട്ടം ( വായന) |
| **പഠനലക്ഷ്യങ്ങൾ.**<br>പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുന്നു. |
| **പ്രതീക്ഷിത സമയം** - 35 മിനുട്ട്, |
| **കരുതേണ്ട സാമഗ്രികൾ** |

## പ്രക്രിയാവിശദാംശങ്ങൾ-

**കണ്ടെത്തൽ വായന (വാക്യങ്ങൾ)**

- മരങ്ങളുമായി ബന്ധപ്പെട്ട വരി എത്രാമതാണ്?
- പട്ടം ആദ്യം കണ്ടതെന്താണ്? ആ വരി എത്രാമതാണ്?
- വണ്ടി കണ്ടു എന്ന വരി എത്രാമതാണ്?
- വരികളും ചിത്രവും പൊരുത്തപ്പെടുത്തി വരയ്ക്കാമോ?

**കണ്ടെത്തൽ വായന (വാക്കുകൾ)**

- കണ്ടു എന്ന വാക്കിനു ചുറ്റും വട്ടമിടാമോ? (ണ്ട ആണ് ഊന്നൽ നൽകുന്ന അക്ഷരം)
- ആകാശത്ത് എന്നതിന് പകരം ഒരു വാക്ക് ഉപയോഗിച്ചു. ഏതാണത്? എവിടെ?
- മാനത്ത് എന്ന് എവിടെല്ലാം എഴുതിയിട്ടുണ്ട്?



**കണ്ടെത്തൽ വായന (ഊന്നൽ നൽകുന്ന അക്ഷരമുള്ള വരികൾ, വാക്കുകൾ, അക്ഷരങ്ങൾ)**

- ക ആണോ ണ്ട ആണോ കൂടുതൽ?
- സചിത്രപുസ്തകത്തിൽ ഇല്ലാത്തതും പാഠപുസ്തകത്തിൽ എഴുതിച്ചേർത്തതുമായ വരികൾ ഏതാണ്?

**ക്രമത്തിൽ വായിക്കൽ**

- നിർദേശിക്കുന്ന കുട്ടികൾ വന്ന് ഇഷ്ടമുള്ള ഒരു വരി വായിക്കണം. അടുത്തയാൾ അതിന്റെ അടുത്ത വരിയാണ് വായിക്കേണ്ടത്.
- ചങ്ങല വായനയ്ക്കായി ഗ്രൂപ്പുകളെ ക്ഷണിക്കാം.

**പറയുന്ന ക്രമത്തിൽ വാക്യങ്ങൾ വായിക്കൽ**

- വാഹനവുമായി ബന്ധപ്പെട്ട വരിമുതൽ വായിക്കുക
- മൂന്നാമത്തെയും നാലാമത്തെയും വരികൾ വായിക്കുക
- കണ്ടു എന്നെഴുതിയിട്ടുള്ള വരികളെല്ലാം വായിക്കുക.

**താളാത്മക വായന**

- പാഠപുസ്തകത്തിലെ വരികളും പ്രയോജനപ്പെടുത്തണം
- ഗ്രൂപ്പായി ചെയ്യാം
- രണ്ടു വരി ഒരാൾ അടുത്ത രണ്ടു വരി അടുത്തയാൾ എന്ന രീതി ആകാം.

**പ്രതീക്ഷിത ഉല്പന്നം**

- വായനയുടെ വീഡിയോ

**വിലയിരുത്തൽ**

- സഹവർത്തിത വായന കൂടുതൽ പിന്തുണ ആവശ്യമുള്ളവർക്ക് സഹായകമാകുന്നുണ്ടോ?
- പാഠപുസ്തകം വായിക്കുന്നതിന് എല്ലാവർക്കും അവസരം ലഭിക്കാൻ എന്താണ് മാർഗം?

| | |
|---|---|
| എല്ലാ കുട്ടികൾക്കും പങ്കാളിത്തം കിട്ടുന്നില്ല | അവസരലഭ്യത പ്രധാനമാണ്. അതുറപ്പാക്കുന്ന രീതിയിൽ ടി എം ആസൂത്രണം ചെയ്യണം. ഉദാ വായനപ്രക്രിയ- വാക്യം കണ്ടെത്തൽ (5) വാക്ക് കണ്ടെത്തൽ (5) അക്ഷരം കണ്ടെത്തൽ (5), താളാത്മക വായന (5) ഭാവാത്മക വായന (5) ചങ്ങല വായന (5) എന്നിങ്ങനെ മുപ്പത് കുട്ടികൾക്കും അവസരം ലഭിക്കാവുന്ന ക്രമീകരണം സാധ്യമാണ്. ഓരോ ദിവസവും ചുമതല മാറണം എന്നുമാത്രം. |

പ്രതിദിന വായനപാഠം ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ നൽകുന്നു ( വൈകിട്ട് വരി ചേർത്ത് ചൊല്ലി ഗ്രൂപ്പിലിടണം)

വായനപാഠങ്ങൾ അടുത്ത ദിവസം ക്ലാസിൽ ചൊല്ലി ആസ്വദിക്കണം. ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ ചൊല്ലിയിട്ടവരെ അഭിനന്ദിക്കണം.

**പ്രതീക്ഷിത ഉല്പന്നം**

- സ്വതന്ത്രവായനസാമഗ്രി ക്ലാസിൽ വായിക്കുന്നതിന്റെ വീഡിയോ

**വിലയിരുത്തൽ**

- വായനയിൽ ഉയർന്ന നിലവാരം പ്രകടിപ്പിക്കുന്ന കുട്ടികളുടെ ശതമാനം?
- ശരാശരി നിലവാരത്തിലുള്ളവർ?
- കൂടുതൽ പിന്തുണ ആവശ്യമുള്ളവർ? പ്രതീക്ഷിത കാരണങ്ങൾ?
- കൂടുതൽ പിന്തുണ ആവശ്യമുള്ളവരെ ലക്ഷ്യമിട്ട് നടത്താനാഗ്രഹിക്കുന്ന പ്രവർത്തനങ്ങൾ?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - എഡിറ്റിംഗ് |
| **പഠനലക്ഷ്യങ്ങൾ.**<br>അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവ സന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും ഒറ്റയ്ക്കും കൂട്ടായും മുതിർന്നവരുടെ സഹായത്തോടെയും രചനകൾ താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തുന്നതിനും കഴിയുന്നു. |
| **പ്രതീക്ഷിത സമയം** - 10 മിനുട്ട് |

## പ്രക്രിയാവിശദാംശങ്ങൾ-

- പടം കണ്ട കാഴ്ചകൾ പറയിക്കുന്നു. ഒരാൾ ഒരു വാക്യം വീതം
- ഇതിൽ ഏതെങ്കിലും ഇഷ്ടമുള്ള ഒരു വാക്യം ഓരോരുത്തരും വന്ന ബോർഡിൽ എഴുതണം.
- കൂട്ട ബോർഡെഴുത്ത്.

ബോർഡെഴുത്തിനു ശേഷം എഡിറ്റിംഗിനുള്ള നിർദേശങ്ങൾ കുട്ടികളെക്കൊണ്ട് നൽകിക്കാം

- വാക്കകലം പാലിച്ചോ?
- അക്ഷരങ്ങൾ ചേർന്നു പോയോ?
- അക്ഷരങ്ങൾ വിട്ടു പോയോ?
- ചിഹ്നങ്ങൾ വിട്ടു പോയോ?
- അക്ഷരം മാറിപ്പോയോ?
- ചിഹ്നം മാറിപ്പോയോ?
- അക്ഷരമോ ചിഹ്നമോ കൂടുതലായി എഴുതിയിട്ടുണ്ടോ?
- ഏതെങ്കിലും അക്ഷരം തിരുത്തി എഴുതേണ്ടതുണ്ടോ?

**പ്രതീക്ഷിത ഉല്പന്നം-**

**വിലയിരുത്തൽ**

- കുട്ടികളിൽ ആരൊക്കെയാണ് വാക്കകലത്തിൽ ഇനിയും ശ്രദ്ധിക്കാത്തവർ?
- എന്തു പിന്തുണയാണ് അവർക്ക് ഇനി വേണ്ടത്?
- എഡിറ്റിംഗ് ബോധത്തോടെ സ്വന്തം പ്രവർത്തനപുസ്തകത്തിലെ രേഖപ്പെടുത്തൽ പരിശോധിക്കാൻ നിർദേശിച്ചപ്പോൾ മെച്ചപ്പെടുത്തിയവരാരെല്ലാം?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - പൂമരം (കൊളാഷ്) |
| **പഠനലക്ഷ്യങ്ങൾ.**<br>സൂക്ഷ്മ പേശീവികസനത്തിന് സഹായകമായ രീതിയിൽ വിവിധ ആവശ്യങ്ങൾക്കായി കടലാസുകൾ മടക്കുക, കീറുക, മുറിക്കുക, ഒട്ടിക്കുക, ചുരുട്ടുക തുടങ്ങിയ പ്രവർത്തനങ്ങൾ ഏർപ്പെടുന്നു |
| **പ്രതീക്ഷിത സമയം** - 30 മിനുട്ട് |

**കരുതേണ്ട സാമഗ്രികൾ-** പച്ച, ചുവപ്പ്, മഞ്ഞ, ബ്രൗൺ നിറമുള്ള പേപ്പറുകൾ, എ ഫോർ ഷീറ്റ്, പശ

## പ്രവർത്തനവിശദാംശങ്ങൾ

- പട്ടം താഴേക്ക് നോക്കി. ഒരു പൂമരം കണ്ടു. എങ്ങനെയുള്ള പൂമരം?
- ടീച്ചർ തയ്യാറാക്കിയ കൊളാഷ് ചിത്രം കാണിക്കുന്നു. കളർപേപ്പറുകൾ ചെറിയ കഷണങ്ങളാക്കി കീറി ഒട്ടിച്ചതാണ്.
- ആദ്യം പേപ്പറിൽ നിറഞ്ഞു നിൽക്കുന്ന ഒരു വലിയ മരം വരയ്ക്കണം.
- കുട്ടികൾ പേപ്പറുകൾ കീറുന്നു
- ഓരോരോ കഷണത്തിലും പശ തേച്ച ശേഷം മരത്തിന്റെ മുകൾ ഭാഗം ഒട്ടിച്ച് പൂമരമാക്കുന്നു
- തുടർന്ന് ബ്രൗൺ പേപ്പറുകൾ ഒട്ടിച്ച് മരത്തിന്റെ തടിയും
- കൊളാഷ് പൂമരത്തിന് മുകളിൽ പട്ടത്തെയും വരച്ചോ ഒട്ടിച്ചോ ചേർക്കുന്നു.
- തത്സമയം ടീച്ചർക്കും നിർമ്മിക്കാം.
- കൊളാഷ് പരസ്പരം പ്രദർശിപ്പിക്കുന്നു.

### പ്രതീക്ഷിത ഉല്പന്നം-

- പൂമരത്തിന്റെ കൊളാഷ്

### വിലയിരുത്തൽ

- കൊളാഷ് നിർമ്മിച്ചപ്പോൾ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മികവ് പുലർത്തിയതാരെല്ലാം?
- സൂക്ഷ്മതയോടെ ചെറുകഷണങ്ങൾ ഒട്ടിക്കാൻ എല്ലാവർക്കും കഴിഞ്ഞോ?
- ആർക്കൊക്കെ സഹായം നൽകേണ്ടി വന്നു?
- പരസ്പരം വിലയിരുത്തി കുട്ടികൾ പറഞ്ഞതെന്തെല്ലാമായിരുന്നു?
- വീടിന്റെ കൊളാഷ്ചിത്രം തനിയെ ചെയ്യാമോ എന്നു ചോദിച്ചപ്പോൾ ആത്മവിശ്വാസം പ്രകടിപ്പിച്ചത് ആരെല്ലാം?
- കൊളാഷ് നിർമ്മിക്കുമ്പോൾ അടുത്ത തവണ എന്തെല്ലാം കാര്യങ്ങളിൽ ശ്രദ്ധിക്കണം?



**പ്രവർത്തനത്തിന്റെ പേര്** - പൂമരം കണ്ടു (എഴുത്ത് )

**പഠനലക്ഷ്യങ്ങൾ.**

- മലയാളം ലിപികൾ അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലിപ്പം, ആലേഖന ക്രമം) സഹായത്തോടെ എഴുതി തീമുകളുമായി ബന്ധപ്പെട്ട സന്ദർഭങ്ങളിലെ വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുന്നു.
- അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവസന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നു

**പ്രതീക്ഷിത സമയം** - 35 മിനുട്ട്,

**കരുതേണ്ട സാമഗ്രികൾ-**

## പ്രക്രിയാവിശദാംശങ്ങൾ-

എല്ലാവരും പൂമരം നിർമ്മിച്ചില്ലേ? സചിത്രപുസ്തകത്തിൽ പൂമരം ഉണ്ടോ? എവിടെ? നിറം നൽകാമോ? വീടിന് അടുത്തുള്ള പൂമരത്തിലെ പൂവുകൾക്ക് കുട്ടികൾ അനുയോജ്യമായ നിറം നൽകുന്നു. ഏതെല്ലാം നിറങ്ങളിലുള്ള പൂക്കൾ നിങ്ങൾ കണ്ടിട്ടുണ്ട്. അതിലേതു നിറവും കൊടുക്കാം എന്നു പറഞ്ഞാൽ മതി. പൂമരങ്ങൾ നിറഞ്ഞ ഒരു മലയുണ്ട്. മല നിറയെ പൂക്കളാണ്. അങ്ങനെയുള്ളള മലയ്ക്ക് എന്താ പേരു പറയുക?

പൂമല

ചിത്രത്തിലെ മലയ്ക്ക് നിറം കൊടുത്ത് പൂമലയാക്കാമോ? എല്ലാവരും നിറം നൽകിയ ശേഷം ചോദിക്കേണ്ടത്- പട്ടം താഴേക്ക് നോക്കിയപ്പോൾ എന്തെല്ലാമാണ് കണ്ടത്?

പൂമല

പൂമരം

### സചിത്രപുസ്തകത്തിൽ എഴുത്ത്

പൂമല കണ്ടു

പൂമരം കണ്ടു

എന്ന് എഴുതാമോ? പൂവ് ചിരിച്ചു എന്ന പാഠത്തിൽ പൂ എന്ന് പഠിച്ചതാണ്. മ, ര, ല എന്നിവയും പഠിച്ചതാണ്.

### കുട്ടികളുടെ എഴുത്ത്

- സചിത്രപുസ്തകത്തിൽ തനിച്ചെഴുതൽ (പൂമരം, പൂമല)
- തെളിവെടുത്ത് എഴുതൽ (കണ്ടു)
- ടീച്ചർ ബോർഡിൽ എഴുതൽ ( രണ്ടു വരികൾ)

- പൊരുത്തപ്പെടുത്തി എഴുത്ത് (കുട്ടികൾ ടീച്ചറെഴുതിയതുമായി പൊരുത്തപ്പെടുത്തുന്നു)

**പിന്തുണാനടത്തവും വ്യക്തിഗത പിന്തുണയും**

- വാക്കകലം പാലിക്കുന്നുണ്ടോ?
- ഘടന പാലിക്കുന്നുണ്ടോ?
- വ്യക്തതയുണ്ടോ?
- അക്ഷരം മാറിപ്പോയിട്ടുണ്ടോ? തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് പിന്തുണ

പട്ടം സൂക്ഷിച്ചു നോക്കി, വീട്ടിൽ നിന്നും വഴി ഉണ്ടോ? ഇല്ലല്ലോ? ഒരു വഴി വരയ്ക്കാമോ? റോഡിലേക്കും പുഴയിലേക്കും വഴി വരയ്ക്കണം. പുഴയ്ക്ക് നിറം നൽകണം. വഴിക്കും.

**സചിത്രപുസ്തകത്തിൽ എഴുത്ത്**

പുഴ കണ്ടു

വഴി കണ്ടു

പട്ടം പറന്നു

ഴ രണ്ടാം യൂണിറ്റിൽ പരിചയപ്പെട്ടതാണ്. മഴ, പുഴ. അത് തെളിവായി എടുത്ത് പുഴ കണ്ടു, വഴി കണ്ടു എന്ന് തനിച്ചെഴുതണം. പ, റ,ന്ന എന്നിവ ഒന്നാം യൂണിറ്റിലും രണ്ടാം യൂണിറ്റിലും വന്നതാണ്.

- തനിച്ചെഴുതാൻ കഴിയുന്നവർ അങ്ങനെ എഴുതട്ടെ
- തെളിവെടുത്തെഴുതേണ്ടവർ അങ്ങനെയും
- അറിയാവുന്ന രീതിയിൽ എഴുതാനും അവസരം നൽകണം
- തുടർന്ന് ടീച്ചറെഴുത്ത്
- പൊരുത്തപ്പെടുത്തി മെച്ചപ്പെടുത്തി എഴുത്ത്.

| | |
|---|---|
| സ്ഥിര ഹാജരില്ലാത്ത കുട്ടികൾ | അനാരോഗ്യം, പ്രതികൂല കാലാവസ്ഥ തുടങ്ങിയവ മൂലം സ്ഥിരമായി എത്താൻ പറ്റാത്തവർ. അവരുടെ അനുഭവവിടവ് പരിഹരിക്കണം. ക്ലാസിൽത്തന്നെ അഞ്ചോ പത്തോ മിനിറ്റ് ഒരു ദിവസം കണ്ടെത്തി പ്രവർത്തനപുസ്തകത്തിലെ രേഖപ്പെടുത്തൽ ഉറപ്പാക്കുന്ന ട്യൂട്ടോറിയൽ രീതി സ്വീകരിക്കാം. ഹാജരാകാത്ത കുട്ടികളുടെ രക്ഷിതാക്കൾക്ക് സഹായിക്കാൻ കഴിയുന്നവരാണെങ്കിൽ അവരുമായി ആശയവിനിമയം നടത്തി വീട്ടിൽ സഹായാന്തരീക്ഷം സൃഷ്ടിക്കാം.. ഗോത്രവിഭാഗം കുട്ടികൾക്ക് മെന്റർടീച്ചർമാരുടെ പിന്തുണ അനുഭവവിടവ് പരിഹരിക്കാൻ വേണ്ടിവരും. ഓരോ ആഴ്ചയിലും നീക്കിവെച്ച സവിശേഷ സഹായ സമയം ഇത്തരം കുട്ടികളെ ലക്ഷ്യം വെച്ചുള്ളതാണ്. |

**പ്രതീക്ഷിത ഉല്പന്നം-**

- സചിത്രപുസ്തകത്തിലെയും പാഠപുസ്തകത്തിലെയും രേഖപ്പെടുത്തലുകൾ

**വിലയിരുത്തൽ**

- ഊ സ്വരത്തിന്റെ ചിഹ്നം എഴുതുന്നതിൽ ഇനിയും ഘടനപാലിക്കാത്തവരുണ്ടോ?
- ഊ, ഉ എന്നിവയുടെ ചിഹ്നങ്ങൾ മാറിപ്പോകുന്നവരുണ്ടോ?
- ണ്ട എഴുതിയപ്പോൾ എത്രകുട്ടികൾക്ക് സഹായം വേണ്ടിവന്നു?
- തനിച്ചെഴുത്തിലേക്ക് പുരോഗമിച്ചവർ എത്രശതമാനം വരും?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - പൂമരം കണ്ടു (വായന) |
| **പഠനലക്ഷ്യങ്ങൾ.**<br>പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുന്നു |
| **പ്രതീക്ഷിത സമയം** - 35 മിനുട്ട്, |
| **കരുതേണ്ട സാമഗ്രികൾ-** |

## പ്രക്രിയാവിശദാംശങ്ങൾ-

**കണ്ടെത്തൽ വായന (വാക്യങ്ങൾ)**

- പ്രവർത്തന പുസ്തകത്തിലെ ആദ്യ വരിയും പാഠപുസ്തകത്തിലെ ആദ്യ വരിയും ഒന്നാണോ?
- ഒഴുകുന്നതിനെക്കുറിച്ച് സൂചിപ്പിക്കുന്ന വരി എവിടെയാണ്?
- നിറയെ പൂക്കളുണ്ട് എന്ന് സൂചിപ്പിക്കുന്ന രണ്ടു വരികളുണ്ട്. ഏതെല്ലാം?

**കണ്ടെത്തൽ വായന (വാക്കുകൾ)**

- ഒരേ പോലെ തുടക്കമുള്ള രണ്ടു വാക്കുകൾ കണ്ടെത്താമോ? ( പൂമരം, പൂമല,)
- കണ്ടു എന്ന വാക്ക് ഏതു വരിയിലാണ് ഇല്ലാത്തത് ?

**കണ്ടെത്തൽ വായന (ഊന്നൽ നൽകുന്ന അക്ഷരമുള്ള വരികൾ, വാക്കുകൾ, അക്ഷരങ്ങൾ)**

- ണ്ട എന്ന അക്ഷരത്തിന്റെ അടിയിൽ വരയിടാമോ? ( സചിത്രപുസ്തകം)

**ക്രമത്തിൽ വായിക്കൽ**

- തലേദിവസത്തെ രൂപീകരണപാഠം കൂടി ചേർത്താണ് വായിക്കേണ്ടത്. ഒരാൾ ഒരു വരി എന്ന രീതിയിൽ തുടർച്ചയായി എല്ലാവരും പുസ്തകം നോക്കി വായിക്കട്ടെ.

**പറയുന്ന ക്രമത്തിൽ വാക്യങ്ങൾ വായിക്കൽ**

- പേജും വരിയും സൂചിപ്പിക്കുക. അതനുസരിച്ച് വായിക്കണം

**താളാത്മക വായന**

- പട്ടം പട്ടം മാനത്ത് പട്ടം മുതൽ പട്ടം പറന്നു വരെ.
- ബോർഡിലോ ചാർട്ടിലോ എഴുതിയത് ചൂണ്ടി വായിക്കണം ( പാഠപുസ്തകത്തിൽ കൂട്ടിച്ചേർത്തെഴുതിയ വരികളും പരിഗണിക്കാം.
- ഭിന്ന നിലവാര ഗ്രൂപ്പുകളാക്കി സഹവർത്തിത വായന നടത്താം. ( നേരത്തെ നൽകിയ വായനാപാഠങ്ങളും ഗ്രൂപ്പുകൾക്ക് നൽകാം)
- ഗ്രൂപ്പായി ചെയ്യാം. രണ്ടു വരി ഒരാൾ അടുത്ത രണ്ടു വരി അടുത്തയാൾ എന്ന രീതി ആകാം.
- തുടർന്ന് പാട്ടു രൂപത്തിൽ വായന നടത്തണം. വണ്ടി കണ്ടു എന്നതിലെത്തുമ്പോൾ വണ്ടിയുടെ ശബ്ദാനുക രണവും ചലനവും. പൂമല, പൂമരം എന്നീ വാക്കുകൾ വരുമ്പോൾ മണം ആസ്വദിക്കണം.
- ചിത്രങ്ങൾക്ക് നേരെ പെരെഴുതൽ
- പട്ടമായി സ്വയം സങ്കൽപ്പിച്ച് കാഴ്ചാനുഭവ വിവരണം ( ഭാഷണം) പട്ടം കണ്ട കാഴ്ചകൾ.

**വായനപാഠം അനുബന്ധം**

**പ്രതീക്ഷിത ഉല്പന്നം-**

- ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ ചൊല്ലിയിട്ട വായനപാഠം

**വിലയിരുത്തൽ**

- പ്രതിദിനവായനപാഠം എത്രപേരാണ് ചൊല്ലിയിട്ടത്?
- സാങ്കേതിക പ്രശ്നങ്ങളാൽ പങ്കിടാത്തവർക്ക് അടുത്ത ദിവസം അവസരം നൽകിയോ?
- സ്വതന്ത്രവായനയിലേക്ക് കുട്ടികളെ നയിക്കുന്നതിന് പ്രതിദിനവായന പാഠങ്ങൾ സഹായകമാകുന്നുണ്ടോ?



| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - എഡിറ്റിംഗ് |
| **പഠനലക്ഷ്യങ്ങൾ.**<br>അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവ സന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും ഒറ്റയ്ക്കും കൂട്ടായും മുതിർന്നവരുടെ സഹായത്തോടെയും രചനകൾ താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി മെച്ചപ്പെടു ത്തുന്നതിനും കഴിയുന്നു. |
| **പ്രതീക്ഷിത സമയം** - 10 മിനുട്ട് |
| **കരുതേണ്ട സാമഗ്രികൾ-** |

## പ്രക്രിയാവിശദാംശങ്ങൾ-

കണ്ടു എന്ന അവസാനിക്കുന്ന വാക്യങ്ങൾ പറയിക്കൽ. അതിൽ ഒന്ന് വീതം ഓരോരുത്തരും ബോർഡിൽ എഴുതണം.

എഴുതിക്കഴിഞ്ഞാൽ

എഡിറ്റിംഗ് കുട്ടികൾ പറയുന്ന മാനദണ്ഡപ്രകാരം നടത്തണം

ക്രമത്തിൽ അവർ പറയണമെന്നില്ല. അവർ പറയുന്നതിന് ആദ്യ പരിഗണന നൽകിയ ശേഷം പ്രസക്തമായ കാര്യങ്ങൾ ടീച്ചർ ഉന്നയിക്കുക.

**പ്രതീക്ഷിത ഉല്പന്നം-**

**വിലയിരുത്തൽ**

- സഹവർത്തിതരീതിയിൽ രചനകൾ മെച്ചപ്പെടുത്തുന്നതിനുള്ള എഡിറ്റിംഗ് പ്രക്രിയ എത്രശതമാനം കുട്ടിക ൾക്ക് ഗുണം ചെയ്യുന്നുണ്ട്?
- അവരുടെ മുൻകൈയിൽ എഡിറ്റിംഗ് നടത്താനായി സ്വീകരിച്ച നടപടിയോട് കുട്ടികൾ എങ്ങനെ പ്രതികരിച്ചു?
- ബോർഡിൽ വന്ന് എഴുതുമ്പോൾ ജാഗ്രതപാലിക്കുന്നതിന് ( വ്യക്തതയോടെ എഴുതൽ) എന്ത് നിർദേശമാ ണ് നൽകാനാവുക?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - പാട്ടരങ്ങ് |
| **പഠനലക്ഷ്യങ്ങൾ.**<br>• പാട്ടരങ്ങുകളിൽ താളത്തിനനുസരിച്ച് ശരീരചലനങ്ങളിലൂടെ ആകർഷകമായി അവതരിപ്പിക്കുന്നു.<br>• ചെറു സദസ്സുകളിൽ കഥകൾ, പാട്ടുകൾ, കവിതകൾ, അഭിനയ ഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കും കൂട്ടായി രൂപപ്പെടുത്തിയ മാനദണ്ഡങ്ങൾ പ്രകാരം ഭാവാത്മകമായി അവതരിപ്പിക്കുന്നു<br>• ചൊല്ലിക്കേൾക്കുന്ന പാട്ടുകൾ ഈണവും താളവും പാലിച്ചുകൊണ്ട് ഏറ്റുചൊല്ലുന്നു. |
| **പ്രതീക്ഷിത സമയം** - 30 മിനുട്ട് |
| **കരുതേണ്ട സാമഗ്രികൾ-** |

## പ്രക്രിയാവിശദാംശങ്ങൾ-

കുട്ടികൾ ഗ്രൂപ്പടിസ്ഥാനത്തിൽ ഇതുവരെ ഈ യൂണിറ്റിൽ പരിചയപ്പെട്ട പാട്ടുകൾ വായനപാഠമായി നൽകിയതടക്കം അവതരിപ്പിക്കുന്നതിന് അവസരം

- അപ്പോം ചുട്ട്
- ആർപ്പോ ഇർറോ
- പട്ടം പട്ടം മാനത്ത് പട്ടം
- പട്ടം കണ്ടോ കാട്?
- പട്ടം പാറി മാനത്ത്
- പട്ടം പട്ടം തിത്തെയ്
- പുഴയിലുണ്ടോ മീൻ
  - താളമിട്ട് പാടണം. നോക്കിച്ചൊല്ലുന്നതിനും അവസരം. ശാരീരിക ചലനങ്ങളും അഭിനയവും ആവശ്യമായ പാട്ടുകൾ അങ്ങനെ അവതരിപ്പിക്കണം
  - ഗ്രൂപ്പുകൾക്ക് തയ്യാറെടുപ്പിന് സമയം അനുവദിക്കണം.
  - ഒരംഗം ചൊല്ലിക്കൊടുത്ത് മറ്റുള്ളവർ ഏറ്റ് ചൊല്ലുന്ന രീതി സ്വീകരിക്കാം. ഊഴമിട്ട് ചൊല്ലിക്കൊടുക്കുന്ന രീതിയിലൂടെ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കാം.
  - വായനയിൽ സഹായം വേണ്ടവർക്ക് ഗ്രൂപ്പുകൾ സഹായം നൽകണം.

അവതരണശേഷം വിലയിരുത്തൽ ചർച്ച

### പ്രതീക്ഷിത ഉല്പന്നം-

- പാട്ടരങ്ങിന്റെ വീഡിയോ

### വിലയിരുത്തൽ

- പരസ്പര വിലയിരുത്തലിൽ കുട്ടികൾ പരിഗണിച്ച കാര്യങ്ങൾ
- എല്ലാവർക്കും പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞുവോ?
- വായനപ്രവർത്തനമെന്ന നിലയിൽ നോക്കിച്ചൊല്ലലിന് അവസരം നൽകിയത് ഗുണം ചെയ്തുവോ?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - ചേലുള്ള പട്ടം (എഴുത്ത്) |
| **പഠനലക്ഷ്യങ്ങൾ.**<br>• മലയാളം ലിപികൾ അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലിപ്പം, ആലേഖന ക്രമം) സഹായത്തോടെ എഴുതി തീമുകളുമായി ബന്ധപ്പെട്ട സന്ദർഭങ്ങളിലെ വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുന്നു.<br>• അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവസന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നു |
| **പ്രതീക്ഷിത സമയം** - 35 മിനുട്ട്, |
| **കരുതേണ്ട സാമഗ്രികൾ-** |

## പ്രക്രിയാവിശദാംശങ്ങൾ-

എല്ലാ കാഴ്ചകളും കണ്ട് ആസ്വദിച്ച് പട്ടം അങ്ങനെ പൊങ്ങിയും താണും പറന്നു പോവുകയായിരുന്നു. ( പട്ടമായി സങ്കല്പിച്ച് കാഴ്ച ആസ്വദിക്കുന്ന ഭാവാവതരണം) താഴെയുള്ള ചിലർ ആകാശത്തേക്ക് നോക്കി. ആരൊക്കെയാകും നോക്കിയത്? പ്രതികരണങ്ങൾ

സചിത്ര പാഠപുസ്തകത്തിൽ നോക്കി കണ്ടെത്തുന്നു.

പട്ടത്തിന് നിറം നൽകുന്നു. തത്ത, കാക്ക, ആന എന്നിവർക്കും നിറം നൽകുന്നു.

തത്ത ആകാശത്തേക്ക് നോക്കി.

അപ്പോൾ എന്താ കണ്ടത്? ആരാ പട്ടം കണ്ടത്?

തത്ത കണ്ടു.

അപ്പോൾ തത്ത പട്ടത്തിന്റെ പ്രത്യേകത മറ്റുള്ളവരോട് പറഞ്ഞു. എന്തു പ്രത്യേകതയാകും പറഞ്ഞത്?

തത്ത കണ്ടു

നൂലുള്ള പട്ടം

- തത്ത എന്ന് ടീച്ചർ എഴുതിക്കാണിക്കണം. മാനത്ത് എന്ന് എഴുതിയപ്പോൾ ത്ത പരിചയിച്ചതാണെങ്കിലും തയും അതിന്റെ ഇരട്ടിപ്പും അടുത്തടുത്ത് വരുന്ന വാക്കാണ്.തത്ത....... കണ്ടു എന്ന് തെളിവെടുത്ത് എഴുതണം. സചിത്ര പ്രവർത്തന പുസ്തകത്തിൽ ഏറ്റവും മുകളിലായി എഴുതണം. നൂലുള്ള എന്ന വാക്കും ടീച്ചർ എഴുതിക്കാണിക്കണം. ള്ള ആദ്യമായി പരിചയപ്പെടുത്തുകയാണ്. ള പരിചയപ്പെട്ടതാണ്. എങ്കിലും ള്ള ചേർത്തെഴുതുന്ന വിധം ശ്രദ്ധയിൽ പെടുത്തണം.
- പിന്തുണ നടത്തം
- വരികൾ ടീച്ചർ ബോർഡിലെഴുതുന്നു. കുട്ടികൾ പൊരുത്തപ്പെടുത്തി മെച്ചപ്പെടുത്തുന്നു.

പട്ടം കണ്ട കാക്കയും പട്ടത്തെക്കുറിച്ച് പറഞ്ഞു. എന്താകാം പറഞ്ഞത്? പ്രതികരണങ്ങൾ

കാക്ക കണ്ടു

വാലുള്ള പട്ടം

- കാക്ക എന്ന് ടീച്ചർ എഴുതിക്കാണിക്കണം. കയും അതിന്റെ ഇരട്ടിപ്പും അടുത്തടുത്ത് വരുന്ന വാക്കാണ്. ക്കയുടെ ഘടനയും പറയാം. കാക്ക............ ബാക്കി കുട്ടികൾ സചിത്ര പ്രവർത്തന പുസ്തകത്തിൽ എഴുതണം.
- പിന്തുണ നടത്തം
- വരികൾ ടീച്ചർ ബോർഡിലെഴുതുന്നു. കുട്ടികൾ പൊരുത്തപ്പെടുത്തി മെച്ചപ്പെടുത്തുന്നു.

തത്തയും കാക്കയും ഓരോരോ പ്രത്യേകതകൾ പറഞ്ഞിട്ട് ആനയെ നോക്കി. എന്തെങ്കിലും പറഞ്ഞല്ലേ പറ്റൂ. ആന വിചാരിച്ചു. താൻ പറയുന്നത് മെച്ചപ്പെട്ട ഒരു കാര്യമായിരിക്കണം. ഇത്തിരി ആലോചിച്ച ശേഷം ആന പറഞ്ഞു. അത് കേട്ട് തത്തയും കാക്കയും പറഞ്ഞു. കൊള്ളാം കൊള്ളാം.

എന്തായിരിക്കും ആന പറഞ്ഞത്? പ്രതികരണങ്ങൾ

ആന കണ്ടു

ചേലുള്ള പട്ടം



- സചിത്ര പ്രവർത്തന പുസ്തകത്തിൽ എല്ലാവരും എഴുതിയ ശേഷം ടീച്ചറെഴുത്ത്
- പൊരുത്തപ്പെടുത്തി മെച്ചപ്പെടുത്തൽ

**പ്രതീക്ഷിത ഉല്പന്നം**

- സചിത്രപ്രവർത്തനപുസ്തകത്തിലെ രേഖപ്പെടുത്തൽ

**വിലയിരുത്തൽ**

- ചേലുള്ള പട്ടം എന്ന് തനിയെ എഴുതിയവരാരെല്ലാം?
- ഏതെല്ലാം അക്ഷരങ്ങൾ എഴുതുന്നതിന് തെളിവ് വേണ്ടി വന്നു?
- രചനയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാം?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - ചേലുള്ള പട്ടം (വായന) |
| **പഠനലക്ഷ്യങ്ങൾ.**<br>പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുന്നു |
| **പ്രതീക്ഷിത സമയം** - 35 മിനുട്ട്, |
| **കരുതേണ്ട സാമഗ്രികൾ-** |

## പ്രക്രിയാവിശദാംശങ്ങൾ-

**കണ്ടെത്തൽ വായന (വാക്യങ്ങൾ)**

- ആന പറഞ്ഞ കാര്യം എത്രമാത്തെ വരിയിലാണ്?
- തത്ത പറഞ്ഞതോ?
- വാലുള്ള പട്ടം എന്ന് പറഞ്ഞ ആളുടെ പേരുള്ള വരി ഏത്?

**കണ്ടെത്തൽ വായന (വാക്കുകൾ)**

- ഒരേ പോലെ അവസാനിക്കുന്ന വാക്കുകൾ ഏതെല്ലാം? ( കണ്ടു, പട്ടം, ചേലുള്ള, നൂലുള്ള, വാലുള്ള)

**കണ്ടെത്തൽ വായന (ഊന്നൽ നൽകുന്ന അക്ഷരമുള്ള വരികൾ, വാക്കുകൾ, അക്ഷരങ്ങൾ)**

- ള്ളയുടെ അടിയിൽ വരയിടുക

**ക്രമത്തിൽ വായിക്കൽ**

- ഒന്ന്, രണ്ട്, മൂന്ന് എന്ന് നമ്പരെടുക്കുന്നു. ഒന്നാമത്തെ ആൾ തത്തയുമായി ബന്ധപ്പെട്ട വരികൾ, രണ്ടാമത്തെയാൾ കാക്കയുമായി ബന്ധപ്പെട്ട വരികൾ, മൂന്നാമത്തെയാൾ ആനയുമായി ബന്ധപ്പെട്ട വരകിൾ എന്നിങ്ങനെ വായിക്കുന്നു

**പറയുന്ന ക്രമത്തിൽ വാക്യങ്ങൾ വായിക്കൽ**

- മൂന്ന്, ഒന്ന്, രണ്ട്, രണ്ട്, ഒന്ന്, ഒന്ന് എന്നിങ്ങനെ നമ്പർ പറയുമ്പോൾ നേരത്തെ നിശ്ചിച്ച കാഥാപാത്രങ്ങളുടെ പേരു കിട്ടിയ കുട്ടികൾ അതുമായി ബന്ധപ്പെട്ട വരികൾ ചാർട്ടിൽ നോക്കി വായിക്കുന്നു.

**താളാത്മക വായന**

- വാക്കുകൾ ചൂണ്ടി താളമിട്ട് വായിക്കുന്നു ( ഗ്രൂപ്പ് പ്രവർത്തനം)

**ഭാവാത്മക വായന**

- പട്ടത്തിന്റെ മനോഹാരിത വ്യക്തമാക്കും വിധം വായിക്കുന്നു. നൂലുള്ള, ചേലുള്ള, വാലുള്ള എന്നിവയ്ക്ക് ഊന്നൽ

**പ്രതീക്ഷിത ഉല്പന്നം-**

- പാഠപുസ്തകത്തിലും സചിത്രപുസ്തകത്തിലും നിർദേശിക്കുന്ന വാക്കുകൾ കണ്ടെത്തിയതിന്റെ തെളിവ്.

**വിലയിരുത്തൽ**

- ഇതുവരെ പഠിച്ചപാഠങ്ങളിലെ നിർദേശിക്കുന്ന ഭാഗത്തെ വാക്യങ്ങൾ വായിക്കാൻ കഴിവുള്ളവർ എത്ര പേർ?
- പരിചയിച്ച അക്ഷരങ്ങളുള്ള വായനപാഠങ്ങൾ തനിയെ വായിക്കാൻ കഴിയുന്നവരെത്രപേർ?
- ഭാവാത്മക വായനയിൽ മെച്ചപ്പെടേണ്ടവർ എത്രപേർ?
- വായനയിൽ സഹായം വേണ്ടവരുണ്ടോ? എന്താണ് അവർ നേരിടുന്ന പ്രശ്നങ്ങൾ?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - എഡിറ്റിംഗ് |
| **പഠനലക്ഷ്യങ്ങൾ.**<br>അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവ സന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും ഒറ്റയ്ക്കും കൂട്ടായും മുതിർന്നവരുടെ സഹായത്തോടെയും രചനകൾ താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തുന്നതിനും കഴിയുന്നു. |
| **പ്രതീക്ഷിത സമയം** - 10 മിനുട്ട്, |
| **കരുതേണ്ട സാമഗ്രികൾ-** |

## പ്രക്രിയാവിശദാംശങ്ങൾ-

- ഗ്രൂപ്പുകളായി വന്ന് ഒരു വരി വീതം എഴുതണം.
- പങ്കാളിത്തസ്വഭാവത്തോടെ മാനദണ്ഡങ്ങൾ വികസിപ്പിച്ച് എഡിറ്റ് ചെയ്യണം
- എഡിറ്റിംഗ് കഴിഞ്ഞാൽ എല്ലാവരും അവരവരുടെ ബുക്കുകളിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ച് മെച്ചപ്പെടുത്തണം.

**പ്രതീക്ഷിത ഉല്പന്നം-**

- ബോർഡിലെ രേഖപ്പെടുത്തലുകൾ

**വിലയിരുത്തൽ**

- ഓരോ ഗ്രൂപ്പിനെയും വിലയിരുത്തി മറ്റു ഗ്രൂപ്പുകൾ നിർദേശം നൽകിയോ?
- പ്രശ്നങ്ങൾ കണ്ടെത്താനുള്ള കഴിവ് വളർന്നിട്ടുണ്ടോ?
- കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഏതെല്ലാം ഗ്രൂപ്പുകൾക്ക് തെളിവുകൾ നൽകാനായി?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - തത്ത നിർമ്മാണം |
| **പഠനലക്ഷ്യങ്ങൾ.**<br>സൂക്ഷ്മപേശീവികസനത്തിന് സഹായകമായ രീതിയിൽ വിവിധ ആവശ്യങ്ങൾക്കായി കടലാസുകൾ മടക്കുക, കീറുക, മുറിക്കുക, ഒട്ടിക്കുക, ചുരുട്ടുക തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു |
| **പ്രതീക്ഷിത സമയം** - 30 മിനുട്ട് |
| **കരുതേണ്ട സാമഗ്രികൾ-** പത്ത് സെമി നീളവും ഒരു സെമി വീതിയുമുള്ള പച്ചപേപ്പർ, ചുവന്ന പേപ്പർ |

**പ്രക്രിയാവിശദാംശങ്ങൾ-**

- പച്ചപ്പേപ്പറിന്റെ ഒരു ഭാഗം വളച്ച് ഉള്ളിൽ കടത്തണം. ( കുരുത്തോല കൊണ്ട് തത്തയെ ഉണ്ടാക്കിയ രീതിയിൽ)
- ശേഷം തലഭാഗം വളച്ചു വെട്ടണം. വാൽഭാഗം തൂവലുപോലെ വെട്ടണം
- കണ്ണ് ചുവന്ന മഷിവെച്ച് വരച്ചു ചേർക്കണം
- വളഞ്ഞ ചുണ്ടിന് ചുവന്ന പേപ്പർ വെട്ടിയത് ഒട്ടിച്ചു ചേർക്കണം.

**പ്രതീക്ഷിത ഉല്പന്നം-** തത്ത

**വിലയിരുത്തൽ**

- എത്ര പേർക്ക് സഹായം ആവശ്യമായി വന്നു
- വലിയ പേപ്പർ ഉപയോഗിച്ച് മാതൃക കാട്ടേണ്ടി വന്നോ?

**പ്രവർത്തനത്തിന്റെ പേര്** - പട്ടിയും പട്ടവും ( എഴുത്ത്)

**പഠനലക്ഷ്യങ്ങൾ.**

- മലയാളം ലിപികൾ അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലുപ്പം, ആലേഖന ക്രമം) സഹായത്തോടെ എഴുതി തീമുകളുമായി ബന്ധപ്പെട്ട സന്ദർഭങ്ങളിലെ വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുന്നു.
- അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവസന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നു

**പ്രതീക്ഷിത സമയം** - 35 മിനുട്ട്,

**കരുതേണ്ട സാമഗ്രികൾ-**

**പ്രക്രിയാവിശദാംശങ്ങൾ-**

തത്തയ്ക്കും കാക്കയ്ക്കും ആനയ്ക്കും ഹായ് പറഞ്ഞ് പട്ടം അങ്ങനെ പറക്കുകയായിരുന്നു.

അപ്പോൾ താഴെ വഴിയിലൂടെ ഒരാൾ വന്നു (ആരായിരിക്കാം വന്നത് ?)

കൂർത്ത ചെവി

വളഞ്ഞ വാല്

ആരായിരിക്കാം?

ആ പട്ടി എങ്ങനെയുള്ള പട്ടി ആണെന്നോ ?

- ആരെ കണ്ടാലും കുരയ്ക്കുന്ന പട്ടി
- എന്ത് കണ്ടാലും കടിച്ചുകീറുന്ന പട്ടി
- എപ്പോഴും ഭൗ ഭൗഎന്ന് കുരക്കുന്ന പട്ടി

പട്ടി മുകളിലേക്ക് നോക്കി പട്ടത്തെ നോക്കി

പട്ടി നോക്കി

(പട്ടിയുടെ ചിത്രം ഒട്ടിച്ച് എഴുതുന്നു )

പട്ടി എന്താ ചെയ്തത്?

കുരകുരച്ചു

എങ്ങനെയാ പട്ടി കുരച്ചത്

(കുട്ടികൾക്ക് പട്ടി കുരക്കുന്ന ശബ്ദം ഉണ്ടാക്കാൻ അവസരം. അദ്ധ്യാപികയും ശബ്ദം അനുകരിക്കുന്നു )

എങ്ങനെയാ പട്ടി കുരയ്ക്കുന്നത്

ഭൗ ഭൗ ഭൗ ഭൗ

പട്ടി ചെറുതായി കുരച്ചു

ഭൗ

പട്ടം കേട്ട ഭാവം നടിച്ചില്ല

പട്ടി ഉച്ചത്തിൽ കുരച്ചു

ഭൗ

എന്നിട്ടും പട്ടം പഴയതുപോലെ പറന്നു

പട്ടി വലിയ ഉച്ചത്തിൽ കുരച്ചു

ഭൗ ഭൗ

കുര കേട്ടപ്പോൾ പട്ടം പേടിച്ചുപോയി

പട്ടം ഞെട്ടി

വിറവിറച്ചു

എല്ലാവരും സചിത്രപ്രവർത്തന പുസ്തകമെടുക്കുന്നു. പട്ടത്തിന്റെ മുഖഭാവം വ്യാഖ്യാനിക്കുന്നു. പട്ടത്തിനും പട്ടിക്കും നിറം നൽകുന്നു.

സചിത്രബുക്കിൽ വരയിട്ട ഭാഗത്ത് എന്താ എഴുതേണ്ടത്? ഒരു വരി കൂടി താഴെ എഴുതണം. അതിന് കുത്തുകളില്ല. ചരിയാതെ എഴുതി നോക്കൂ, ( വരയില്ലാതെ എഴുതാനുള്ള ശ്രമം)

പട്ടി നോക്കി

കുരകുരച്ചു

പട്ടം ഞെട്ടി

വിറവിറച്ചു

സാവധാനം വാക്കുകൾ പറയുന്നു. പരിചിയിച്ച അക്ഷരങ്ങളാണ് എല്ലാം. പുതിയ പ്രയോഗസന്ദർഭമായി കാണണം.

കുട്ടികളുടെ എഴുത്ത്-

- സചിത്രപുസ്തകത്തിൽ എഴുതൽ
- ടീച്ചർ ബോർഡിൽ എഴുതൽ
- പൊരുത്തപ്പെടുത്തി എഴുത്ത്

പിന്തുണാനടത്തവും വ്യക്തിഗത പിന്തുണയും

**പ്രതീക്ഷിത ഉല്പന്നം**

- സചിത്രപുസ്തകത്തിലെ രേഖപ്പെടുത്തലുകൾ

**വിലയിരുത്തൽ**

- പുതിയ പ്രയോഗസന്ദർഭത്തിൽ സ്വന്തമായി എഴുതാൻ കഴിഞ്ഞവരെത്രപേർ?
- എത്രപേർക്ക് സൂചനകൾ വേണ്ടി വന്നു?
- സംയുക്തരചനയുടെ സാധ്യത വേണ്ടി വന്നരാരെല്ലാം?
- എന്തെല്ലാം പ്രശ്നങ്ങളാണ് കണ്ടെത്താനായത്? അവ പരിഹരിക്കാനായി എന്താണ് ആസൂത്രണം ചെയ്തത്?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - പട്ടവും പട്ടവും (വായന) |
| **പഠനലക്ഷ്യങ്ങൾ.** |
| പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുന്നു |
| **പ്രതീക്ഷിത സമയം** - 35 മിനുട്ട്, |
| **കരുതേണ്ട സാമഗ്രികൾ-** |

## പ്രക്രിയാവിശദാംശങ്ങൾ-

**കണ്ടെത്തൽ വായന (വാക്യങ്ങൾ)**

- ചിത്രത്തിലെ പട്ടത്തിന്റെ മുഖഭാവം വ്യക്തമാക്കുന്ന വരികൾ ഏതെല്ലാം?
- ചുവടെയുള്ള പട്ടിയുടെ ചിത്രത്തിലെ ആശയം വ്യക്തമാക്കുന്ന വരികൾ ഏതെല്ലാം

**കണ്ടെത്തൽ വായന (വാക്കുകൾ)**

- കുരകുരച്ചു പോലെ മറ്റൊരു വാക്ക് ഉണ്ട്. ഏതാണത്?
- പട്ടിയുടെ കുരകേട്ടപ്പോൾ പട്ടം പേടിച്ചുപോയി. ആ ആശയമുള്ള വാക്കേത്?

**കണ്ടെത്തൽ വായന (ഊന്നൽ നൽകുന്ന അക്ഷരമുള്ള വരികൾ, വാക്കുകൾ, അക്ഷരങ്ങൾ)**

- നോ എന്ന അക്ഷരം ഏത് വാക്കിലാണ് ഉള്ളത്.

**ക്രമത്തിൽ വായിക്കൽ**

- പട്ടം പട്ടം മാനത്ത് പട്ടം എന്ന വരി മുതൽ വായിക്കണം.
- ഓരോ ഗ്രൂപ്പിനും ഓരോ പേജ് വീതം നൽകാം
- ഗ്രൂപ്പംഗങ്ങൾ സഹവർത്തിത വായനയാണ് നടത്തേണ്ടത് (പരസ്പരം സഹായിച്ച് വായന പരിശീലിപ്പിച്ച ശേഷം ഒരാൾ ഒരു വാക്യം എന്ന രീതിയിൽ)

**താളാത്മക വായന**

- വരികൾ ചൂണ്ടി വായിക്കണം. ഗ്രൂപ്പ് പ്രവർത്തനം

**പ്രതീക്ഷിത ഉല്പന്നം**

**വിലയിരുത്തൽ**

- ആശയം സൂചിപ്പിച്ച് വാക്യങ്ങൾ കണ്ടെത്താനുള്ള പ്രവർത്തനത്തോട് ശരിയായി പ്രതികരിച്ചവരെത്രപേർ?
- ആശയം സൂചിപ്പിച്ച് വാക്കുകൾ കണ്ടെത്താനുള്ള പ്രവർത്തനത്തോട് ശരിയായി പ്രതികരിച്ചവരെത്രപേർ?
- ചിഹ്നം ചേർന്ന അക്ഷരം കണ്ടെത്തിയവരെത്ര പേർ?
- വ്യക്തിഗത പിന്തുണ ആർക്കെല്ലാം വേണ്ടി വന്നു?

**പ്രവർത്തനത്തിന്റെ പേര്** - എഡിറ്റിംഗ്

**പഠനലക്ഷ്യങ്ങൾ.**

അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവ സന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും ഒറ്റയ്ക്കും കൂട്ടായും മുതിർന്നവരുടെ സഹായത്തോടെയും രചനകൾ താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തുന്നതിനും കഴിയുന്നു.

**പ്രതീക്ഷിത സമയം** - 10 മിനുട്ട്

**കരുതേണ്ട സാമഗ്രികൾ-**

## പ്രക്രിയാവിശദാംശങ്ങൾ-

- വാക്കകലം
- അക്ഷരഘടന എന്നിവയ്ക്ക് ഊന്നൽ
- സന്നദ്ധരായ കുട്ടികളെ വിളിച്ച് മെച്ചപ്പെടുത്തി എഴുതിക്കാം.

### പ്രതീക്ഷിത ഉല്പന്നം-

### വിലയിരുത്തൽ

- ബോർഡിൽ സഹപാഠികളെഴുതിയത് എഡിറ്റ് ചെയ്യാമോ എന്ന ആവശ്യത്തോട് ആത്മവിശ്വാസത്തോടെ എത്ര പേർക്ക് പ്രതികരിക്കാനായി?
- എഡിറ്റിംഗ് പ്രക്രിയയിൽ വിട്ടുപോയ കാര്യങ്ങൾ ചൂണ്ടിക്കാട്ടാൻ എത്രകുട്ടികൾക്ക് കഴിഞ്ഞു?
- എഡിറ്റിംഗ് പ്രക്രിയ കുട്ടികളുടെ തനിച്ചെഴുത്തിനെ സ്വാധിനിക്കുന്നുണ്ടോ? ഏതെല്ലാം കാര്യങ്ങളിൽ?



**പ്രവർത്തനത്തിന്റെ പേര്** - അനുകരണപ്രവർത്തനം

**പഠനലക്ഷ്യങ്ങൾ.**

- വിവിധ കളികളിലൂടെ ആവശ്യാനുസരണമുള്ള ശാരീരിക ചലനം, ഏകോപനം, തീരുമാനമെടുക്കാനുള്ള കഴിവ് എന്നിവ നേടുന്നു
- വിവിധജീവികളുടെ സഞ്ചാരരീതികൾ അനുകരിക്കുന്നു.
- പലവേഗതയിലുള്ള ഓട്ടം, പലതരം ചാട്ടം, ഏറിയൽ, പിടിക്കൽ, സന്തുലനം പാലിക്കൽ മുതലായവയിലൂടെ അടിസ്ഥാന ചലനനൈപുണികൾ നേടുന്നു.

**പ്രതീക്ഷിത സമയം** - 30 മിനുട്ട്

**കരുതേണ്ട സാമഗ്രികൾ-**

## പ്രക്രിയാവിശദാംശങ്ങൾ-

### അനുകരണ പ്രവർത്തനം (Imitation Activity)

നിർദേശാനുസരണം വിവിധ ജീവികളുടെ ചലനങ്ങൾ അനുകരിക്കുക.

1. ഞണ്ട് നടത്തം (Crab Walk)
   - മുട്ടുമടക്കി താഴോട്ടിരുന്ന് കൈകൾ പുറകിലേക്ക് ഊന്നുക. കൈവിര ലുകൾ പുറത്തേക്ക് തിരിച്ചു വച്ച് നടക്കുക.
2. പുൽച്ചാടിനടത്തം (Cricket Walk)
   - ഇരുകൈകളും മുട്ടുകൾക്കിടയിലൂടെ കൊണ്ടുപോയി കണങ്കാലിന്റെ വശങ്ങളിൽ പിടിച്ച് നടക്കുക.

### വിലയിരുത്തൽ

- 

**പ്രവർത്തനത്തിന്റെ പേര്** - പട്ടം വീണു (എഴുത്ത്)

**പഠനലക്ഷ്യങ്ങൾ.**

മലയാളം ലിപികൾ അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലിപ്പം, ആലേഖന ക്രമം) സഹായത്തോടെ എഴുതി തീമുകളുമായി ബന്ധപ്പെട്ട സന്ദർഭങ്ങളിലെ വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുന്നു.

| |
|---|
| അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവസന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നു |
| **പ്രതീക്ഷിത സമയം** - 35 മിനുട്ട് |
| **കരുതേണ്ട സാമഗ്രികൾ-** |

ഊന്നൽ നൽകുന്ന അക്ഷരം- ണ

ഊന്നൽ നൽകുന്ന ചിഹ്നം -ഒ സ്വരത്തിന്റെ ചിഹ്നം

## പ്രക്രിയാവിശദാംശങ്ങൾ-

പട്ടിയുടെ കുര കേട്ട് ഞെട്ടിപ്പോയി പട്ടം. വിറച്ചുപോയി പട്ടം. ആ വിറയലിൽ എന്താ സംഭവിച്ചതെന്ന് അറിയാമോ?

നൂല് പൊട്ടി

നൂലു പൊട്ടിയാൽ പട്ടത്തിന് എന്തു സംഭവിച്ചു കാണും?

പട്ടം വീണു

എങ്ങനെയാവും വീണത്?

തല കുത്തി

തല കുത്തി

പട്ടം വീണു

സാവധാനം വാക്കുകൾ പറയുന്നു. ണ ഒഴികെയുള്ളവ പരിചിയിച്ച അക്ഷരങ്ങളാണ് എല്ലാം. വീണു എന്നത് ഘടനപറഞ്ഞ് എഴുതണം. അവസാന വരി എഴുതുമ്പോൾ ആദ്യ വരിയിലെ വീണു എന്നത് തെളിവെടുത്ത് എഴുതാനാവശ്യപ്പെടാം. അവസാന വരി എഴുതാൻ കുത്തുകളില്ല. ചെരിയാതെ എഴുതാൻ ശ്രമിക്കട്ടെ

നൂല് പൊട്ടി
പട്ടം വീണു
തലകുത്തി
തലകുത്തി
പട്ടം വീണു

### കുട്ടികളുടെ എഴുത്ത്-

- സചിത്രപുസ്തകത്തിൽ എഴുതൽ
- ടീച്ചർ ബോർഡിൽ എഴുതൽ (തലകുത്തി ഒരു തവണ എഴുതിയാൽ മതി രണ്ടാമത്തേത് കുട്ടികൾ തെളിവെടുത്ത് എഴുതട്ടെ)
- പൊരുത്തപ്പെടുത്തി എഴുത്ത്

### പിന്തുണാനടത്തവും വ്യക്തിഗത പിന്തുണയും

- വാക്കകലം പാലിക്കുന്നുണ്ടോ?
- ഘടന പാലിക്കുന്നുണ്ടോ?
- വ്യക്തതയുണ്ടോ?
- അക്ഷരം മാറിപ്പോയിട്ടുണ്ടോ? തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് പിന്തുണ

### പ്രതീക്ഷിത ഉല്പന്നം

- സചിത്രപുസ്തകത്തിലെ രേഖപ്പെടുത്തൽ

### വിലയിരുത്തൽ

- തലകുത്തി തലകുത്തി എന്ന് തെറ്റില്ലാതെ തനിയെ എഴുതാൻ എത്രപേർക്ക് കഴിഞ്ഞു?
- ത്ത, ണ എന്നിവ എഴുതിയപ്പോൾ ഘടന പാലിക്കാൻ എല്ലാവരും ശ്രദ്ധിച്ചിരുന്നുവോ?
- ണ തെളിവെടുത്ത് എഴുതാത്തവരുണ്ടോ?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - പട്ടത്തിന്റെ മുഖഭാവമാറ്റം |
| **പഠനലക്ഷ്യങ്ങൾ.**<br>• തീമുമായി ബന്ധപ്പെട്ട് സ്വയം രൂപപ്പെടുത്തിയതോ നിർദേശിക്കുന്നതോ ആയ സന്ദർഭങ്ങൾ എന്നിവ സ്വതന്ത്രമായി ചിത്രീകരിക്കുന്നു.<br>• കൂട്ടുകാർ വരച്ച ചിത്രങ്ങളിലെ സവിശേഷതകൾ കണ്ടെത്തി വിലയിരുത്തലുകൾ പങ്കിടുന്നു.<br>• സ്വയം വരച്ചതോ ലഭിച്ചതോ ആയ ചിത്രങ്ങൾക്ക് പ്രകൃതിയിൽ നിന്നും ലഭ്യമായതും അല്ലാത്തതുമായ വസ്തുക്കൾ ഉപയോഗിച്ച് നിറം നൽകുന്നു. |

| |
|---|
| **പ്രതീക്ഷിത സമയം** - 30 മിനുട്ട് |
| **കരുതേണ്ട സാമഗ്രികൾ-** |

## പ്രക്രിയാവിശദാംശങ്ങൾ-

- സചിത്രപാഠപുസ്തകത്തിലെ പട്ടത്തിന്റെ മൂന്നു ചിത്രങ്ങൾ നോക്കി ഏതാണ് സന്തോഷം ഉള്ളത്, ഏതാണ് പേടി ഉള്ളത് എന്ന് കണ്ടെത്തുന്നു
- തുടർന്ന് നൽകുന്ന പേപ്പറിൽ നാലോ അഞ്ചോ പട്ടങ്ങളുടെ പടം വരയ്ക്കുന്നു
- അവയിലൊന്നിന് ചിരിക്കുന്ന ഭാവം വേണം. എങ്ങനെ ? ചർച്ചയിലൂടെ ചിരിഭാവം വരയ്ക്കുന്നു.
- കരച്ചിൽ ഭാവം എങ്ങനെ വരുത്തും? വായുടെ ആകൃതി റ പോലെയാക്കി കണ്ണുനീരും വരയ്ക്കുന്നു
- പേടിഭാവം വരുത്തണം. ( പാഠപുസ്തകത്തിലെ പോലെ വരയ്ക്കാം)
- ഭാവമൊന്നുമില്ല ( വായ കുറിയ നേർരേഖ )
- വരച്ചത് പരസ്പരം കാണുന്നു.
- പ്രത്യേകതകൾ കണ്ടെത്തുന്നു.
- ഓരോ പട്ടത്തിനും വ്യത്യസ്ത നിറം നൽകണം. പുള്ളിപ്പട്ടവും ആകാം
- കുട്ടികൾ ഇഷ്ടമുള്ള നിറം നൽകുന്നു.

**പ്രതീക്ഷിത ഉല്പന്നം-**

**വിലയിരുത്തൽ**

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - പട്ടം വീണു (വായന) |
| **പഠനലക്ഷ്യങ്ങൾ.**<br>പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുന്നു |
| **പ്രതീക്ഷിത സമയം** - 35 മിനുട്ട് |
| **കരുതേണ്ട സാമഗ്രികൾ-** |



## പ്രക്രിയാവിശദാംശങ്ങൾ-

**കണ്ടെത്തൽ വായന (വാക്യങ്ങൾ)**

- പട്ടത്തിന്റെ വീഴ്ചയുടെ രീതി വ്യക്തമാക്കുന്ന വരി ഏത്?
- പട്ടം വീഴാനുള്ള കാരണം പറയുന്ന വരി ഏത്?

**കണ്ടെത്തൽ വായന (വാക്കുകൾ)**

- ഏതെല്ലാം വാക്കുകൾ ഒന്നിലധികം തവണ വന്നിട്ടുണ്ട്?

**കണ്ടെത്തൽ വായന (ഊന്നൽ നൽകുന്ന അക്ഷരവും ചിഹ്നവുമുള്ള വരികൾ, വാക്കുകൾ, അക്ഷരങ്ങൾ)**

- ണ്ടു എന്ന അക്ഷരത്തിന് അടിവരയിടുക.
- പൊ എന്ന അക്ഷരം ഏതു വരിയിലാണ്?

**ക്രമത്തിൽ വായിക്കൽ**

- പട്ടി നോക്കി എന്നതു മുതൽ പട്ടം വീണു എന്ന വരി വരെ
- സന്നദ്ധതയുള്ളവർക്ക് മുഴുവൻ വരികളും വായിക്കാം
- ഇഷ്ടമുള്ള രണ്ടു വരി വായിക്കാം

**പറയുന്ന ക്രമത്തിൽ വാക്യങ്ങൾ വായിക്കൽ**

- ട്ടി എന്ന അക്ഷരമുള്ള വരികൾ
- വീണു എന്ന വാക്കുള്ള വരികൾ

**താളാത്മക വായന**

- മുഴുവൻ വരികളും

പ്രതിദിന വായനപാഠം അനുബന്ധം

**പ്രതീക്ഷിത ഉല്പന്നം**

- 

**വിലയിരുത്തൽ**

- വിശകലനാത്മക വായനയ്ക്ക് സഹായകമായി വാക്യം കണ്ടെത്താൻ ചോദിച്ച ചോദ്യങ്ങളോട് ശരിയായി പ്രതികരിക്കാനാവാത്തവർക്ക് എന്ത് സഹായമാണ് നൽകിയത്?

- കണ്ടെത്തൽ വായനയുടെ ഘട്ടങ്ങളിൽ പ്രശ്നം നേരിടുന്ന കുട്ടികൾക്കായി കൂട്ടുവായന പോലുള്ള പ്രയോജനപ്പെടുത്തിയോ?
- വായനയിൽ ക്ലാസിന്റെ പൊതു നിലവാരം എന്താണ്?
- സ്വതന്ത്രവായനാപാഠം ക്ലാസിൽ നൽകിയപ്പോൾ തനിയെ വായിക്കാൻ എത്ര പേർക്ക് കഴിഞ്ഞു? ( രണ്ടുവരി വീതം)
- ഗ്രൂപ്പിൽ ഊഴമിട്ട് രണ്ടു വരി വീതം വായിക്കാൻ ലഭിച്ച അവസരത്തോട് കുട്ടികൾ പ്രതികരിച്ചതെങ്ങനെ?
- സ്വതന്ത്രവായനപാഠങ്ങളുടെ ഉപയോഗം ഭാഷാശേഷീവികസനത്തിന് സഹായകമാണോ?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - എഡിറ്റിംഗ് |
| **പഠനലക്ഷ്യങ്ങൾ.**<br>• അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവ സന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും ഒറ്റയ്ക്കും കൂട്ടായും മുതിർന്നവരുടെ സഹായത്തോടെയും രചനകൾ താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തുന്നതിനും കഴിയുന്നു. |
| **പ്രതീക്ഷിത സമയം** - 10 മിനുട്ട് |
| **കരുതേണ്ട സാമഗ്രികൾ-** |

## പ്രക്രിയാവിശദാംശങ്ങൾ-

- ടീച്ചർ പറയുന്ന വരികൾ എഴുതണം

(ഒ, ഓ സ്വരങ്ങളുടെ ചിഹ്നങ്ങൾ വരുന്ന വരികൾ)

  - പട്ടി നോക്കി
  - നൂല് പൊട്ടി

(ഒ, എ എന്നിവയുടെ ചിഹ്നം വരുന്ന വരികൾ)

  - പട്ടം ഞെട്ടി
  - നൂല് പൊട്ടി

**പ്രതീക്ഷിത ഉല്പന്നം-**

**വിലയിരുത്തൽ**

- നിർദേശിക്കുന്ന വരികൾ എഴുതാനാവശ്യപ്പെട്ടത് എഡിറ്റിംഗിന് കൂടുതൽ സഹായകമായോ?
- തെളിവെടുത്ത് എഡിറ്റ് ചെയ്യുന്നതിന് ആർക്കെല്ലാം അവസരം നൽകി?
- ചിഹ്നബോധ്യം വരാത്ത കുട്ടികളിനിയും ക്ലാസിലുണ്ടോ?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - റൊട്ടേഷൻ എക്സർസൈസ് |
| **പഠനലക്ഷ്യങ്ങൾ.**<br>ശരീരാവയവങ്ങളുടെ വഴക്കത്തിനും നിയന്ത്രണത്തിനും സഹായകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു |
| **പ്രതീക്ഷിത സമയം** - 30 മിനുട്ട് |
| **കരുതേണ്ട സാമഗ്രികൾ-** |

## പ്രക്രിയാവിശദാംശങ്ങൾ-

പൊതുയിടത്തിൽ കുട്ടികൾ പരസ്പരം തൊടാതെ സ്വതന്ത്രരായി നടക്കുന്നു. അധ്യാപിക 'ഫ്രീസ്' എന്ന് നിർദേശിക്കുമ്പോൾ കുട്ടികൾ ചലനങ്ങൾ നിർത്തി അവരുടെ വ്യക്തിഗത ഇടം കണ്ടെത്താൻ ശ്രമിക്കുന്നു. കൈകൾ വശങ്ങളിലേക്ക് വിടർത്തി വട്ടംകറങ്ങി ഹെലികോപ്റ്റർ മാതൃകയിൽ സുഹൃത്തുക്കളുടെ കൈകൾ തമ്മിൽ കൂട്ടിമുട്ടാതെ വ്യക്തിഗത ഇടം കണ്ടെത്തു ന്നു. വ്യക്തിഗത ഇടം കണ്ടെത്താൻ കഴിയാത്ത കുട്ടികളെ അധ്യാപിക സഹായിക്കുക. കുട്ടി കൾ അധ്യാപികയുടെ നിർദ്ദേശപ്രകാരം വ്യത്യസ്ത അസഞ്ചരണചലനങ്ങൾ ചെയ്യുന്നു

- ഹെഡ് റൊട്ടേഷൻ : കൈകൾ രണ്ടും അരക്കെട്ടിൽ വയ്ക്കുക. തല മുകളിലേക്കും താഴേക്കും ഇരുവശങ്ങളിലേക്കും ചലിപ്പിക്കുക. തല ചലിപ്പിച്ച് വലതുവശത്തും ഇടതുവശത്തും ഒരു അർദ്ധവൃത്തം വരയ്ക്കുക.
- ആം റൊട്ടേഷൻ : ഇരു കൈകളും മുന്നിലേക്ക് കറക്കുക അതിനുശേഷം പിറകിലേക്കും കറക്കുക.
- റിസ്റ്റ് റൊട്ടേഷൻ :കൈക്കുഴ വലതുവശത്തേക്കും ഇടതുവശത്തേക്കും കറക്കുക.
- ഹിപ്പ് റൊട്ടേഷൻ : അരക്കെട്ട് ഇരുവശത്തേക്കും വൃത്താകൃതിയിൽ ചലിപ്പിക്കുക.
- ആങ്കിൾ റൊട്ടേഷൻ: കാൽക്കുഴ വൃത്താകൃതിയിൽ കുറക്കുക.

**പ്രതീക്ഷിത ഉല്പന്നം-**

**വിലയിരുത്തൽ**

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - കുരുങ്ങിയ പട്ടി ( എഴുത്ത്) |
| **പഠനലക്ഷ്യങ്ങൾ.**<br>• മലയാളം ലിപികൾ അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലിപ്പം, ആലേഖന ക്രമം) സഹായത്തോടെ എഴുതി തീമുകളുമായി ബന്ധപ്പെട്ട സന്ദർഭങ്ങളിലെ വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുന്നു.<br>• അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവസന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നു |
| **പ്രതീക്ഷിത സമയം** - 35 മിനുട്ട് |
| **കരുതേണ്ട സാമഗ്രികൾ**- |

ഊന്നൽ നൽകുന്ന അക്ഷരങ്ങൾ- ങ്ങ, ൽ

ഊന്നൽ നൽകുന്ന ചിഹ്നങ്ങൾ- ഓ സ്വരത്തിന്റെ ചിഹ്നം

## പ്രക്രിയാവിശദാംശങ്ങൾ-

പട്ടം കറങ്ങി കറങ്ങി കറങ്ങി കറങ്ങി താഴേക്ക് വീണു. പട്ടി നോക്കിയപ്പോൾ തന്റ നേരെ പട്ടം വരുന്നു! ഇത് കണ്ടപ്പോൾ പട്ടി ഭയന്നു. ഒറ്റ ഓട്ടം. പട്ടി എന്താ ചെയ്തത്? സചിത്ര പുസ്തകത്തിൽ ഏറ്റവും മുകളിലായി ഒരു വരിക്ക് കുത്തുകൾ ചേർത്ത് അവിടെയാണ് എഴുതേണ്ടത്,

പട്ടി ഓടി

പട്ടം കറങ്ങി കറങ്ങി പട്ടിയുടെ പുറകെ വരുന്നു. പട്ടി ഓടി. ഓടിപ്പോകുന്നതിനിടയിൽ പട്ടം പട്ടിയുടെ മേലെ വീണു. പട്ടം വീണു, പട്ടീടെ മേലെ. വാലും ചുരുട്ടി മോങ്ങിക്കൊണ്ട് ഒറ്റ ഓട്ടം. ചരട് കുരുങ്ങി, കാലിൽ കുരുങ്ങി .കാലിൽ ചരട് കുടുങ്ങിയപ്പോൾ പട്ടി ഉരുണ്ടു പിരണ്ടു. ഉരുണ്ട പിരണ്ടപ്പോൾ ദേഹമാകെ ചരട് കുരുങ്ങി.

(പട്ടിയുടെ ദേഹമാകെ ചരട് കുരുങ്ങിയത് സചിത്രപുസ്തകത്തിലെ പട്ടിയുടെ ചിത്രത്തിൽ വരച്ചു ചേർക്കുന്നു.)

കാലിലും കൈയിലും തലയിലും വാലിലും പട്ടത്തിന്റെ നൂല് കുരുങ്ങി.

എവിടെയെല്ലാം കുരുങ്ങി

നൂല് കുരുങ്ങി

വാലിൽ കുരുങ്ങി

കാലിൽ കുരുങ്ങി

മേലാകെ കുരുങ്ങി

അനങ്ങാൻ പറ്റാതായി അപ്പോൾ പട്ടി എന്തായിരിക്കും ചെയ്തത്?(പല പ്രതികരണങ്ങൾ)

പട്ടി കരയാൻ തുടങ്ങി.

ആരെ കണ്ടാലും കുരയ്ക്കുന്ന പട്ടി

എന്ത് കണ്ടാലും കടിച്ചുകീറുന്ന പട്ടി

എപ്പോഴും ഭൗ ഭൗഎന്ന് കുരക്കുന്ന പട്ടി

ഇപ്പോൾ ചരടിൽ കുരുങ്ങി മോങ്ങുകയാണ്.

മോ...മോ..മോ..

പട്ടി മോങ്ങി

കുട്ടികൾ ശബ്ദാനുകരണം നടത്തണം.

കുട്ടികളുടെ എഴുത്ത്. സംഭവം ക്രമത്തിൽ പറയിച്ച് ഓരോ വാക്യം വീതം എഴുതണം

നൂല് കുരുങ്ങി

വാലിൽ കുരുങ്ങി

കാലിൽ കുരുങ്ങി

മേലാകെ കുരുങ്ങി

മോ...മോ..മോ..

പട്ടി മോങ്ങി

### സചിത്രപുസ്തകത്തിൽ എഴുതൽ

നൂല് കുരുങ്ങി

വാലിൽ കുരുങ്ങി

- എന്നീ വരികൾ ടീച്ചറെഴുതണം. ങ്ങ, ൽ എന്നിവയുടെ ഘടന വ്യക്തമാക്കണം. കട്ടിക്കെഴുത്ത് വേണ്ടി വരും. പിന്തുണനടത്തവും പിന്തുണബുക്കിന്റെ ഉപയോഗവും അനിവാര്യം
- തുടർന്നുള്ള വരികൾ സാവധാനം പറയണം. കുട്ടികൾ തെളിവെടുത്ത് എഴുതണം.

- കുട്ടികൾ എഴുതുമ്പോൾ പിന്തുണാനടത്തവും വ്യക്തിഗത പിന്തുണയും നൽകണം
- തുടർന്ന് ടീച്ചർ വരികൾ ഓരോന്നായി എഴുതുണം
- പൊരുത്തപ്പെടുത്തി മെച്ചപ്പെടുത്തുന്നതിന് അവസരം

**പ്രതീക്ഷിത ഉല്പന്നം**

**വിലയിരുത്തൽ**

- ങയുടെ പുരനനുഭവം വരുന്ന വാക്കുകൾ ഘടനപാലിച്ചെഴുതുന്നതിനും തെളിവെടുത്തെഴുതുന്നതിനും കുട്ടികൾക്ക് സഹായകമായോ?
- ഓ സ്വരത്തിന്റെ ചിഹ്നത്തിന് പ്രാധാന്യം നൽകിയത് ആ ചിഹ്നത്തിൽ അവ്യക്തതയുള്ള കുട്ടികൾക്ക് എങ്ങനെ പ്രയോജനപ്പെട്ടു?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - കുരുങ്ങിയ പട്ടി ( വായന) |
| **പഠനലക്ഷ്യങ്ങൾ.** |
| പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുന്നു |
| **പ്രതീക്ഷിത സമയം** - 35 മിനുട്ട്, |
| **കരുതേണ്ട സാമഗ്രികൾ-** |

## പ്രക്രിയാവിശദാംശങ്ങൾ-

**കണ്ടെത്തൽ വായന (വാക്യങ്ങൾ)**

- പട്ടി കരഞ്ഞു എന്ന ആശയമുള്ള വരി ഏത്?
- ഒരേ വാക്ക് ആവർത്തിക്കുന്ന എത്ര വരികളുണ്ട്?

**കണ്ടെത്തൽ വായന (വാക്കുകൾ)**

- കുരുങ്ങി എന്ന വാക്കുകൾ എത്ര തവണ ഉണ്ട്

**കണ്ടെത്തൽ വായന (ഊന്നൽ നൽകുന്ന അക്ഷരമുള്ള വരികൾ, വാക്കുകൾ, അക്ഷരങ്ങൾ)**

- ങ്ങി എന്ന അക്ഷരം വരുന്ന വാക്കുകളുടെ ചുറ്റും വട്ടം വരയ്ക്കുക
- ൽ എന്ന അക്ഷരം വരുന്ന വാക്കിന് അടിയിൽ ഒരു ചെറു വരയിടുക.

**ക്രമത്തിൽ വായിക്കൽ**

- ചങ്ങല വായന

**പറയുന്ന ക്രമത്തിൽ വാക്യങ്ങൾ വായിക്കൽ**

- മൂന്നാം വരിമുതൽ മുകളിലേക്ക്
- ഏറ്റവും ഒടുവിലെ രണ്ടു വരി

**താളാത്മക വായന**

- ഓരോ വാക്കും ചൂണ്ടി താളാത്മകമായി വായിക്കണം

**ഭാവാത്മക വായന**

- പട്ടിയുടെ ദയനീയമായ അവസ്ഥ ഉൾക്കൊണ്ട് ഭാവാത്മകമായി വായിക്കണം
- കുട്ടികളുടെ വായനയ്ക്ക് ശേഷം ടീച്ചർ മാതൃക നൽകണം.

**പ്രതിദിന വായനപാഠം**

**പ്രതീക്ഷിത ഉല്പന്നം**

**വിലയിരുത്തൽ**

- വാക്യവായനയുടെ നിലവാരം എങ്ങനെ?
- വാക്യങ്ങൾ കണ്ടെത്തി വായിക്കാൻ സഹായം ആവശ്യമുള്ളവരുണ്ടോ?
- അവർക്കായി മുൻപാഠഭാഗങ്ങൾ വായിക്കുന്നതിന് സവിശേഷ പിന്തുണസമയം ഒരുക്കിയോ?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - എഡിറ്റിംഗ് |
| **പഠനലക്ഷ്യങ്ങൾ.**<br>അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവ സന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും ഒറ്റയ്ക്കും കൂട്ടായും മുതിർന്നവരുടെ സഹായത്തോടെയും രചനകൾ താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തുന്നതിനും കഴിയുന്നു. |

| |
|---|
| **പ്രതീക്ഷിത സമയം** - 10മിനുട്ട് |
| **കരുതേണ്ട സാമഗ്രികൾ-** |

## പ്രക്രിയാവിശദാംശങ്ങൾ-

- ഒരാൾ ഒരു വാക്യം അടുത്തയാൾ അടുത്ത വാക്യം എന്ന നിലയിൽ ബോർഡിൽ വന്ന് എഴുതാമോ? ഗ്രൂപ്പ് പ്രവർത്തനം
- ഒരു ഗ്രൂപ്പ് എഴുതിയത് മറ്റു ഗ്രൂപ്പുകളുടെ എഴുത്തുമായി പൊരുത്തപ്പെടുത്തൽ
- മെച്ചപ്പെടുത്തൽ

**പ്രതീക്ഷിത ഉല്പന്നം-**

**വിലയിരുത്തൽ**

- ബോർഡിലെ കൂട്ടയെഴുത്തും എഡിറ്റിംഗും വഴയുണ്ടായ തിരിച്ചറിവുകൾ ഓരോ പുതിയ സമാനസന്ദർഭങ്ങളിലും പ്രയോജനപ്പെടുത്താൻ കുട്ടികൾക്ക് കഴിയുന്നുണ്ടോ?
- എഡിറ്റിംഗിനുള്ള നിർദേശങ്ങൾ കുട്ടികൾ പങ്കിടുന്നുണ്ടോ?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - കഥയും അഭിനയവും |
| **പഠനലക്ഷ്യങ്ങൾ.**<br>• കേട്ടതോ വായിച്ചതോ ആയ കഥകളിലെ കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണങ്ങൾ സഹപാഠികളുമായി ചേർന്ന് റോൾപ്ലേയിലൂടെ സദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്നു.<br>• തീമിനെ അടിസ്ഥാനമാക്കി വിവിധ സന്ദർഭങ്ങളും സംഭവങ്ങളും സംഘം ചേർന്ന് ആസൂത്രണം നടത്തി ചമഞ്ഞുകളികളി, പാവനാടകം, മൈമിംഗ് തുടങ്ങിയവയിലൂടെ ആവിഷ്കരിക്കുന്നു. |
| **പ്രതീക്ഷിത സമയം** - 30 മിനുട്ട് |
| **കരുതേണ്ട സാമഗ്രികൾ-** |

## പ്രക്രിയാവിശദാംശങ്ങൾ-

- കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു. പട്ടിയും പട്ടവും എന്ന കഥ അഭിനയസാധ്യത പ്രയോജനപ്പെടുത്തി അവതരിപ്പിക്കണം
- പട്ടം, തത്ത, കാക്ക, ആന, പട്ടി എന്നീ കഥാപാത്രങ്ങൾ, ഒരാൾക്ക് അവതാരക ആകാം.
- സംഭാഷണവും വേണം.
- ഗ്രൂപ്പുകളുടെ അവതരണത്തിനായി അവർക്ക് സചിത്രപ്രവർത്തന പുസ്തകത്തിൽ എഴുതിയത് വായിക്കാം.
- അവതരണം കഴിഞ്ഞാൽ പരസ്പര വിലയിരുത്തൽ നടത്തിക്കണം. അതിനായി സൂചകങ്ങൾ പങ്കാളിത്ത രീതിയിൽ വികസിപ്പിക്കണം

**പ്രതീക്ഷിത ഉല്പന്നം-**

**വിലയിരുത്തൽ**

- കഥാരംഗങ്ങൾ അഭിനയ സാധ്യത പ്രയോജനപ്പെടുത്തി അവതരിപ്പിക്കാനുള്ള കഴിവ് എല്ലാവരും നേടിയോ?
- എത്രപേർക്കാണ് കൂടുതൽ അവസരം വേണ്ടി വരുന്നത്?
- അവതരണത്തിനു മുമ്പ് സഹവർത്തിത വായനയും റിഹേഴ്സലും നടത്തിയോ?
- കുട്ടികൽ പരസ്പരം വിലയിരുത്തി പറഞ്ഞ കാര്യങ്ങൾ എന്തെല്ലാം?
- വായനയെ സ്വയം വിലയിരുത്തി ആരെങ്കിലും സംസാരിച്ചോ?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - കഥ പറയാം ( പട്ടവും പട്ടിയും) |
| **പഠനലക്ഷ്യങ്ങൾ.**<br>• കഥാ വേളകളിൽ ചെറു സദസിനു മുൻപിൽ കഥ ഭാവാത്മകമായി പറയുന്നു.<br>• കേട്ടതോ വായിച്ചതോ ആയ കഥകൾ ആശയച്ചോർച്ചയില്ലാതെയും ഭാവം ഉൾക്കൊണ്ടും സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു.<br>• സചിത്ര പുസ്തകങ്ങൾ വായിച്ച് കഥ മറ്റുള്ളവരുമായി പങ്കിടുന്നു. |
| **പ്രതീക്ഷിത സമയം** - 35 മിനുട്ട് |
| **കരുതേണ്ട സാമഗ്രികൾ-** |

## പ്രക്രിയാവിശദാംശങ്ങൾ-

- കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു
- ഓരോ ഗ്രൂപ്പും സചിത്രപ്രവർത്തനപുസ്തകത്തിലെ ചിത്രങ്ങളും കുറിപ്പുകളും നോക്കണം
- ഓരോരുത്തരും ഓരോ പേജിലെ ഉള്ളടക്കമാണ് പറയേണ്ടത്.
- ഭാവാത്മകമായി പറയണം.
- ഒരാൾ പറഞ്ഞതിന്റെ തുടർച്ചയാണ് അടുത്തയാൾ പറയേണ്ടത്.
- എഴുതിയ കാര്യം അതേ പോലെ പറയുകയല്ല വേണ്ടത്. ആ ആശയം വരണമെന്നു മാത്രം. കൂട്ടിച്ചേർക്കലുകളുമാകാം.
- കഥ പറച്ചിൽ എങ്ങനെയാകണം എന്നത് ഗ്രൂപ്പിന് തീരുമാനിക്കാം
- റിഹേഴ്സലിന് അവസരം നൽകാം.
- അടുത്ത ദിവസമാണ് അവതരിപ്പിക്കേണ്ടത്.
- ഓരോ ഗ്രൂപ്പിനും അഞ്ച് മിനിറ്റ് അനുവദിക്കാം
- അവതരണം റിക്കാർഡ് ചെയ്യണം
- പരസ്പര വിലയിരുത്തലിനും അവസരം നൽകണം.

**പ്രതീക്ഷിത ഉല്പന്നം-**

**വിലയിരുത്തൽ**

- ആശയച്ചോർച്ചയില്ലാതെ തുടർച്ചയായി കഥ പറയാൻ എല്ലാ ഗ്രൂപ്പുകൾക്കും കഴിഞ്ഞുവോ?
- സ്വന്തം ഭാഷയിൽ ആശയം പങ്കിടാൻ കഴിവുള്ളവരാരെല്ലാം?
- കഥയുടെ ഭാവം അവതരണത്തിൽ പ്രതിഫലിപ്പിച്ച ഗ്രൂപ്പുകൾ ഏതെല്ലാം?
- അടുത്തതവണ ഇത്തരം പ്രവർത്തനം വന്നാൽ മെച്ചപ്പെട്ട രീതിയിൽ അവതരിപ്പിക്കുന്നതിന് എന്തു നിർദേശമാണ് കുട്ടികൾ പറഞ്ഞത്?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - അറിയാമോ പറയാമോ? ചോദ്യോത്തരപ്പാട്ട് |
| **പഠനലക്ഷ്യങ്ങൾ.** |
| സംഭാഷണ ഗാനങ്ങൾ, ചോദ്യോത്തരപ്പാട്ടുകൾ എന്നിവ സദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്നു. |
| പാട്ടുകളുടെയും കവിതകളുടെയും വരികൾ താളം പാലിക്കും വിധം പുതിയ വാക്കുകൾ ചേർത്ത് പൂരിപ്പിക്കുന്നു. |
| **പ്രതീക്ഷിത സമയം** - 45 മിനുട്ട് ( കൂടുതൽ സമയം ആവശ്യമായി വന്നാൽ കലാവിദ്യാഭ്യാസത്തിന്റെ പിരീഡും ഉപയോഗിക്കാം) |
| **കരുതേണ്ട സാമഗ്രികൾ** |

ഊന്നൽ നൽകുന്ന അക്ഷരം- ൽ, ണ

ഊന്നൽ നൽകുന്ന ചിഹ്നം- ഒ , ഓ എന്നിവയുടെ ചിഹ്നങ്ങൾ

## പ്രക്രിയാവിശദാംശങ്ങൾ-

ചോദ്യോത്തരപ്പാട്ടിന്റെ നിബന്ധനകൾ അവതരിപ്പിക്കുന്നു

- ഒരു ഗ്രൂപ്പ് ചോദ്യം പാടി അവതരിപ്പിക്കും
- അടുത്ത ഗ്രൂപ്പ് ഉത്തരം പാടി അവതരിപ്പിക്കണം
- വാക്കോ വരിയോ കൂട്ടിച്ചേർക്കാനുണ്ടെങ്കിൽ ഉത്തരം പാടുന്ന ഗ്രൂപ്പ് അതും ചെയ്യണം
- ചോദ്യോത്തരപ്പാട്ട് ആദ്യം ടീച്ചറോടൊപ്പം പാടിയ ശേഷമാണ് ഗ്രൂപ്പായി കളിക്കേണ്ടത്.
- ചാർട്ടിലോ ബോർഡിലോ കളിപ്പാട്ട് എഴുതിയിടും. അത് നോക്കി ചൊല്ലാം.

ടീച്ചർ കളിപ്പാട്ട് ( അറിയാമോ പറയാമോ?) ബോർഡിൽ നോക്കി പാടുന്നു

കുട്ടികൾ ഏറ്റുവായന നടത്തുന്നു.

ആദ്യത്തെ നാലുവരി രണ്ടുതവണ പാടിക്കൊടുത്ത ശേഷം കുട്ടികൾ തനിയെ പാടാൻ അവസരം നൽകണം

വീണ്ടും

അറിയാമോ പറയാമോ
കളിയുടെ പേരുകൾ പറയാമോ?

എന്നു പാടുമ്പോൾ കളിയുടെ പേരുകളാണ് പറയേണ്ടത്

അറിയാമേ പറയാമേ
കളിയുടെ പേരുകൾ പറയാമേ

പാവകളിക്കൽ, തൊട്ടു കളിക്കൽ
ഓടിക്കളിയും കളിയാണേ

ചോദ്യ ഗ്രൂപ്പ്
അറിയാമോ പറയാമോ
കളിയുടെ പേരുകൾ പറയാമോ?

ഉത്തരഗ്രൂപ്പ്
അറിയാമേ പറയാമേ
കളിയുടെ പേരുകൾ പറയാമേ
പാടിക്കളി, ചാടിക്കളി പിന്നെ
വണ്ടികളിയും കളിയാണേ

ചോദ്യ ഗ്രൂപ്പ്
അറിയാമോ പറയാമോ
കളിയുടെ പേരുകൾ പറയാമോ?

ഉത്തരഗ്രൂപ്പ്
അറിയാമേ പറയാമേ
കളിയുടെ പേരുകൾ പറയാമേ
.......................പിന്നെ
.............................കളിയാണേ

പന്തുകളി, വള്ളംകളി, പുലിക്കളി, ആടിക്കളി, ഞൊണ്ടിക്കളി, ഒളിച്ചുകളി തുടങ്ങി ഏതു കളിയുടെ പേരു ചേർത്തും പാടാം.

**പ്രതീക്ഷിത ഉല്പന്നം**

- പൂരിപ്പിച്ച വരികൾ



**വിലയിരുത്തൽ**

- ചോദ്യോത്തരപ്പാട്ട് അവതരിപ്പിക്കുന്നതിൽ ഓരോ കുട്ടിയുടെയും പങ്കാളിത്തം എങ്ങനെയുറപ്പാക്കി ( ചോദിക്കുന്നതിൽ, ഉത്തരം പറയുന്നതിൽ, വരികൾ കൂട്ടിച്ചേർക്കുന്നതിൽ, ഏറ്റു ചൊല്ലുന്നതിൽ, ചൊല്ലിക്കൊടുക്കുന്നതിൽ)
- ചോദ്യോത്തരപ്പാട്ട് അവതരിപ്പിക്കുന്നതിനു മുമ്പ് റിഹേഴ്സലിന് അവസരം നൽകിയിരുന്നോ? സഹവർത്തിത വായനയും പരസ്പരപിന്തുണയും നടന്നോ?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - കങ്കാരു ഓട്ടം |
| **പഠനലക്ഷ്യങ്ങൾ.** |
| വിവിധ കളികളിലൂടെ ആവശ്യാനുസരണമുള്ള ശാരീരിക ചലനം, ഏകോപനം, തീരുമാനമെടുക്കാനുള്ള കഴിവ് എന്നിവ നേടുന്നു |
| വിവിധജീവികളുടെ സഞ്ചരണരീതികൾ അനുകരിക്കുന്നു. |
| **പ്രതീക്ഷിത സമയം** - 30 മിനുട്ട് |
| **കരുതേണ്ട സാമഗ്രികൾ**- 4 ബോൾ |

## പ്രക്രിയാവിശദാംശങ്ങൾ-

**കങ്കാരു ഓട്ടം (Kangaroo Run)**

- കുട്ടികളെ നാല് ഗ്രൂപ്പുകളാക്കുക. നാല് ഗ്രൂപ്പും സ്റ്റാർട്ടിംഗ് ലൈനിന് മുന്നിൽ വരിവരിയായി നിൽക്കുക.
- സ്റ്റാർട്ടിംഗ് ലൈനിൽ നിന്നും 5 മീ. അകലെ ഓരോ ഗ്രൂപ്പിനും മുന്നിലായി ഓരോ കോൺ വയ്ക്കുക.
- അധ്യാപിക സിഗ്നൽ നൽകുമ്പോൾ ഓരോ ഗ്രൂപ്പിലും തന്നിരിക്കുന്ന ബോൾ വരിയുടെ മുന്നിൽ നിൽക്കുന്ന കുട്ടിയുടെ കാൽമുട്ടിന് ഇടയിൽ വച്ച്, ഇരുകാലുകളും ഉപയോഗിച്ച് ചാടി, മുന്നിൽ വച്ചിരിക്കുന്ന കോൺ വലം വച്ച്, സ്റ്റാർട്ടിംഗ് ലൈനിൽ പൂർത്തീകരിക്കുക.
- അതിനുശേഷം രണ്ടാമത്തെ കുട്ടി ഈ പ്രവർത്തനം തുടരുക.
- ഗ്രൂപ്പിലെ എല്ലാ കുട്ടികളും ഇതേ പ്രവർത്തനം ആവർത്തിച്ച്, ആദ്യം ഫിനിഷ് ചെയ്യുന്ന ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുക



**പ്രതീക്ഷിത ഉല്പന്നം-**

**വിലയിരുത്തൽ**

- ശാരീരികക്ഷമത വികസിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള ഈ പ്രവർത്തനം കൂട്ടികൾ എങ്ങനെ സ്വീകരിച്ചു?
- മറ്റു ജീവികളുടെ സഞ്ചാരരീതികൾ അവർ അനുകരിച്ച് കാണിച്ചുവോ?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - അറിയാമോ പറയാമോ? എഴുത്ത് |
| **പഠനലക്ഷ്യങ്ങൾ.** .<br>• വൈവിധ്യമുള്ള പ്രമേയങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ, കഥാഗാനങ്ങൾ എന്നിവ ശ്രദ്ധയോടെ കേട്ട് വിവിധ രീതികളിൽ പ്രതികരിക്കുന്നു(അഭിനയം, താളമിടൽ, ഏറ്റുചൊല്ലൽ മുതലായവ)<br>• കുട്ടിപ്പാട്ടുകളിലെയും ബാലകവിതകളിലെയും അക്ഷരങ്ങളുടെയും പദങ്ങളുടെയും ആവർത്തനം കണ്ടെത്തുന്നു.<br>• ഭാവം, ആഗ്യം എന്നിവയോടെ പാട്ടുകളും കവിതകളും അവതരിപ്പിക്കുന്നു.<br>• മലയാളം ലിപികൾ അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലിപ്പം, ആലേഖന ക്രമം) സഹായത്തോടെ എഴുതി തീമുകളുമായി ബന്ധപ്പെട്ട സന്ദർഭങ്ങളിലെ വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുന്നു.<br>• അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവസന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നു<br>• പാട്ടുകളുടെയും കവിതകളുടെയും വരികൾ താളം പാലിക്കും വിധം പുതിയ വാക്കുകൾ ചേർത്ത് പൂരിപ്പിക്കുന്നു. |
| **പ്രതീക്ഷിത സമയം** - 35 മിനുട്ട്, |
| **കരുതേണ്ട സാമഗ്രികൾ-** |

ഊന്നൽ നൽകുന്ന അക്ഷരം- ൽ, ണ

ഊന്നൽ നൽകുന്ന ചിഹ്നം- ഒ , ഓ എന്നിവയുടെ ചിഹ്നങ്ങൾ

ചോദ്യോത്തരപ്പാട്ട് പാടിയ ശേഷം പൂരിപ്പിക്കേണ്ട വരികളിലേക്ക് ശ്രദ്ധ കൊണ്ടുവരുന്നു. കളിയരങ്ങ് എന്ന പ്രവർത്തനം. പാഠപുസ്തകം പേജ് 22.

എന്താണ് പൂരിപ്പിക്കേണ്ടത് എന്ന് ചർച്ച ചെയ്ത് *കളിയുടെ എന്ന വാക്ക് ചേർത്ത് എട്ടാം വരിയും ഏതെങ്കിലും കളിയുടെ പേര് ചേർത്ത് അവസാന വരിയും പൂരിപ്പിക്കുന്നു.*

അവസാനവരിയിലെ കളിയുടെ പേര് എല്ലാവരും ഒന്നുതന്നെ എഴുതണമെന്നില്ല. ചില കുട്ടികൾ എഴുതുന്ന വാക്കിലെ അക്ഷരം അവർക്ക് പരിചിതമാകണമെന്നില്ല. അവിടെ സംയുക്തഡയറി എഴുത്തിലെ രീതി സ്വീകരിക്കാം.

**പിന്തുണാനടത്തവും വ്യക്തിഗത പിന്തുണയും**

- വാക്കകലം പാലിക്കുന്നുണ്ടോ?
- ഘടന പാലിക്കുന്നുണ്ടോ?
- വ്യക്തതയുണ്ടോ?
- അക്ഷരം മാറിപ്പോയിട്ടുണ്ടോ? തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് പിന്തുണ

കുട്ടികൾക്കായി അവർ പറയുന്ന കളിയുടെ പേരുകൾ ബോർഡിൽ എഴുതിക്കൊടുക്കുകയുമാകാം. ബാധകമായത് ചേർത്ത് വരി പൂരിപ്പിക്കാം.

സചിത്രപ്രവർത്തനപുസ്തകത്തിലെ കളിയുടെ പേരുകൾ എന്ന പ്രവർത്തനം പൂരിപ്പിക്കാനും ഇത് ഉപകരിക്കും.

**സാധ്യതകൾ**

- കഞ്ഞിയും കറിയും കളി
- ഒളിച്ചേ കണ്ടേ കളി
- വണ്ടികടി
- ആടിക്കളി
- പുലികളി
- പന്തുകളി

**പ്രതീക്ഷിത ഉല്പന്നം**

**വിലയിരുത്തൽ**

- ലേഖനപ്രവർത്തനത്തിൽ ടീച്ചറുടെ സഹായം കുറഞ്ഞ അളവിൽ മതി എന്നു തോന്നുന്നുണ്ടോ?
- ഇതുവരെ നടത്തിയ ലേഖനപ്രവർത്തനങ്ങളിൽ നിന്നും കുട്ടികൾ കൈവരിച്ച നേട്ടം തത്സമയ പ്രകടനത്തിലൂടെ ക്ലാസ് പി ടി എയിൽ അവതരിപ്പിക്കാറായോ?

**പ്രവർത്തനത്തിന്റെ പേര്** - അറിയാമോ പറയാമോ? വായന

**പഠനലക്ഷ്യങ്ങൾ.** .

പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുന്നു

**പ്രതീക്ഷിത സമയം** - 35 മിനുട്ട്,

**കരുതേണ്ട സാമഗ്രികൾ-**

ഊന്നൽ നൽകുന്ന അക്ഷരം- ൽ, ണ

ഊന്നൽ നൽകുന്ന ചിഹ്നം- ഒ , ഓ എന്നിവയുടെ ചിഹ്നങ്ങൾ

**കണ്ടെത്തൽ വായന (വാക്യങ്ങൾ)**

- ഉത്തരമായി വരുന്ന വരികൾ വായിക്കാമോ?
- ചോദ്യമായി വരുന്ന വരികൾ വായിക്കാമോ?

**കണ്ടെത്തൽ വായന (വാക്കുകൾ)**

- മേ, മോ എന്നീ അക്ഷരങ്ങളിൽ അവസാനിക്കുന്ന വാക്കുകൾ കണ്ടെത്താമോ?
- കളിയാണേ എന്ന് എത്ര തവണ എഴുതിയിട്ടുണ്ട്

**കണ്ടെത്തൽ വായന (ഊന്നൽ നൽകുന്ന അക്ഷരമുള്ള വരികൾ, വാക്കുകൾ, അക്ഷരങ്ങൾ)**

- ൽ വരുന്ന വാക്കുകൾ ഏതെല്ലാം?
- തൊ വരുന്ന വാക്ക് ഏത് വരിയിൽ എത്രാമത്?
- ഓ എന്ന അക്ഷരം ഏതു വാക്കിലാണ്?
- ണേ എന്ന് എവിടെയാണ് എഴുതിയിട്ടുള്ളത്?

**ക്രമത്തിൽ വായിക്കൽ**

- ചങ്ങലവായന

**പറയുന്ന ക്രമത്തിൽ വാക്യങ്ങൾ വായിക്കൽ**

- രണ്ടുവരി വീതം നിർദേശിക്കുന്നവർ

**താളാത്മക വായന**

- ചോദ്യോത്തരപ്പാട്ട് രീതിയിൽ അവതരണം

**പ്രതീക്ഷിത ഉല്പന്നം-**

**വിലയിരുത്തൽ**

- ചിഹ്നബോധ്യത്തോടെ വായിക്കുന്നതിന് എത്രപേർക്ക് കഴിയുന്നുണ്ട്?
- ആശയം ഉൾക്കൊണ്ട് ഭാവാത്മകമായി വായിക്കുന്നതിന് കുട്ടികൾക്ക് സഹായം ആവശ്യമായി വരുന്നുണ്ടോ?
- കുട്ടികൾതന്നെ മറ്റുള്ളവർക്ക് മാതൃകാനുഭവം വായനയിൽ നൽകുന്നുണ്ടോ?

**പ്രവർത്തനത്തിന്റെ പേര്** - പാട്ടരങ്ങ്

**പഠനലക്ഷ്യങ്ങൾ.**

- പാട്ടരങ്ങുകളിൽ താളത്തിനനുസരിച്ച് ശരീരചലനങ്ങളിലൂടെ ആകർഷകമായി അവതരിപ്പിക്കുന്നു.
- ചെറു സദസ്സുകളിൽ കഥകൾ, പാട്ടുകൾ, കവിതകൾ, അഭിനയ ഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കും കൂട്ടായി രൂപപ്പെടുത്തിയ മാനദണ്ഡങ്ങൾ പ്രകാരം ഭാവാത്മകമായി അവതരിപ്പിക്കുന്നു
- ചൊല്ലിക്കേൾക്കുന്ന പാട്ടുകൾ ഈണവും താളവും പാലിച്ചുകൊണ്ട് ഏറ്റുചൊല്ലുന്നു.

**പ്രതീക്ഷിത സമയം** - 30 മിനുട്ട്

**കരുതേണ്ട സാമഗ്രികൾ-**

## പ്രക്രിയാവിശദാംശങ്ങൾ-

കുട്ടികൾ ഗ്രൂപ്പടിസ്ഥാനത്തിൽ ഇതുവരെ ഈ യൂണിറ്റിൽ പരിചയപ്പെട്ട പാട്ടുകൾ അവതരിപ്പിക്കുന്നു

- അപ്പോം ചുട്ട്
- ആർപ്പോ ഇർറോ
- പട്ടം പട്ടം മാനത്ത് പട്ടം
- പട്ടം കണ്ടോ കാട്?
- പട്ടം പട്ടം തിത്തെയ്



- പുഴയിലുണ്ടോ മീൻ
- പട്ടികുരച്ചു പട്ടം ഞെട്ടി മുതൽ നൂലിൽ മോ മോ മോങ്ങി വരെ
- അറിയാമോ പറയാമോ?

താളമിട്ട് പാടണം. നോക്കിച്ചൊല്ലുന്നതിനും അവസരം. ശാരീരിക ചലനങ്ങളും അഭിനയവും ആവശ്യമായ പാട്ടുകൾ അങ്ങനെ അവതരിപ്പിക്കണം

ഗ്രൂപ്പുകൾക്ക് തയ്യാറെടുപ്പിന് സമയം അനുവദിക്കണം.

ഒരംഗം ചൊല്ലിക്കൊടുത്ത് മറ്റുള്ളവർ ഏറ്റ് ചൊല്ലുന്ന രീതി സ്വീകരിക്കാം. ഊഴമിട്ട് ചൊല്ലിക്കൊടുക്കുന്ന രീതിയിലൂടെ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കാം.

വായനയിൽ സഹായം വേണ്ടവർക്ക് ഗ്രൂപ്പുകൾ സഹായം നൽകണം.

അവതരണശേഷം വിലയിരുത്തൽ ചർച്ച

**പ്രതീക്ഷിത ഉല്പന്നം-**

- പാട്ടരങ്ങ് വീഡിയോ ( ഡിജിറ്റൽ പോർട്ട് ഫോളിയോ)

**വിലയിരുത്തൽ**

- താളത്തിനനുസരിച്ച് ശരീരചലനങ്ങളിലൂടെ പാട്ടുകൾ അവതരിപ്പിക്കുന്നതിൽ കൂടുതൽ പ്രോത്സാഹനം ആവശ്യമുള്ളവരാരെല്ലാം?
- പാട്ടുകൾ, കവിതകൾ, അഭിനയ ഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കും ക്ലാസ് പി ടി എ യോഗത്തിൽ ഭാവാത്മകമായി അവതരിപ്പിക്കുന്നതിന് കഴിയുന്നുണ്ടോ?
- ചൊല്ലിക്കേൾക്കുന്ന പാട്ടുകൾ ഈണവും താളവും പാലിച്ചുകൊണ്ട് ഏറ്റുചൊല്ലുന്നതിൽ എത്രശതമാനം കുട്ടികൾ മികവ് പുലർത്തുന്നു?

| **പ്രവർത്തനത്തിന്റെ പേര്** - ഇട്ടൂലിക്കളി ( ഭാഷ, പരിസരപഠനം, കായികവിദ്യാഭ്യാസം) | | | |
|---|---|---|---|
| രൂപീകരിക്കേണ്ട ആശയങ്ങൾ | പഠനലക്ഷ്യങ്ങൾ | പ്രക്രിയാശേഷികൾ | മനോഭാവം, മൂല്യങ്ങൾ |
| ഓരോ കളിക്കും അതിന്റേതായ നിയമങ്ങളും രീതികളും ഉണ്ട്. | കളികൾക്ക് നേതൃത്വം നൽകുന്നതിനും നിയമങ്ങൾ പാലിക്കുന്നതിനും കഴിവു നേടുന്നു | പങ്കാളികളുമായി ആശയ വിനിമയം നടത്തുക. | ജനാധിപത്യപരമായി പെരുമാറുന്നു. |

**പഠനലക്ഷ്യങ്ങൾ.**

- കളികൾ, പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിന് ആവശ്യമായ നിയമങ്ങളും മാനദണ്ഡങ്ങളും കൂട്ടായി വികസിപ്പിക്കുന്നതിനും പാലിക്കുന്നതിനും കഴിയുന്നു.
- ക്ലാസ് മുറിയിലും പുറത്തുമുള്ള വിവിധതരം കളികളിൽ ഏർപ്പെടുന്നതിലൂടെ നിയമങ്ങൾ പാലിക്കുക, നേതൃത്വം വഹിക്കുക, പ്രശ്നങ്ങൾ പരിഹരിക്കുക, ആശയവിനിമയം നടത്തുക എന്നീ കഴിവുകൾ നേടുന്നു.
- പല ഘട്ടങ്ങളിലുള്ള പ്രവർത്തനം ആവശ്യപ്പെടുന്ന നിർദ്ദേശങ്ങൾ വായിച്ചും കേട്ട് മനസ്സിലാക്കിയും പ്രവർത്തിക്കുന്നു.
- കളികളിലും പ്രവർത്തനങ്ങളിലും സഹപാഠികൾക്ക് പര്യാപ്തമായ നിർദ്ദേശങ്ങൾ നൽകുന്നു.

**പ്രതീക്ഷിത സമയം** - വായന40 മിനുട്ട്, കളി 35മിനുട്ട്

## പ്രക്രിയാവിശദാംശങ്ങൾ-

- കളിവിവരണം വായിക്കൽ ( സഹവർത്തിത വായന)ആശയഗ്രഹണവായനയിലേക്കുള്ള പരിശീലനം കൂടിയാണിത്. തനിയെ ചോദ്യങ്ങൾ വായിക്കാൻ കുട്ടികൾ ശീലിക്കണം. അതിന് ഇത്തരം അനുഭവങ്ങളിലൂടെ അവർ കടന്നു പോകണം. ഇപ്പോൾ സഹായം നൽകണം.
- സഹവർത്തിത വായന നടക്കുമ്പോൾ ടീച്ചർ ഓരോ ഗ്രൂപ്പിലും പോകണം. ആവശ്യമായ പിന്തുണ നൽകണം. ഒരു വരിയെങ്കിലും ഓരോരുത്തരും സഹായത്തോടെ വായിക്കാൻ ശ്രമിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.
- തുടർന്ന് ഗ്രൂപ്പുകളുടെ ഉച്ചത്തിൽ വായന. വായനക്കിടയ്ക്ക് സഹായം നൽകി തടസ്സം നീക്കണം. അതിനു ശേഷം കണ്ടെത്തൽ വായനയിലേക്ക് കടക്കണം.

**കണ്ടെത്തൽ വായന (ആശയം)**

- സഹവർത്തിത സംഘത്തിലാണ് വായന നടക്കേണ്ടത്.
- വച്ചൂലി, മൂടൂലി, ഇട്ടൂലി, കുത്തൂലി എന്നിങ്ങനെ നാല് കാര്യങ്ങൾ കളിവിവരണത്തിലുണ്ട്. എന്താണ് അവ കൊണ്ട് ഉദ്ദേശിക്കുന്നത്?
- ഉത്തരം കണ്ടെത്തിയ ഗ്രൂപ്പുകൾക്ക് അവതരിപ്പിക്കാം. മറ്റുള്ളവർക്ക് അത് പൊരുത്തപ്പെടുന്നുണ്ടോ എന്നു പരിശോധിക്കാം.

- വെച്ചൂലി. എന്ന് ബോർഡിൽ ടീച്ചർ എഴുതണം. ആ വാക്ക് ഏതു വരിയിലാണെന്ന് കണ്ടെത്തി അടിവരയിടണം. ബന്ധപ്പെട്ട വാക്യം വായിക്കണം
- ഇതേ പോലെ കുത്തൂലി, മൂടൂലി, ഇട്ടൂലി തുടങ്ങിയവയും കണ്ടെത്തണം
- തണൽ എന്നു പറയുന്നതെപ്പോഴാണ് എന്ന് ഏതു വരിയിൽ നിന്നും മനസ്സിലാക്കാം.
- അടുത്ത നേതാവിനെ തെരഞ്ഞെടുക്കുന്നതെങ്ങനെയാണ്?

**കണ്ടെത്തൽ വായന ( വാക്കുകൾ)**

- നേതാവ് എന്ന് എവിടെയെല്ലാം എഴുതിയിട്ടുണ്ട്?
- ഇലയിലോ തുണിയിലോ എന്ന് ഏതു വരിയിലാണുള്ളത്?

**കണ്ടെത്തൽ വായന ( അക്ഷരം)**

- ഇ എന്ന അക്ഷരത്തിൽ തുടങ്ങുന്ന ഏതെല്ലാം വാക്കുകളുണ്ട്? (ഇട്ടൂലി, ഇലയിലോ, ഇട്ടാൽ, ഇടത്തേക്ക്..)
- ഒ എന്ന അക്ഷരത്തിൽ തുടങ്ങുന്ന എത്ര വാക്കുകളുണ്ട്? ( ഒളിപ്പിക്കുക, ഒരാൾ, ഒരിടത്ത്, ഒളിപ്പിച്ച, )
- ൽ എന്ന അക്ഷരത്തിൽ അവസാനിക്കുന്ന ഏത്ര വാക്കുകളുണ്ട് ( കുത്തിവെച്ചാൽ. വെച്ചാൽ, ഇട്ടാൽ, മൂടിവെച്ചാൽ, തണൽ
- ണം എന്ന അക്ഷരത്തിന്റെ അടിയിൽ വരയിടുക.
- ടീച്ചർ കളിവിവരണം വായിച്ചു കേൾപ്പിച്ച ശേഷം സന്നദ്ധതയുള്ള കുട്ടികളെക്കൊണ്ട് കളിക്കുള്ള നിർദേശങ്ങൾ പറയിക്കണം. എന്തെങ്കിലും വിട്ടു പോയിട്ടുണ്ടെങ്കിൽ കൂട്ടിച്ചേർക്കാം.
- തുടർന്ന് ഒരാളെ നേതാവാക്കി ഇട്ടൂലിക്കളി നടത്തുന്നു. ( സേഫ്റ്റി പിൻ ഉപയോഗിക്കുന്നുവെങ്കിൽ കൂർത്ത അഗ്രം തുറന്നിരിക്കാത്ത വിധമായിരിക്കണം)

**പ്രതീക്ഷിത ഉല്പന്നം**

**വിലയിരുത്തൽ**

- ഇട്ടൂലിക്കളിക്കുള്ള നിയമങ്ങളും മാനദണ്ഡങ്ങളും കളിക്ക് നേതൃത്വം നൽകിയ ആൾ വ്യക്തതയോടെ അവതരിപ്പിച്ചുവോ?
- കളിക്കിടയിൽ എന്തെങ്കിലും തടസ്സങ്ങളോ പ്രശ്നങ്ങളോ സംഭവിച്ചുവോ? അവ പരിഹരിക്കുന്നതിന് കുട്ടികളുടെ ഭാഗത്തു നിന്നും ഇടപെടലുണ്ടായോ?
- നിർദ്ദേശങ്ങൾ കേട്ട് മനസ്സിലാക്കി പ്രവർത്തിക്കുക എന്ന കഴിവ് എല്ലാവരും നേടിയോ?



| പ്രവർത്തനത്തിന്റെ പേര് - കളിപ്പാട്ട നിർമ്മാണശില്പശാല ( പരിസരപഠനം, പ്രവൃത്തിപരിചയം) | | | |
|---|---|---|---|
| രൂപീകരിക്കേണ്ട ആശയങ്ങൾ | പഠനലക്ഷ്യങ്ങൾ | പ്രക്രിയാശേഷികൾ | മനോഭാവം, മൂല്യങ്ങൾ |
| കളിപ്പാട്ടങ്ങൾ പലതരം ഉണ്ട്<br>പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് പലതരം കളിപ്പാട്ടങ്ങൾ നിർമിക്കാം | പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് കളിപ്പാട്ടങ്ങൾ നിർമിച്ചുപയോഗിക്കാൻ കഴിവു നേടുന്നു. | വസ്തുക്കളുടെ സവിശേഷതകൾ കണ്ടെത്തുന്നു. ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നു.<br>ആസൂത്രണം ചെയ്യുക ക്രമീകരിക്കുക | കളിപ്പാട്ടങ്ങൾ പരസ്പരം പങ്കിടുന്നതിനുള്ള മനോഭാവം |
| **പഠനലക്ഷ്യങ്ങൾ.**<br>കളികൾ, പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിന് ആവശ്യമായ നിയമങ്ങളും മാനദണ്ഡങ്ങളും കൂട്ടായി വികസിപ്പിക്കുന്നതിനും പാലിക്കുന്നതിനും കഴിയുന്നു.<br>തീമുമായി ബന്ധപ്പെട്ട്, പാഴ് വസ്തുക്കൾ ഉപയോഗിച്ച് വിവിധ പ്രദർശനസാമഗ്രികളും കളിപ്പാട്ടങ്ങളും നിർമിക്കുന്നു<br>ഓരോ ദിവസത്തെയും മനസ്സിൽ തങ്ങിയ അനുഭവങ്ങളുമായി ബന്ധപ്പെട്ട പ്രധാനകാര്യങ്ങൾ ചെറുവാക്യങ്ങളിൽ ചിത്രീകരണസഹിതം സഹായത്തോടെ ഡയറിരൂപത്തിൽ രേഖപ്പെടുത്തുന്നു, (സംയുക്ത ഡയറി) | | | |
| **പ്രതീക്ഷിത സമയം** - രണ്ട് മണിക്കൂർ | | | |
| **കരുതേണ്ട സാമഗ്രികൾ**- പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃതവസ്തുക്കൾ | | | |

## പ്രക്രിയാവിശദാംശങ്ങൾ-

**നിർമ്മാണ ശില്പശാല സംഘാടനം**

- ക്ലാസ് പി ടി എ യിൽ കളിപ്പാട്ട നിർമാണശാലയുടെ പ്രസക്തി ബോധ്യപ്പെടുത്തണം
- നിർമ്മിക്കേണ്ട ഇനങ്ങൾ തീരുമാനിക്കണം

- നിർമ്മാണത്തിൽ വൈദഗ്ധ്യമുള്ളവരെ കണ്ടെത്തണം. ക്ഷണിക്കണം.
- നിർമാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ സമാഹരണത്തിന് ചമുതലപ്പെടുത്തണം
- ശില്പശാലയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം നിർബന്ധം. എല്ലാ കുട്ടികളെയും പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള കളിപ്പാട്ടങ്ങൾ പരിചയപ്പെടുത്തുകയാണ്. അതിനാൽ കുട്ടികളും രക്ഷിതാക്കളും വേണം.
- മുതിർന്നവരുടെ സഹായത്തോടെ കുട്ടികൾക്ക് ഉണ്ടാക്കാവുന്ന ലളിതമായ കളിയുപകരണങ്ങളും കുട്ടികൾക്ക് മാതൃകനോക്കി ഉണ്ടാക്കാവുന്നവയും രക്ഷിതാക്കൾ ഉണ്ടാക്കുന്നവയും വിദഗ്ധർ ഉണ്ടാക്കുന്നവയും പരിഗണിക്കണം.
- നിർമാണ ശില്പശാല തീയതി തീരുമാനിക്കണം ( എല്ലാവർക്കും സൗകര്യമുള്ള ദിവസം)
- ഉദ്ഘാടനച്ചടങ്ങ് ആകാം
- പ്രചരണം വേണം. ( പോസ്റ്റർ, നവമാധ്യമങ്ങളിൽ കുറിപ്പ്)
- നിർമ്മാണശില്പശാലയിൽ ആർപ്പോ ഇർറോ എന്ന പാഠത്തിലെ പാട്ടുകൾ പ്രയോജനപ്പെടുത്തണം.
- നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനവും സംഘടിപ്പിക്കണം.
- കളിപ്പാട്ട നിർമാണ ശില്പശാല സംയുക്തഡയറിയിലെ ഉള്ളടക്കമാകണം
- അക്കാദമിക മാസ്റ്റർ പ്ലാൻ നിർവഹണത്തിന്റെ ഭാഗമാണ് കളിപ്പാട്ട നിർമ്മാണ ശില്പശാല.

**പ്രതീക്ഷിത ഉല്പന്നം-**

- കളിപ്പാട്ടങ്ങൾ

**വിലയിരുത്തൽ**

-

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - കളിപ്പാട്ടങ്ങൾ വേണോ? (പാടാം പൂരിപ്പിക്കാം) |
| **പഠനലക്ഷ്യങ്ങൾ.**<br>• വൈവിധ്യമുള്ള പ്രമേയങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ, കഥാഗാനങ്ങൾ എന്നിവ ശ്രദ്ധയോടെ കേട്ട് വിവിധ രീതികളിൽ പ്രതികരിക്കുന്നു(അഭിനയം, താളമിടൽ, ഏറ്റുചൊല്ലൽ മുതലായവ)<br>• ഭാവം, ആഗ്യം എന്നിവയോടെ പാട്ടുകളും കവിതകളും അവതരിപ്പിക്കുന്നു.<br>• മലയാളം ലിപികൾ അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലിപ്പം, ആലേഖന ക്രമം) സഹായത്തോടെ എഴുതി തീമുകളുമായി ബന്ധപ്പെട്ട സന്ദർഭങ്ങളിലെ വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുന്നു.<br>• അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവസന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നു<br>• പാട്ടുകളുടെയും കവിതകളുടെയും വരികൾ താളം പാലിക്കും വിധം പുതിയ വാക്കുകൾ ചേർത്ത് പൂരിപ്പിക്കുന്നു. |
| **പ്രതീക്ഷിത സമയം** - 35 മിനുട്ട്, |
| **കരുതേണ്ട സാമഗ്രികൾ-** |

ഊന്നൽ നൽകുന്ന അക്ഷരങ്ങൾ: മ്പ, ന്ത, പ്പ, ഞ്ഞ, ഓ

ഊന്നൽ നൽകുന്ന ചിഹ്നങ്ങൾ : ഒ, ഓ എന്നീ സ്വരങ്ങളുടെ ചിഹ്നങ്ങൾ

## പ്രക്രിയാവിശദാംശങ്ങൾ-

കളിപ്പാട്ട നിർമ്മാണശാലയിൽ ഉണ്ടാക്കിയ കളിപ്പാട്ടങ്ങളെക്കുറിച്ച് ചർച്ച

ഏതെല്ലാം മരങ്ങളുടെയും സസ്യങ്ങളുടെയും ഭാഗങ്ങൾ ഉപയോഗിച്ച് കളിപ്പാട്ടങ്ങൾ നിർമ്മിച്ചു? എന്തെല്ലാം കളിപ്പാട്ടങ്ങൾ?

തെങ്ങ് നമ്മൾക്ക് തന്ന കളിപ്പാട്ടങ്ങളെന്തെല്ലാം? തെങ്ങിനോടൊരു പാട്ടിലൂടെ ചോദിച്ചാലോ? ആദ്യത്തെ നാലുവരി ടീച്ചർ പാടി പരിചയപ്പെടുത്തണം. കുട്ടികൾക്ക് കൂടെപ്പാടാം. ചോദ്യോത്തരപ്പാട്ട് രീതിയിലേക്ക് അടുത്ത ഘട്ടം മാറണം. അങ്ങനെ നാലുവരി ചൊല്ലിയ ശേഷം തുടർന്നുള്ള വരികൾ സ്വയം നിർമ്മിച്ച് പൂരിപ്പിച്ച് പാടാൻ ആവശ്യപ്പെടാം.

ചോദ്യം:

മരമേ മരമേ പുന്നാരേ
തരുമോ കൊച്ചുകളിപ്പാട്ടം?

തെങ്ങ്:

പന്ത് വേണോ? പാവ വേണോ
പമ്പരം വേണോ പറഞ്ഞോളൂ.



ചോദ്യം:

മരമേ മരമേ പുന്നാരേ
തരുമോ കൊച്ചുകളിപ്പാട്ടം?

തെങ്ങ്:

........... വേണോ? ............. വേണോ
............ വേണോ പറഞ്ഞോളൂ.

കുട്ടികൾ പൂരിപ്പിച്ച് പറയട്ടെ. ടീച്ചർ അത് താളാത്മകമാക്കണം എന്നു മാത്രം. ടീച്ചറും വരികൾ കൂട്ടിച്ചേർക്കണം. (ന്ത, പ്പ, ഞ്ഞ എന്നിവയ്ക്ക് പരിഗണനലഭിക്കുന്ന വരികളാണ് ടീച്ചർ കൂട്ടിച്ചേർക്കേണ്ടത്.)

തെങ്ങ്

വാച്ച് വേണോ? പന്ത് വേണോ
പീപ്പീ വേണോ പറഞ്ഞോളൂ. (ന്ത, പ്പ, ഞ്ഞ എന്നിവയുടെ ഘടന ശ്രദ്ധിപ്പിച്ച് എഴുതിക്കണം)

പുതിയതായി നിർമ്മിക്കുന്ന വരികൾ പാഠപുസ്തകത്തിൽ എഴുതിച്ചേർക്കാം

അതു പോലെ ഓല കൊണ്ടൊരു പാമ്പ്, ഓലപ്പാമ്പ് എന്ന് പൂരിപ്പിക്കാനുള്ളിടത്തും എഴുതണം. പ്പ, മ്പ എന്നിവ എഴുതുമ്പോൾ ഘടന ശ്രദ്ധിപ്പിക്കണം.

ലേഖനത്തിന്റെ എല്ലാഘട്ടങ്ങളും വേണോ എന്ന് ക്ലാസ് സാഹചര്യം അനുസരിച്ച് തീരുമാനിക്കാം.

- സന്നദ്ധയെഴുത്ത്, സംയുക്തയെഴുത്ത് എന്നിവയുടെ സാധ്യത പ്രയോജനപ്പെടുത്തി ആദ്യം ബോർഡിലെഴുതാൻ കുട്ടികൾക്ക് അവസരം നൽകാം.
- വരികൾ കുട്ടികൾ നിർദേശിക്കുന്നു. സന്നദ്ധതയുള്ളവരെഴുതുന്നു. മറ്റുള്ളവരുടെ നിർദേശങ്ങൾ കണക്കിലെടുത്ത് എഴുതിയത് മെച്ചപ്പെടുത്തുന്നു. ടീച്ചർ ശരിയായ രീതിയിലെഴുതുന്നു. കുട്ടികൾ പുസ്തകത്തിലേക്ക് പകർത്തുന്നു.

**പ്രതീക്ഷിത ഉല്പന്നം**

**വിലയിരുത്തൽ**



- സംയുക്തയെഴുത്തിന്റെ ആവശ്യം വേണ്ടി വന്നുവോ?
- കുട്ടികൾ ബോർഡിൽ വന്ന് സന്നദ്ധയെഴുത്ത് നടത്തിയപ്പോൾ മറ്റുള്ളവർ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയോ?
- എഴുത്തിൽ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾ ഉണ്ടോ?
- പട്ടിയും പട്ടവും എന്ന കഥ കൂട്ടെഴുത്ത് രീതിയിൽ മാറ്റിയെഴുതി ചിത്രകഥയാക്കുന്നതിന് ഗ്രൂപ്പുകൾക്ക് നിർദേശം നൽകിയാൽ എഴുത്തിൽ സഹായം വേണ്ട കുട്ടികൾക്ക് സഹപാഠികളുടെ പിന്തുണ ലഭിക്കുമോ?

| |
|---|
| **പ്രവർത്തനത്തിന്റെ പേര്** - കളിപ്പാട്ടങ്ങൾ വേണോ? വായന |
| **പഠനലക്ഷ്യങ്ങൾ.**<br>• കുട്ടിപ്പാട്ടുകളിലെയും ബാലകവിതകളിലെയും അക്ഷരങ്ങളുടെയും പദങ്ങളുടെയും ആവർത്തനം കണ്ടെത്തുന്നു.<br>• പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുന്നു |
| **പ്രതീക്ഷിത സമയം** - 35 മിനുട്ട് |
| **കരുതേണ്ട സാമഗ്രികൾ-** |

## പ്രക്രിയാവിശദാംശങ്ങൾ-

ചോദ്യോത്തരപ്പാട്ട് രീതിയിൽ പാട്ട് അവതരിപ്പിച്ചതിനു ശേഷമാണ് വായന നടക്കേണ്ടത്.

**കണ്ടെത്തൽ വായന (വാക്യങ്ങൾ)**

- മരത്തിന്റെ മറുപടിയുള്ള വരികൾ ഏതെല്ലാം?
- കളിപ്പാട്ടങ്ങളുടെ പേരുകൾ ഉള്ള വരികൾ ഏതെല്ലാം?

**കണ്ടെത്തൽ വായന (വാക്കുകൾ)**

- എത്ര കളിപ്പാട്ടങ്ങളുടെ പേരുകൾ ഉണ്ട്? ഏതെല്ലാം?
- ഏറ്റവും കൂടുതൽ ആവർത്തിച്ച വാക്കേത്?

**കണ്ടെത്തൽ വായന (ഊന്നൽ നൽകുന്ന അക്ഷരമുള്ള വരികൾ, വാക്കുകൾ, അക്ഷരങ്ങൾ)**

- ഓ എന്ന അക്ഷരമുള്ള വാക്കുകളുടെ അടിയിൽ വരയിടാമോ?

- മ്പ എന്ന അക്ഷരം ഏതു വരിയിലാണ്? ( പൂരിപ്പിച്ചെഴുതിയതടക്കമുള്ള വരികൾ പരിഗണിക്കണം
- ന്ത് എന്ന് എവിടെയൊക്കെ എഴുതിയിട്ടുണ്ട്?
- ഞ്ഞ

**ക്രമത്തിൽ വായിക്കൽ**

- ചങ്ങല വായന

**പറയുന്ന ക്രമത്തിൽ വാക്യങ്ങൾ വായിക്കൽ**

- പമ്പരം എന്ന വാക്കുള്ള വരി
- ഓലപ്പീപ്പി എന്ന വാക്കുള്ള വരി
- കൊച്ചുകളിപ്പാട്ടം എന്നവാക്കുള്ള വരി
- വേണം വേണം വേണം എന്ന വരിയുടെ താഴെയുള്ള വരി

**താളാത്മക വായന**

- കുട്ടികൾ ഈണത്തിൽ താളമിട്ട് ചൂണ്ടി വായന നടത്തുന്നു.
- മുൻദിവസങ്ങളിൽ പഠിച്ച വാക്യങ്ങളെല്ലാം വായിക്കണം.
- വായനയുടെ യൂണിറ്റ് വിലയിരുത്തലായി മാറണം.
- ഗ്രൂപ്പുകൾക്ക് നിർദ്ദേശിക്കാം, ഏതു ഭാഗം വായിക്കണമെന്ന്. വായിക്കേണ്ടവ ചുവടെ.
    - ആർപ്പോ ഇർറോ
    - അപ്പോം ചുട്ട്
    - പട്ടം പട്ടം
    - അറിയാമോ പറയാമോ?
    - കളിപ്പാട്ടങ്ങൾ വേണോ?

**പ്രതിദിനവായനസാമഗ്രി അനുബന്ധം**

**പ്രതീക്ഷിത ഉല്പന്നം**

**വിലയിരുത്തൽ**

- സ്വതന്ത്രവായനസാമഗ്രി എത്രപേർക്ക് വായിക്കാനായി?
- മുൻദിവസങ്ങളിലെ പാഠഭാഗങ്ങൾ എത്രപേർ സഹായമില്ലാതെ വായിച്ചു?
- വായനയിൽ ആർക്കെല്ലാമാണ് സഹായം വേണ്ടത്? സഹവർത്തിത വായന ഒഴിവു സമയം നടത്തുന്നതിനായി ഭിന്നനിലവാര ഗ്രൂപ്പുകൾക്ക് ചുമതല നൽകിയാലോ?

**പ്രവർത്തനത്തിന്റെ പേര്** - വര

**പഠനലക്ഷ്യങ്ങൾ.**

- തീമുമായി ബന്ധപ്പെട്ട് സ്വയം രൂപപ്പെടുത്തിയതോ നിർദേശിക്കുന്നതോ ആയ സന്ദർഭങ്ങൾ എന്നിവ സ്വതന്ത്രമായി ചിത്രീകരിക്കുന്നു.
- സ്വന്തം ചിത്രങ്ങളിലെ ആശയങ്ങൾ കൂട്ടുകാരുമായി പങ്കിടുന്നു
- കൂട്ടുകാർ വരച്ച ചിത്രങ്ങളിലെ സവിശേഷതകൾ കണ്ടെത്തി വിലയിരുത്തലുകൾ പങ്കിടുന്നു.
- സ്വയം വരച്ചതോ ലഭിച്ചതോ ആയ ചിത്രങ്ങൾക്ക് പ്രകൃതിയിൽ നിന്നും ലഭ്യമായതും അല്ലാത്തതുമായ വസ്തുക്കൾ ഉപയോഗിച്ച് നിറം നൽകുന്നു.

**പ്രതീക്ഷിത സമയം** -30മിനുട്ട്

**കരുതേണ്ട സാമഗ്രികൾ**-

## പ്രക്രിയാവിശദാംശങ്ങൾ-

- ഈ പാഠവുമായി ബന്ധപ്പെട്ട് കളിച്ചതോ മറ്റ് ഇഷ്ടപ്പെട്ട കളിയുടെയോ ഏതെങ്കിലും ഒരു രംഗം ചിത്രീകരിക്കണം
- ആദ്യം ഇഷ്ടപ്പെട്ട കളികളോരോരുത്തരും പറയട്ടെ
- കേട്ടവയിൽ നിന്നും ഓരോരുത്തർക്കും ഒരു കളി തെരഞ്ഞെടുത്ത് ചിത്രം വരയ്ക്കാം.
- ചിത്രത്തിന്റെ ഭംഗിയിൽ ടീച്ചർ നിർബന്ധിക്കരുത്.
- വരച്ചത് എന്താണോ ആ കളിയുടെ പേര് അടിയിൽ എഴുതണം ( ആവശ്യക്കാർക്ക് സഹായം നൽകാം)
- ഓരോരുത്തരായി വന്ന ചിത്രം പ്രദർശിപ്പിച്ച് കളിയെക്കുറിച്ച് ഒന്നോ രണ്ടോ കാര്യം പറയണം. ചിത്രത്തിലെ രംഗം വിശദീകരിച്ചാലും മതി.
- ചിത്രങ്ങൾ ശേഖരിച്ച് പ്രദർശിപ്പിക്കാം.



- വിവിധതരം കളികളുടെ ചിത്രങ്ങൾ പത്രമാസികകളിൽ നിന്നും ശേഖരിച്ചതും ഇതിനോടൊപ്പം പ്രദർശിപ്പിക്കാം.

**പ്രതീക്ഷിത ഉല്പന്നം-**

ചിത്രങ്ങൾ

**വിലയിരുത്തൽ**

- കുട്ടികളുടെ പരസ്പര വിലയിരുത്തലാണ് നടക്കേണ്ടത്. ഈ യൂണിറ്റിൽ ഇതുവരെ സചിത്രപുസ്തകത്തിലും പാഠപുസ്തകത്തിലും രേഖപ്പെടുത്തിയവയാണ് വിലയിരുത്തലിന് വിധേയമാക്കേണ്ടത്.
  - കുട്ടികളെ നാലുപേരടങ്ങുന്ന ഭിന്നനിലവാരഗ്രൂപ്പുകളാക്കുന്നു
  - സചിത്രപുസ്തകത്തിലെ ഈ യൂണിറ്റുമായി ബന്ധപ്പെട്ട് ഓരോ പേജിലും എല്ലാ രേഖപ്പെടുത്തലുക ളുമുണ്ടെങ്കിൽ ഓരോ സ്റ്റിക്കർ സ്റ്റാർ നൽകാം. അവരവരല്ല സ്റ്റാർ ഒട്ടിക്കേണ്ടത്. സഹപാഠികളാണ്.
  - എട്ടപേജുകളാണ് വിലയിരുത്താനുള്ളത്. ഒരേസമയം എല്ലാവരും ഒരേ പേജ് നിവർത്തി വെച്ച് പരസ്പരം പരിശോധിക്കണം. ആരെങ്കിലും അപൂർണമമായാണ് രേഖപ്പെടുത്തൽ നടത്തിയിട്ടുള്ളതെങ്കിൽ പൂർണ്ണമാക്കാൻ സഹായിക്കണം.

**അനുബന്ധം -വായനപാഠങ്ങൾ**

| ഒന്നാം ദിവസം | മൂന്നാം ദിവസം | | | |
|---|---|---|---|---|
| "ആർപ്പോ ഇർറോ<br>ആർപ്പോ ഇർറോ<br>ഓടിവരൂ<br>പാടിവരൂ<br>കൂടെ വരൂ<br>കൂട്ടരേ<br>പാടിയോടി ആടി<br>കളിയാടി വരൂ<br>കൂട്ടരേ<br>ആർപ്പോ ഇർറോ<br>ആർപ്പോ ഇർറോ<br>( പാഠപുസ്തക<br>ത്തിലില്ലാത്ത വരി<br>കളേത്? കണ്ടെ<br>ത്തൂ)" | "അപ്പം ചുട്ടത് ആരാ?<br>അപ്പം ചുട്ടത് ഞാൻ<br>അപ്പം തിന്നത്<br>ആരാ?<br>ഇപ്പം പറയാം<br>ഇപ്പം പറയാം.<br>അപ്പം തിന്നു തീരട്ടെ.<br>അട ചുട്ടത് ആരാ?<br>അട ചുട്ടത് ഞാൻ<br>..........................<br>..........................................<br>..................................<br>................................." | "പട്ടം കണ്ടോ കാട്?<br>പട്ടം കണ്ടു കാട്<br>പട്ടം കണ്ടോ കൂട്?<br>പട്ടം കണ്ടു കൂട്<br>................................<br>................................<br>(പൂരിപ്പിച്ചെഴുതൂ)<br>ഒരേ അക്ഷരത്തോ<br>ട് ചേർന്ന് വ്യത്യസ്ത<br>ചിഹ്നങ്ങൾ വരുമ്പോ<br>ഴുള്ള ഉച്ചാരണവ്യത്യാ<br>സം ചിഹ്നാവബോധ<br>ത്തിനു സഹായകം. ട്ട,<br>ണ്ട എന്നീ അക്ഷരങ്ങ<br>ൾ പുതിയ സന്ദർഭ<br>ത്തിൽ)" | "പട്ടം പാറി<br>മാനത്ത്,<br>പറവ പാറി<br>മാനത്ത്<br>..........................<br>താഴത്ത്<br>..........................<br>താഴത്ത്<br>(ത്ത എന്ന<br>കൂട്ടക്ഷരത്തി<br>നു വായനാ<br>നുഭവം )" | "പട്ടം പട്ടം പട്ടം പട്ടം<br>തിത്തെയ് തക<br>തെയ്തെയ് തോം<br>പട്ടം പട്ടം പട്ടം പട്ടം<br>തിത്തിത്താര തിത്തി<br>ത്തെയ്<br>പട്ടം പട്ടം പട്ടം പട്ടം<br>പട്ടം പട്ടം പട്ടം പട്ടം<br>പട്ടം പട്ടം പട്ടം പട്ടം<br>മാനത്തു പട്ടം...<br>ഓ തിത്തിത്താര തി<br>ത്തിത്താര<br>തിത്തെയ് തക തെയ്<br>തെയ്തോം..<br>(ത്ത, യ എന്നിവയ്ക്ക്<br>പുരനനുഭവം )" |
| | | | | |
| "വായിച്ച് ചിത്രം<br>വരയ്ക്കാമോ?<br>വീട് കൊച്ചുവീട്<br>ഓടിട്ട കൊച്ചു<br>വീട്<br>പുഴ കൊച്ചുപുഴ<br>ഒഴുകുന്ന കൊച്ചു<br>പുഴ<br>(ഓ, ഒ, ച്ച എന്നി<br>വയുടെ പുനരനു<br>ഭവം)" | "1<br>പുഴയിലുണ്ടോ മീൻ?<br>പുഴയിലുണ്ടേ മീൻ,<br>പൂവിലുണ്ടോ തേൻ?<br>പൂവിലുണ്ടേ തേൻ?<br>2<br>പൂവിലുണ്ടോ വണ്ട്?<br>പുഴയിലുണ്ടോ<br>ഞണ്ട്?<br>പൂവിലുണ്ടേ വണ്ട്.<br>പുഴയിലുണ്ടേ<br>ഞണ്ട്." | "പട്ടി കുരച്ചു പട്ടം<br>ഞെട്ടി<br>വാലുള്ള പട്ടം വിറവി<br>റച്ചേ<br>പട്ടം ഞെട്ടി നൂല്<br>പൊട്ടി<br>നൂലുള്ള പട്ടം താഴെ<br>വീണേ<br>തലകുത്തി വീണേ<br>താഴെവീണേ<br>ചേലുള്ള പട്ടം<br>താഴെവീണേ<br>നൂലുള്ള വാലുള്ള<br>ചേലുള്ള പട്ടം<br>താഴെവീണേ<br>താഴെവീണേ<br>പട്ടം വീണേ പട്ടം<br>വീണേ<br>ഓടിവായോ പട്ടം<br>വീണേ." | "കാലുകുരു<br>ങ്ങി വാലുകു<br>രുങ്ങി<br>അനങ്ങാനൊ<br>ട്ടും കഴിയില്ല.<br>നൂലേ നൂലേ<br>പുന്നാരേ<br>അഴിഞ്ഞു<br>പോകൂ<br>പുന്നാരേ." | "പന്ത് കെട്ടി<br>പന്തുതട്ടി<br>കുഞ്ഞുപന്ത് പാഞ്ഞു<br>പോയി<br>പാഞ്ഞുചെന്ന<br>പന്ത് തട്ടി<br>ഓലപ്പാമ്പ് ചതഞ്ഞു<br>പോയി.<br>ചന്തമുള്ള<br>കുഞ്ഞുപന്ത്<br>പാഞ്ഞുപാഞ്ഞ് പാ<br>ഞ്ഞുപോയ്<br>(വായിച്ച് രംഗത്തി<br>ന്റെ ചിത്രം വരച്ച്<br>അടിയിൽ അനുയോ<br>ജ്യമായ വരികൾ<br>എഴുതണം.)" |

ഈ യൂണിറ്റുമായി ബന്ധപ്പെട്ട് നൽകാവുന്ന ചെറുവായനപാഠങ്ങളുടെ മാതൃകകളാണ് . ഓരോ ദിവസവും അനുയോജ്യമായത് ഉപയോഗിക്കാം.

വായനസാമഗ്രികളുടെ അനുയോജ്യത പ്രധാനമാണ്.  വായനസാമഗ്രികൾ തയ്യാറാക്കുമ്പോൾ പരിചയിച്ച അക്ഷരങ്ങളാകണം അതിൽ ഉണ്ടാകേണ്ടത്. അപരിചിത അക്ഷരങ്ങൾ ഉപയോഗിക്കുന്നത് ലക്ഷ്യം നേടാൻ സഹായകമല്ല. തീമുമായുള്ള ബന്ധവും പ്രധാനമാണ്. തീമിലെ ഉള്ളടക്കവും കഥാപാത്രങ്ങളും വായനസാമഗ്രിയിലേക്ക് പരിഗണിക്കണം. ചെറിയ വാക്യങ്ങൾ നല്ലത്. പദങ്ങളുടെ അവർത്തനം, താളാത്മക ഭാഷ എന്നിവ കുട്ടികളുടെ വായനപോഷിപ്പിക്കാൻ സഹായകമാണ്. ഒരു ദിവസം ഒന്നിൽക്കൂടുതൽ വായനപാഠങ്ങൾ നൽകരുത്. ഏതെങ്കിലും അക്ഷരത്തിന് കൂടുതൽ പുനരനുഭവം വേണമെങ്കിൽ വായനസാമഗ്രി അതുകൂടി പരിഗണിച്ച് തയ്യാറാക്കണം. സ്വതന്ത്രവായനസാമഗ്രി വാട്സാപ്പ് മുഖാന്തിരം പങ്കിടുമ്പോൾ അത്തരം സൗകര്യങ്ങൾ ലഭ്യമല്ലാത്ത കുട്ടികൾക്ക് എഴുതി നൽകുകയോ പ്രിന്റ് നൽകുകയോ വേണം. സഹായം ആവശ്യമുള്ള കുട്ടികൾക്ക് അടുത്ത ദിവസം സഹായം നൽകി വായിപ്പിക്കണം. എല്ലാ കുട്ടികളും സഹവർത്തിത ഗ്രൂപ്പിൽ വായിക്കുന്നതിനെയും പ്രോത്സാഹിപ്പിക്കാം. സ്വതന്ത്രവായനാനുഭവത്തിനു ശേഷം അടുത്ത ദിവസം ചാർട്ടിൽ പ്രദർശിപ്പിച്ചാൽ കുട്ടികൾ സന്നദ്ധവായന നടത്തും.

കരട്

| | |
|---|---|
| ജൂൺ | പറവകൾ പാറി |
| ജൂലൈ | പൂവ് ചിരിച്ചു, ആർപ്പോ ഇർറോ |
| ആഗസ്റ്റ് | ആർപ്പോ ഇർറോ , പിറന്നാൾ സമ്മാനം,മണ്ണിലും മരത്തിലും |
| സെപ്റ്റംബർ | മണ്ണിലും മരത്തിലും |
| ഒക്ടോബർ | പിന്നേം പിന്നേം ചെറുതായി പാലപ്പം, തിളങ്ങുന്ന കൂട്ടുകാർ |
| നവംബർ | പെയ്യട്ടങ്ങനെ പെയ്യട്ടെ, ആഹാ എന്ത് സ്വാദ് |
| ഡിസംബർ | വീട് കെട്ടണം ടിയാ ടിയാ, പച്ചക്കറി തോണി |
| ജനവരി | പോം പോം വണ്ടി, തുമ്പി വിമാനം, ആരുടെ കുപ്പായം |
| ഫിബ്രവരി | ഒത്തുപിടിച്ചാൽ, അദ്ഭുത പൂത്തിരി |
| മാർച്ച് | ബലൂണുകളുടെ ഉത്സവം |